
മേയ് 2017

Price ₹ 25

# ജീവനും വെളിച്ചവും




സ്നേഹം, സേവനം, സഹനം, പങ്കുവയ്പ്
എന്നിവയിലൂടെ സമത്വസുന്ദരമായ ഒരു വചനാധിഷ്ഠിത
ജീവിതത്തിനുള്ള ആഹ്വാനമാണ് ബിസിസികൾ


കിഴക്കിന്റെ പാദുവ
സെന്റ് ആന്റണീസ് ഷ്റൈൻ, ചെട്ടിക്കാട്
ഊട്ടുതിരുനാൾ-2017
മെയ് 9 ചൊവ്വ
കൊടികയറ്റം : മെയ് 2 ചൊവ്വ
എട്ടാമിടം : മെയ് 16 ചൊവ്വ
ജൂൺ 20 ചൊവ്വ : വിശുദ്ധന്റെ മരണതിരുനാൾ
ആഗസ്റ്റ് 15 ചൊവ്വ : ജന്മദിന തിരുനാൾ
തിരുക്കർമ്മ സമയം
ചൊവ്വ
രാവിലെ 6.15, 8, 10.30 നും
വൈകീട്ട് 3, 5, 6.30 നും
ദിവ്യബലി, നൊവേന, ആരാധന
മാസാദ്യ ചൊവ്വാഴ്ച്ചകളിൽ
രാവിലെ 10.30 ന് രോഗശാന്തി ശുശ്രൂഷ
നാലാമത്തെ ചൊവ്വാഴ്ച്ചകളിൽ
കുട്ടികൾക്കായുള്ള പ്രത്യേക പ്രാർത്ഥനാശുശ്രൂഷ
വെള്ളി : രാവിലെ 10 ന് ദിവ്യബലി, ആരാധന
ഞായർ : രാവിലെ 6.45, 9 നും വൈകീട്ട് 5 നും ദിവ്യബലി
വിശുദ്ധ അന്തോണീസിന്റെ
അഴുകാത്ത നാവിന്റെ തിരുശേഷിപ്പ്
സൂക്ഷിച്ചിട്ടുള്ള ഏഷ്യയിലെ ഏകദൈവാലയം
തിരുനാൾ ദിനങ്ങളിലേയ്ക്ക് ഏവർക്കും സ്വാഗതം...
Rector: Rev. Fr. Joy Kallarakal, St Antony's Shrine, Chettikkad
Kunjithai P.O - 683 522, N. Paravur, Ernakulam Dt, Kerala
www.stantonyschettikkad.org, E-mail: stantonyschettikkad@gmail.com
പ്രാർത്ഥനാസഹായത്തിനും, അന്വേഷണങ്ങൾക്കും : Ph: 0484 - 2482039, 2483512

**ജീവനും വെളിച്ചവും**

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2017 മെയ്
പുസ്തകം - 41 ലക്കം - 5
വില 25 രൂപ (വാർഷിക വരിസംഖ്യ 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com

**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
**ഉപദേശക സമിതി**
മോൺ. വിൽഫ്രഡ് ഇ.
മോൺ. നിക്കോളാസ് റ്റി.
ഫാ. ഇഗ്നാസി രാജശേഖർ
ഫാ. ലോറൻസ് കുലാസ്
ഫാ. ശാന്തപ്പൻ എം.
ഫാ. ലെനിൻ രാജ്
ഫാ. മൈക്കിൾ തോമസ്
ഫാ. ലെനിൻ ഫെർണാണ്ടസ്
ഫാ. ജോൺ എ.ആർ.
എം. ആർക്കാഞ്ചലോ
പി. ശശിധരൻ
**എഡിറ്റർ ഇൻ-ചാർജ്**
മോൺ. തോമസ് ജെ. നെറ്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ്
അഗസ്റ്റിൻ കണിപ്പിള്ളി
ഫാ. ദീപക് ആന്റോ
**പത്രാധിപ സമിതി**
ഡോ. ഐറിസ്
ലോറൻസ് ഫെർണാണ്ടസ്
സി. ലിസ്യൂ വർഗ്ഗീസ് എസ്.വി.സി.
അഡ്വ. എം.എ.ഫ്രാൻസിസ്
ബർണാഡ് മൊറായിസ് ജെ.
ലിസ്ബ യേശുദാസ്
**ഓഫീസ് നിർവ്വഹണം**
സി. ലീല മൂഴയിൽ ഡി.എസ്.പി
**രൂപകല്പന**
സുനിൽകുമാർ

# ബന്ധങ്ങളുടെ ഒരു നവ സാമൂഹ്യക്രമത്തിനായി

"ഞാൻ മാത്രമാണ് മറ്റുള്ളവർ വായിക്കുന്ന ഏക ബൈബിൾ." ക്യൂബയിലെ ഒരു കൂട്ടായ്മയിലെ ബൈബിൾ വ്യാഖ്യാതാവായ സ്ത്രീയുടേതാണ് ഈ പ്രസ്താവന. ഇതിലൂടെ ആ സ്ത്രീ നമ്മെ ഓർമ്മിപ്പിക്കുന്നത് എന്റെ ജീവിതം മറ്റുള്ളവർക്ക് വചനത്തിന്റെ വാതിലാകണം. വചന കൈമാറ്റത്തിനുള്ള ഏറ്റവും മനോഹരമായ ഇടമാണ് അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളും, കുടുംബ യോഗങ്ങളും. ഈ ഉദാത്തമായ ലക്ഷ്യത്തോടെയാണ് വചനകേന്ദ്രീകൃതവും, അതിലധിഷ്ഠിതമായ കർമ്മപരിപാടികളിലും ഊന്നൽ നൽകിക്കൊണ്ട് അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളെ തിരുവനന്തപുരം അതിരൂപത ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത്.

പരസ്പരം അറിയാനും, അയൽപക്ക ബന്ധങ്ങൾ മെച്ചപ്പെടുത്തി ആധുനിക ലോകത്തെ ഒറ്റപ്പെടലിന്റെയും അനാഥത്വത്തിന്റെയും കെണികളെ അതിജീവിക്കാൻ ഇത് സഹായിക്കുന്നു. രോഗികളായവരെ സന്ദർശിക്കുക, ചികിത്സാ സഹായം വേണ്ടവരെ സഹായിക്കുക, ഭക്ഷണമില്ലാത്തവർക്ക് അപ്പമാവുക, ഭവന രഹിതർക്ക് കൈത്താങ്ങാകുക, അവിവാഹിതരായ പെൺകുട്ടികളെ പിൻതുണയ്ക്കുക തുടങ്ങി അനേകം സത്പ്രവർത്തികളിലൂടെ അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾ സ്നേഹ കൂട്ടായ്മകളായി പരുവപ്പെടുന്നു.

യേശു സ്വർഗരാജ്യത്തെ പുളിമാവിനോടാണ് ഉപമിക്കുന്നത് (മത്താ. 13:33). മൂന്നിടങ്ങഴി മാവ് മുഴുവൻ പുളിച്ച് പൊങ്ങാൻ സഹായിക്കുന്ന പുളിമാവുപോലെ, ജീവിതത്തെയും, അയൽക്കാരെയും, കുടുംബങ്ങളെയും, സമൂഹത്തെയും നവീകരിക്കാൻ സഭയുടെ ഏറ്റവും ചെറിയ പതിപ്പുകളായ അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾക്കു കഴിയണം. ആധുനിക ലോകം നേരിടുന്ന അന്യതയും, അനന്യതയും ഒക്കെ പരിഹരിക്കുന്നതിനും, ഞാനും നമ്മളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നുവെന്നും നാം ഓരോരുത്തർക്കും പരസഹായവും, പരസാന്നിധ്യവും, പരസ്നേഹവും ഒഴിച്ചുകൂട്ടാൻ പറ്റാത്തതാണെന്ന് ബോധ്യപ്പെടുത്തേണ്ട മനോഹരമായ ഇടമാണ് അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾ.

കുറവുകളുണ്ട് എന്നുപറഞ്ഞ് ഇരുളിനെ പഴിക്കാതെ ഒരു കൈത്തിരി തെളിക്കാൻ നമുക്കോരോരുത്തർക്കും കഴിയണം. എന്റെ അശ്രദ്ധകൊണ്ടോ, വീഴ്ചകൊണ്ടോ മങ്ങിപ്പോയ കൂട്ടായ്മാനുഭവങ്ങളെ ഊട്ടി ഉറപ്പിക്കാൻ, അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾക്കായി സമർപ്പിക്കപ്പെട്ടിരിക്കുന്ന ഈ മാസത്തെ പ്രവർത്തനങ്ങൾക്ക് കഴിയട്ടെ.

ബന്ധങ്ങൾ ബന്ധനങ്ങളാകാതെ യേശു ഉയർത്തുന്ന ആത്മീയതയുടെ സ്നേഹ കൂട്ടായ്മകൾ സൃഷ്ടിച്ചുകൊണ്ട് ബന്ധങ്ങളുടെ ഒരു നവ സാമൂഹ്യക്രമം പടുത്തുയർത്താൻ ഉത്ഥിതനായ ക്രിസ്തു പ്രഭാപൂരം ചൊരിയട്ടെ!

- പത്രാധിപർ

# പ്രതികരണങ്ങൾ




## പിതാവിന്റെ ലേഖനം ഈടുറ്റതായി

ക്രിസ്തുദാസ് പിതാവിന്റെ ഈസ്റ്റർ ലേഖനം നന്നായിരുന്നു. ദുഃഖവെള്ളിയോ ദുഃഖശനിയോ അല്ല കർത്താവിന്റെ ഉയിർപ്പാണ് ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനം. സ്വർഗ്ഗ പ്രാപ്തിക്കു യോജിച്ച വിധത്തിൽ ഭൂമിയിൽ മനുഷ്യജീവിതം ക്രമീകരിക്കേണ്ടതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തിയ ലേഖനത്തിനു നന്ദി.

– റീനാ ലൂഷ്യസ്

## പി. ശശിധരൻ ഒരു മാതൃക

'കരുണയുടെ കയ്യൊപ്പ്' വായിച്ചു, ആശ്വാസ് ഭവന്റെ അമരക്കാരൻ പി. ശശിധരന്റെ മാതൃക മഹോന്നതമാണ്. ഹൈന്ദവ സമുദായത്തിൽ ജനിച്ചുവളർന്ന അദ്ദേഹം സത്യമായും യേശുവിന്റെ മാർഗത്തിലൂടെ ചരിക്കുന്ന ഉന്നത ശ്രേഷ്ഠ വ്യക്തിത്വത്തിനുടമയാണ്. തെരുവിലേക്ക് വലിച്ചെറിയപ്പെട്ട അനാഥ ജീവിതങ്ങൾക്കും ആശയും പ്രത്യാശയും നഷ്ടപ്പെട്ട് മാനസികനില തകരാറിലയവർക്കും തണലേകുന്ന ഈ ശുശ്രൂഷയെ സഹായിക്കാൻ സുമനസ്സുകൾ മുന്നോട്ടുവരണം.

– കാതറിൻ

## പ്രൗഢലേഖനങ്ങളാൽ സമ്പന്നം

അല്മായ പ്രേഷിതത്വത്തിന്റെ വ്യത്യസ്ത തലങ്ങൾ സമഗ്രമായും ആധികാരികമായും സഭാ പഠനത്തിന്റെ വെളിച്ചത്തിലും പരിചിന്തനം ചെയ്ത പ്രൗഢലേഖനങ്ങളാൽ പരിലസിച്ച ഏപ്രിൽ ലക്കം ജീവനും വെളിച്ചവും മാസിക വായിച്ചു. കത്തോലിക്കാ തിരുസഭയിലെ ഐതിഹാസിക സംഭവമായിരുന്നു അരനൂറ്റാണ്ടു മുൻപു നടന്ന രണ്ടാം വത്തിക്കാൻ കൗൺസിൽ. പൗരോഹിത്യ ചട്ടക്കൂടിന്റെ ഇരുമ്പുമറയിൽ അമർന്ന തിരുസഭയിൽ അല്മായ പ്രേഷിതത്വത്തിന്റെ ശുദ്ധവായു പ്രവേശിച്ച് സഭയിലാകമാനം വിപ്ലവാത്മകമായ കൊടുങ്കാറ്റ് സഭാപിതാക്കന്മാർ സ്വപ്നം കണ്ടു. എന്നാൽ നീണ്ട 52 വർഷം കഴിഞ്ഞിട്ടും അല്മായ ശുശ്രൂഷയ്ക്ക് സഭയിൽ വേണ്ടത്ര പരിഗണനയോ പ്രോത്സാഹനമോ അംഗീകാരമോ ആദരവോ കിട്ടിയിട്ടില്ല എന്ന് ചരിത്രം തെളിയിക്കുന്നു. "പുട്ടിൽ തേങ്ങയിടുന്ന'തുപോലെയാണ് ഇപ്പോഴത്തെ പരിഗണന!

മാനവരാശിയുടെ ശുശ്രൂഷകനും ദാസനുമായി ദൈവപുത്രൻ ഭൂമിയിൽ അവതരിച്ചെങ്കിലും പൗരോഹിത്യം ഒരു അധികാരകേന്ദ്രമായി മാറുകയും ജനങ്ങളിൽ നിന്നകലുകയും ചെയ്യുന്ന വേദനാപൂർണമായ സാഹചര്യം ഇന്ന് നിലനിൽക്കുന്നുവെന്നതാണ് യാഥാർത്ഥ്യം. ക്രിസ്തു സ്നേഹത്തിൽ ജ്വലിച്ച കുറേ അല്മായർ സഭയുടെ വിവിധ മേഖലകളിൽ നിസ്വാർത്ഥമായി സേവനം ചെയ്യുന്നത് ശ്ലാഘനീയമാണ്. സാധാരണ വിശ്വാസിയെ സംബന്ധിച്ചിടത്തോളം അല്മായ പ്രേഷിതത്വം വെറും 'മായ'യാണ്.

മുമ്പേ നടന്നു പ്രവർത്തിക്കുന്നവനാണ് പുരോഹിതനെങ്കിൽ അവർക്കു പിറകേ നടക്കുവാൻ വിധിക്കപ്പെട്ടവനാണ് അല്മായർ. രൂപതാ തലവന്മാർക്ക് താല്പര്യവും ഇഷ്ടവുമുണ്ടെങ്കിൽ മാത്രമേ അമായരുടെ വളർച്ച സാധ്യമാകൂ.

– ജെറാൾഡ് ബി. മിരാൻഡ

## 'വർത്തമാനം കാലികപ്രസക്തം'

'മലയാളിക്ക് മദപ്പാടോ' ആഗസ്റ്റിൻ കണിപ്പിള്ളി എഴുതിയ വർത്തമാനം കാലിക പ്രസക്തമായിരുന്നു. ആര് ആരെ പീഡിപ്പിക്കുമെന്ന് പറയാൻ കഴിയാത്ത കാമാസക്തരുടെ നാടായി കേരളം തരംതാണിരിക്കുന്നു. അച്ഛനും മുത്തച്ഛനും സഹോദരനും ഗുരുവും എന്തിനേറെ വൈദികൻ പോലും സ്ത്രീ പീഡകരായി മാറുമ്പോൾ അയ്യയ്യേ എന്തൊരു നാണക്കേട്. കൊച്ചി മെട്രോ നഗരത്തിൽ സിനിമാ നടിയെ തട്ടിക്കൊണ്ടു പോകാമെങ്കിൽ ഗുണ്ടകളുടെ വാളിൻമുനയിൽ എന്തുകൊടും ക്രൂരതയും കേരളത്തിൽ നടമാടും. നിയമവും നിയമസംവിധാനവും വെറും നോക്കുകുത്തികളായി മാറുന്നത് ധരാമൻമാർക്ക് ശക്തിപകരുമെന്നോർക്കണം.

നമ്മയ്ക്കുപയോഗിക്കേണ്ട ഇന്റർനെറ്റും മൊബൈൽ ഫോണും അത്യാധുനിക സമ്പർക്ക മാധ്യമങ്ങളും അഴിച്ചുവിട്ട അതിരുകളില്ലാത്ത അശ്ലീലകൊടുങ്കാറ്റിൽ അടങ്ങാത്ത ആസക്തികളുടെ അണയാത്ത അഗ്നിപർവതങ്ങളായി മനുഷ്യമനസ്സുകൾ മാറിയിരിക്കുന്നു. നിയമങ്ങൾ കർക്കശമാക്കിയില്ലെങ്കിൽ അമ്മ പെങ്ങന്മാരെ തിരിച്ചറിയാത്ത കാമവെറിയന്മാരുടെ നാടാകും ഇവിടെ. സ്നേഹവും കാരുണ്യവും സത്യവും നീതിയും സനാതന ധാർമ്മിക മൂല്യങ്ങളും വിലമതിക്കപ്പെടുന്ന തരത്തിൽ വേണം മക്കളെ വളർത്താൻ.

കേരളത്തിലെ ജാതി ഭ്രാന്ത് കണ്ട് ഭ്രാന്താലയമെന്ന് വിളിച്ചെങ്കിൽ ഇന്നത് 'കാമഭ്രാന്തായി' മാറിയെന്നുമാത്രം!

– വിയാനാ, അഞ്ചൽപുരം

# താളുകളിൽ

## ലേഖനം

6 അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളുടെ ദൈവശാസ്ത്ര ദർശനം
മോൺ. റൂഫസ് പയസ് ലീൻ

9 ബിസിസികൾ കൂട്ടായ്മാനുഭവത്തിന്റെ നേർസാക്ഷ്യങ്ങൾ
മോൺ. തോമസ് ജെ.നെറ്റോ

12 ബിസിസികളിലൂടെ ശക്തിപ്പെടുന്ന സഭാശുശ്രൂഷകൾ
ഫാ. തോമസ് തറയിൽ

16 കുടുംബ കേന്ദ്രീകൃത അജപാലനമാണ് ബിസിസികളിലൂടെ നടക്കേണ്ടത്
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്.ആർ

18 ബിസിസി ആരംഭകാല ഉദ്ദേശലക്ഷ്യങ്ങളിലേക്ക് മടങ്ങിപ്പോകണം

21 മേയ്ദിന ചിന്തകൾ
എം.ആർക്കാഞ്ചലോ

## സ്ഥിരം പംക്തികൾ

22 വർത്തമാനം
അഗസ്റ്റിൻ കണിപ്പിള്ളി

25 വാർത്തകൾ

32 നീർച്ചാലുകൾ

38 വചനജ്വാല

40 ഇളംതൂവൽ

42 നേർക്കാഴ്ച
ജെ.സി.



# അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളുടെ ദൈവശാസ്ത്ര ദർശനം

● മോൺ. റൂഫസ് പയസ് ലീൻ
എപ്പിസ്കോപ്പൽ വികാരി, നെയ്യാറ്റിൻകര രൂപത

**ആദിമക്രൈസ്തവർ ഒരു ഹൃദയവും ഒരു ആത്മാവും ഉള്ളവരായിരുന്നുവെന്ന് അപ്പസ്തോല നടപടി സാക്ഷ്യപ്പെടുത്തുമ്പോൾ ദൈവവചനാധിഷ്ഠിത ജീവിതത്തിന്റെ ദൈവശാസ്ത്ര ദർശനം അന്വേഷിക്കുകയാണ് ലേഖകൻ**

## ഏകദൈവ വിശ്വാസം

ഏകദൈവത്തിൽ വിശ്വസിക്കുന്നു എന്നതാണ് നമ്മുടെ വിശ്വാസപ്രമാണത്തിന്റെ ആദ്യ പ്രഖ്യാപനം. ഈ വിശ്വാസം ഭൗതികതലത്തിൽ നിൽക്കേണ്ട ഒന്നല്ല എന്ന് നമുക്കറിയാം. വിശ്വസിക്കുന്ന സത്യങ്ങൾ ജീവിതമാക്കി പകർത്തുമ്പോഴാണ് അത് എന്റെ/നമ്മുടെ വിശ്വാസമായി മാറുന്നത്. ഏകദൈവ വിശ്വാസം ഒരു വ്യക്തിയുടെ സമഗ്രതയ്ക്ക് ആധാരമാണ്. അതുപോലെ നമ്മുടെ വിശ്വാസത്തിന്റെ സാമൂഹ്യമാനത്തിനും ആധാരമാണ്. ഏകദൈവവിശ്വാസം

നാം പ്രകടമാക്കുന്നത് വ്യക്തിപരമായ സമഗ്രതയിലും സമൂഹത്തിന്റെ കൂട്ടായ്മയിലുമാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിത്വൈക ദൈവത്തിന്റെ കൂട്ടായ്മ തന്നെയാണ് പ്രസ്തുത നാമത്തിൽ സ്നാനമേറ്റവർ പ്രകടിപ്പിക്കേണ്ടത് (മത്താ. 28:20).

## കൂട്ടായ്മകൾ : സഭാമാതൃകകൾ

അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളുടെ കൂട്ടായ്മ അനുഭവം വേരൂന്നി നിൽക്കുന്നത് സഭാ മാതൃകയിലാണ്. വിശുദ്ധ ഗ്രന്ഥത്തിലും പാരമ്പര്യത്തിലും നാം കാണുന്ന സഭാ മാതൃകകൾ:

1. രഹസ്യം (കൂദാശ), 2. ദൈവജനം (1 പത്രോ. 2:4-10), 3. ക്രിസ്തുവിന്റെ ശരീരം (1 കൊറി. 12:12-26), 4. കൂട്ടായ്മ (യോഹ. 15: 1-11), 5. സേവക (യോഹ. 13:4-16), 6. പ്രഘോഷക (മാർക്കോ. 16:15-20).

മേൽപ്പറഞ്ഞ എല്ലാ സഭാ മാതൃകകളും സഭ കൂട്ടായ്മയാണ് എന്ന സത്യം വെളിപ്പെടുത്തുന്നു. യോഹന്നാൻ 15:1-11 വരെയുള്ള വാക്യങ്ങളെക്കുറിച്ച് ഈശോ സഭാ വൈദികനായ പൈനാടത്ത് അച്ചൻ നൽകുന്ന ഭാരതീയ ഭാഷ്യം സഭാ കൂട്ടായ്മ പരിശുദ്ധ ത്രിത്വത്തിന്റെ ജീവിതവുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നുവെന്ന് വ്യക്തമാക്കുന്നു. അദ്ദേഹത്തിന്റെ വ്യാഖ്യാനപ്രകാരം മുന്തിരിച്ചെടിയുടെ വേര് പിതാവായ ദൈവം, തായ്ത്തണ്ട് പുത്രനായ ദൈവം, വേരിലൂടെ പ്രവേശിച്ച് തായ്ത്തണ്ടിലൂടെ പ്രവഹിച്ച് ശിഖരങ്ങളിലേക്ക് ഒഴുകുന്ന ജീവജലം പരിശുദ്ധാത്മാവ്, ശിഖരങ്ങൾ ത്രീത്വൈക ദൈവത്തിൽ ജ്ഞാനസ്നാനം ഏറ്റവർ. ത്രിത്വൈക ദൈവത്തിലെ മൂവരുടെയും വേർതിരിക്കപ്പെടാനാവാത്ത ബന്ധം ഈ ഉപമയിൽ വ്യക്തമാണ്. വേരിൽ നിന്ന് തായ്ത്തണ്ടോ തായ്ത്തണ്ടിൽ നിന്നും വേരിൽ നിന്നും ജീവജലത്തെയോ വേർപെടുത്തിയാൽ മുന്തിരിച്ചെടിക്ക് അസ്തിത്വം ഇല്ലാതാക്കുന്നതുപോലെ ഈ മൂന്നു യാഥാർത്ഥ്യവുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്ന ശിഖരങ്ങളുടെ സ്ഥിതിയും ഇതുതന്നെയാണ്. 'വസിക്കുവിൻ' എന്ന പദം ഈ ഉപമയിൽ ആറു പ്രാവശ്യം (V.4 (3), V.5 (1), V.6 (1), V.7 (1) ഉപയോഗിച്ചിട്ടുണ്ട്. യേശുവിൽ വസിക്കുന്നവൻ പിതാവിലും പരിശുദ്ധാത്മാവിലും മാത്രമല്ല യേശുവുമായി ബന്ധപ്പെട്ട എല്ലാവരിലും വസിക്കുന്നു. സഭയുടെ മറ്റ് അഞ്ചു മാതൃകകളിലും ഈ ബന്ധങ്ങളുടെ സമുച്ചയം ദർശിക്കുവാനാവും.

അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾ സഭയുടെ ചെറുപതിപ്പുകളാണ്. സഭയുടെ മാതൃകകൾ അതിനാൽ തന്നെ അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളുടെയും മാതൃകകളാണ്.

സഭയുടെ നാല് ലക്ഷണങ്ങളായ ഏകം, വിശുദ്ധം, അപ്പസ്തോലികം, സാർവത്രികം എന്നിവ സഭാ മാതൃകകളിൽ നിന്നാണ് ഉരുത്തിരിയുന്നത്. സഭയുടെ ഏകത്വം അനുഭവവേദ്യമാകുന്നത് മറ്റു മൂന്നു ലക്ഷണങ്ങളിലൂടെയാണ്.

ആദിമക്രൈസ്തവർ ഒരു ഹൃദയവും ഒരു ആത്മാവും ഉള്ളവരായിരുന്നുവെന്ന് അപ്പസ്തോല നടപടി സാക്ഷ്യപ്പെടുത്തുമ്പോൾ (അപ്പ. 2:42-47, 4:32) അവരെ അതിന് പ്രാപ്തരാക്കിയത് വചനമായ യേശു തന്നെയാണ്. യേശു ഇന്ന് നമ്മുടെ ഇടയിൽ ജീവിക്കുന്നത് തന്റെ വചനത്തിലൂടെയാണ്. മത്തായിയുടെ സുവിശേഷത്തിൽ (7:24-27) പാറമേൽ പണിത ഭവനത്തിന്റെയും മണലിൽ പണിത ഭവനത്തിന്റെയും ഉപമയിലൂടെ സഭയുടെ കെട്ടുറപ്പ് അഥവാ കൂട്ടായ്മ വചനം അനുസരിക്കുന്നതിലാണ് എന്ന് വ്യക്തമാണ്. അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളിൽ വചനം പങ്കുവയ്ക്കുന്നതിലൂടെ യേശുവിന്റെ ചിന്തകളും വികാരങ്ങളും സമൂഹത്തിലെ ഏവരുടെയും ചിന്തകളും വികാരങ്ങളുമായി മാറുമ്പോൾ അവർ യേശുവിൽ ഒന്നാകുന്നു.



അവരുടെ പ്രവർത്തനങ്ങൾക്കും ബന്ധങ്ങൾക്കും വചനം വഴികാട്ടിയാകുന്നു (സങ്കീ. 119:105).

## മനുഷ്യാവതാര രഹസ്യം

ഏകദൈവ വിശ്വാസം പോലെ തന്നെ ക്രൈസ്തവ വിശ്വാസത്തിന്റെ കേന്ദ്രമാണല്ലോ മനുഷ്യാവതാര രഹസ്യം (യോഹ. 1:14). സഭ 'രഹസ്യമാണ്' അഥവാ കൂദാശയാണ് എന്ന് പ്രഖ്യാപിക്കുമ്പോൾ കൂട്ടായ്മയുടെ രണ്ട് മാനങ്ങൾ അവിടെ ദൃശ്യമാണ്. 'മിസ്തേരിയം ലൂനെ' അഥവാ ചന്ദ്രന്റെ രഹസ്യം എന്ന യാഥാർത്ഥ്യത്തിന് പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ അധികം ഊന്നൽ നൽകുന്നു. പുതിയ പാപ്പയെ തെരഞ്ഞെടുക്കാൻ സമ്മേളിച്ച കോൺക്ലേവിൽ ഇതിനെ ആസ്പദമാക്കി



**ക്രിസ്തു ശിഷ്യത്വം പ്രതിഫലിക്കുന്നത് ഒരുവന്റെ ആത്മീയതയിൽ നിന്നാണ്. യേശുനാഥൻ ആത്മീയതയെ നിർവചിക്കുന്നത് അനുസരണമായിട്ടാണ്. ഒരു വ്യക്തിക്ക് പ്രവർത്തനങ്ങളിൽ വിശ്വസ്തനാകാൻ സാധിക്കുമെങ്കിലും പക്വതയാർന്ന അനുസരണമുള്ള ക്രിസ്തു ശിഷ്യനായിരിക്കുവാൻ സാധിക്കണമെന്നില്ല.**

രണ്ടുമിനിറ്റുനേരം കർദ്ദിനാൾ ജോർജ് ബർഗോളിയോ ചെയ്ത പ്രഭാഷണമാണ് ഫ്രാൻസീസ് മാർപാപ്പയെ നമുക്ക് സമ്മാനിച്ചത്. സൂര്യനിൽ നിന്നും ചന്ദ്രനു ലഭിക്കുന്ന പ്രകാശം അതിൽ തന്നെ ഒതുക്കി നിർത്താതെ മറ്റുള്ളവർക്ക് പകർന്നുകൊടുക്കുന്നതുപോലെ സഭയിൽ നിന്നും നാം സമൃദ്ധമായി സ്വീകരിക്കുന്ന ജീവൻ നമ്മിൽ ഒതുക്കി നിർത്താതെ അതിർവരമ്പുകളിലേക്ക് വ്യാപിപ്പിക്കണം എന്ന ക്ഷണമാണ് അദ്ദേഹം നൽകിയത്. വെളി. 3:19-20 ഉദ്ധരിച്ചുകൊണ്ട് യേശു ഇന്ന് മുട്ടുന്നത് പുറത്തുനിന്നല്ല, അകത്തുനിന്ന് പുറത്തേക്ക് പോകുവാനാണ് എന്ന് അദ്ദേഹം വ്യാഖ്യാനിച്ചു. വചനം നമ്മെ സമർപ്പണത്തിലേക്കും പരോന്മുഖ പ്രതിജ്ഞാബദ്ധതയിലേക്കും നയിക്കും. അപരന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് അവയ്ക്ക് വിവിധ ശുശ്രൂഷകളിലൂടെ പ്രതിവിധി കണ്ടെത്തുമ്പോൾ എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തുതന്നത് (മത്താ. 25:40) എന്ന മനുഷ്യാവതാര അനുഭവം സാക്ഷാൽക്കരിക്കപ്പെടുകയാണ്.

## മിഷൻ കോൺഗ്രസും ശുശ്രൂഷകളും

മിഷൻ കോൺഗ്രസിലൂടെ സഭാശുശ്രൂഷകൾ അടിസ്ഥാന ക്രൈസ്തവ സമൂഹതലത്തിൽ സജീവമാക്കുവാനുള്ള ക്ഷണം ഗൗരവമായി സ്വീകരിക്കുമ്പോൾ മാത്രമേ സഭയിൽ കൂട്ടായ്മ അനുഭവം ഉണ്ടാവുകയുള്ളൂ. അടിമത്വത്തിലും ബന്ധനത്തിലും കൂട്ടായ്മ അനുഭവം അചിന്തനീയമാണ്. സഭ യേശുവിന്റെ ശരീരമാണ് (1 കൊറി 12: 12-26) എന്ന വിശുദ്ധ പൗലോസിന്റെ ദർശനത്തിലെ 'ഒരു അവയവം വേദനിക്കുമ്പോൾ എല്ലാ അവയവങ്ങളും വേദനിക്കുന്നു' എന്ന സത്യം ഉൾക്കൊണ്ടുകൊണ്ട് മോചനത്തിന്റെയും വിടുതലിന്റെയും അനുഭവം ചെറുസമൂഹങ്ങളിൽ വർത്തമാനമാക്കേണ്ടതുണ്ട്.

## ശിഷ്യത്വ രൂപീകരണം

ശുശ്രൂഷകളിലൂടെ യാഥാർത്ഥ്യമാകേണ്ട മോചനപ്രക്രിയ സജീവമാകണമെങ്കിൽ സഭാതനയരെ ക്രിസ്തു ശിഷ്യരായി രൂപപ്പെടുത്തേണ്ടതുണ്ട്. സഭ 'സേവക'യാണ് (യോഹ. 13:4-16) എന്ന ദർശനം ഉൾക്കൊണ്ടുകൊണ്ട് പാദങ്ങൾ കഴുകിയ ഗുരുവിന്റെ മാതൃക പിൻചെല്ലുന്നവർ രൂപപ്പെടുമ്പോൾ മോശയെയും അഹറോനെയും ജോഷ്വയെയും പോലെ ദൈവത്താൽ രൂപീകൃതരായി സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി ആത്മാർപ്പണം ചെയ്യുവാൻ കെൽപ്പുള്ളവർ ഉണ്ടാകും. അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളിലെ നേതൃത്വനിരയെ മോചിതനായ ക്രിസ്തുവിനോടുള്ള പരിപൂർണ്ണ വിധേയത്വത്തിലും വിശ്വസ്തതയിലും നിലനിർത്തേണ്ടതുണ്ട്. ക്രിസ്തുവിനെ അനുകരിക്കുവാൻ ആഗ്രഹിക്കുന്നവർ സ്വ ജീവിതത്തെ അന്യനുവേണ്ടി ത്യജിക്കുവാനും അനുദിന ജീവിതപ്രശ്നങ്ങളിലെ കുരിശ് ക്ഷമയോടെ സഹിക്കുവാനും തയ്യാറാകണം (ലൂക്കാ. 14:27).

ക്രിസ്തു ശിഷ്യത്വം പ്രതിഫലിക്കുന്നത് ഒരുവന്റെ ആത്മീയതയിൽ നിന്നാണ്. യേശുനാഥൻ ആത്മീയതയെ നിർവചിക്കുന്നത് അനുസരണമായിട്ടാണ്. ഒരു വ്യക്തിക്ക് പ്രവർത്തനങ്ങളിൽ വിശ്വസ്തനാകാൻ സാധിക്കുമെങ്കിലും പക്വതയാർന്ന അനുസരണമുള്ള ക്രിസ്തു ശിഷ്യനായിരിക്കുവാൻ സാധിക്കണമെന്നില്ല. വിശുദ്ധഗ്രന്ഥപാഠനം, പ്രാർത്ഥന, കാര്യസ്ഥത, അനുസരണം, ശുശ്രൂഷാ മനോഭാവം എന്നീ അടിസ്ഥാന ക്രിസ്തീയ അച്ചടക്കങ്ങളിൽ വളരുകയും പരിശീലിക്കുകയും ചെയ്യാതെ നേതൃസ്ഥാനങ്ങളിൽ പ്രതിഷ്ഠിക്കപ്പെടുമ്പോൾ ഒരിക്കലും അവർക്ക് യഥാർത്ഥ ശുശ്രൂഷകരാകാൻ സാധിക്കില്ല. അവർ അധികാരത്തിനുവേണ്ടിയോ അന്തസ്സിന് വേണ്ടിയോ മറ്റുള്ളവരുടെ മേലുള്ള നിയന്ത്രണത്തിന് വേണ്ടിയോ ശുശ്രൂഷയുടെ നേതൃനിരയിൽ എത്തിപ്പെട്ടേക്കാം. ഓരോ തെരഞ്ഞെടുപ്പ് കഴിയുമ്പോഴും ഇതേ ജീവിതശൈലി ആവർത്തിക്കുന്ന, നേതൃത്വനിര രൂപപ്പെടാനാണ് സാധ്യത. അടിസ്ഥാന ക്രൈസ്തവ സമൂഹനേതൃത്വത്തിന് സഭ, പങ്കാളിത്ത സഭാ സവിശേഷതകൾ, സഭാ ദൗത്യം, ക്രൈസ്തവ നേതൃത്വത്തിന്റെ സവിശേഷതകൾ എന്നിവയെക്കുറിച്ച് വിശുദ്ധ ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ പരിശീലനം കൊടുത്താൽ മാത്രമേ പങ്കാളിത്ത സഭാ സംവിധാനത്തെ സജീവമാക്കാനാവൂ.



ലേഖനം

# ബിസിസികൾ കൂട്ടായ്മാനുഭവത്തിന്റെ നേർസാക്ഷ്യങ്ങൾ

● മോൺ. തോമസ് ജെ. നെറ്റോ

**അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾ ഒരുമയുടെയും കൂട്ടായ്മയുടെയും ഫലമായിരുന്നു. അത്തരം ഒരു കൂട്ടായ്മയ്ക്കു വേണ്ടിയുള്ള സഭയുടെ ആഗ്രഹമാണ് ബിസിസികളുടെ രൂപീകരണ ലക്ഷ്യം, ഈ കൂട്ടായ്മയുടെ നേർസാക്ഷ്യങ്ങൾ ഏറെയുണ്ട് പറയാൻ**

'എപ്പോഴാണ് ഇരുട്ട് മാറി വെളിച്ചമായി എന്നുപറയാനാവുക?' - ഗുരു ശിഷ്യരോട് ചോദിച്ചു. 'അടുത്തുനിൽക്കുന്ന വൃക്ഷം പ്ലാവാണോ, മാവാണോ എന്ന് തിരിച്ചറിയാൻ കഴിയുമ്പോൾ' - ഒരുവൻ പറഞ്ഞു.

'അടുത്തേക്ക് വരുന്ന മൃഗം കാളയാണോ പശുവാണോ എന്ന് മനസിലാകുമ്പോൾ' - മറ്റൊരുവൻ പ്രത്യുത്തരിച്ചു. ഇതിൽ തൃപ്തിതോന്നാത്തതിനാൽ ഗുരു ഇങ്ങനെ കൂട്ടിച്ചേർത്തു : 'എനിക്ക് അഭിമുഖം വരുന്ന വ്യക്തി എന്റെ സഹോദരനാണ്, അഥവാ സഹോദരിയാണ് എന്ന് തിരിച്ചറിയുമ്പോൾ'.

ഇടവകയിൽ അയൽപക്കത്ത് താമസിക്കുന്ന ഇരുപത്തിയഞ്ചോ മുപ്പതോ കുടുംബങ്ങളുടെ ഒരു ലിസ്റ്റുണ്ടാക്കി അവരെ ഒരു യൂണിറ്റായി തിരിച്ചതുകൊണ്ടുമാത്രം അതൊരു അടിസ്ഥാന ക്രൈസ്തവ സമൂഹം (ബിസിസി) ആയിക്കഴിഞ്ഞുവെന്ന് പറയാനാകുമോ? സഭാത്മകാനുഭവം

സംജാതമാക്കാൻ ലക്ഷ്യംവച്ചുള്ള ഒരു വേദി, ഘടന അഥവാ ഒരു സംവിധാനം ലഭ്യമായി എന്നുമാത്രമേയുള്ളൂ. അതിലെ അംഗങ്ങൾ ആ വേദിയെ ഉപയോഗപ്പെടുത്തി ശരിയായ അർത്ഥത്തിൽ ഒരു അടിസ്ഥാന ക്രൈസ്തവ സമൂഹമായി തീരുക എന്നതാണ് മുന്നിലുള്ള ലക്ഷ്യം. ദൈവത്തോടും മറ്റുള്ളവരോടുമുള്ള കൂട്ടായ്മയാണ് സഭയുടെ അന്തഃസത്ത. പരസ്പരമുള്ള സ്നേഹബന്ധങ്ങളിലൂടെയും പ്രതിബദ്ധതയിലൂടെയും ഒത്തുചേരലുകളിലൂടെയും ഒരുമിച്ചുള്ള പ്രവർത്തനങ്ങളിലൂടെയുമാണ് കൂട്ടായ്മ അനുഭവം രൂപപ്പെടുക. എനിക്ക് ആരുമില്ല എന്ന അവസ്ഥയിൽ നിന്നും എന്റെ കാര്യത്തിൽ താല്പര്യമുള്ളവരുണ്ടെന്ന അനുഭവത്തിലേക്കുള്ള ഒരു യാത്രയാണിത്.

ഒരിക്കൽ യേശു ജറുസലേമിൽ ബെത്സെയ്ദ കുളക്കരയിലെത്തി. പ്രത്യേക അവസരങ്ങളിൽ ആ കുളത്തിന് സൗഖ്യദായക ശക്തിയുണ്ടായിരുന്നു. അവിടെ കുരുടരും മുടന്തരും തളർവാതക്കാരുമായ അനേകം രോഗികൾ കിടന്നിരുന്നു. 38 വർഷമായി തളർവാതരോഗിയായിരുന്ന ഒരുവനെ യേശു അവിടെ കണ്ടു. "സുഖം പ്രാപിക്കാൻ നിനക്കാഗ്രഹമുണ്ടോ?" എന്ന് യേശു അവനോട് ചോദിച്ചു. "കർത്താവേ വെള്ളമിളകുമ്പോൾ എന്നെ കുളത്തിലേക്കിറക്കാൻ ആരുമില്ല" എന്നായിരുന്നു അവന്റെ മറുപടി. 'എനിക്കാരുമില്ല' എന്ന അനുഭവം ജീവിതത്തിൽ ഏറ്റവും വേദനാ ജനകമാണ്. എനിക്കുചുറ്റും ധാരാളം ആളുകളുള്ളപ്പോഴും ഞാൻ ഒറ്റയാനാണെന്ന അവസ്ഥ. മനസ്സിലാക്കാനോ സഹായിക്കാനോ ഒരാളുപോലുമില്ലെന്ന തോന്നൽ.

മറ്റൊരിക്കൽ യാത്രാമദ്ധ്യേ കവർച്ചക്കാരാൽ ആക്രമിക്കപ്പെട്ട അർദ്ധപ്രാണനായ ഒരുവനെ സഹായിക്കാൻ അടുത്തെത്തിയ ഒരാളുടെ കഥ യേശു പറഞ്ഞു. വഴിയരികിലെ ആ മനുഷ്യനെ കണ്ട് മനസ്സലിഞ്ഞ് അടുത്തുചെന്ന് എണ്ണയും വീഞ്ഞും ഒഴിച്ച് അവന്റെ മുറിവുകൾ ആ നല്ല സമരിയാക്കാരൻ വച്ചുകെട്ടി. സത്രത്തിൽ കൊണ്ടുപോയി അയാളെ പരിചരിച്ചു. സത്രം സൂക്ഷിപ്പുകാരനോട് അയാൾ പറഞ്ഞു, 'ഇവന്റെ കാര്യം നോക്കിക്കൊള്ളണം. ഞാൻ മടങ്ങിവന്നുകൊള്ളാം'. ജീവിതത്തിന്റെ പരുക്കൻ യാഥാർത്ഥ്യങ്ങളിൽ സാന്ത്വനവും കരുതലുമായി ചിലരെല്ലാം കൂടെയുണ്ടാകുമ്പോഴാണ് കൂട്ടായ്മ ഒരു ജീവിതാനുഭവവും യാഥാർത്ഥ്യവുമാകുക.

"വിശ്വസിച്ചവർ എല്ലാവരും ഒരു സമൂഹമാവുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായി കരുതുകയും ചെയ്തു. അവർ തങ്ങളുടെ സ്വത്തുക്കളും വസ്തുവകകളും വിറ്റ് ആവശ്യാനുസരണം എല്ലാവർക്കുമായി വീതിച്ചു...." (അപ്പ. 2:44-45). പലരായിരുന്നവർ ഒരു സമൂഹമായി. അവരുടെ ഒരുമയുടെയും കൂട്ടായ്മയുടെയും ഫലമായിരുന്നു എല്ലാം പൊതുവായി കരുതാനും ആവശ്യാനുസരണം പങ്കുവയ്ക്കാനും ഇടയാക്കിയത്.

ഇപ്രകാരം ഒരു സമൂഹരൂപീകരണ പ്രക്രിയയുടെ ചാലകശക്തി (ഡയനാമിക്സ്) എന്തായിരുന്നു? ഇതിലേക്ക് വെളിച്ചം വീശുന്ന വചനമാണ് അപ്പ. 2:37 : "ഇതുകേട്ടപ്പോൾ അവർ ഹൃദയം നുറുങ്ങി പത്രോസിനോടും മറ്റ് അപ്പോസ്തലന്മാരോടും ചോദിച്ചു സഹോദരന്മാരേ ഞങ്ങൾ എന്താണ് ചെയ്യേണ്ടത്?". പെന്തക്കോസ്തദിനത്തിൽ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ പത്രോസ് അപ്പോസ്തോലൻ ഉത്ഥിതനായ ക്രിസ്തുവിന്റെ സുവിശേഷം പ്രഘോഷിച്ചു. ആ പ്രഘോഷണം ശ്രവിച്ചവരുടെ ഹൃദയം നുറുങ്ങി. ഇത് സൂചിപ്പിക്കുന്നത് വചനം ശ്രവിക്കുന്നവരുടെ ഹൃദയമാനസങ്ങളിലുണ്ടാവുന്ന പരിവർത്തനം അഥവാ മാനസാന്തരമാണ്. അനുതാപത്തിലേക്ക് നയിക്കുന്നതാണ് ദൈവവചനം. കൂടാതെ, വചനം ശ്രവിച്ചവർ വചനത്തോട് പ്രത്യുത്തരിക്കുന്നവരായി: "സഹോദരന്മാരേ ഞങ്ങൾ എന്താണ് ചെയ്യേണ്ടത്?" ശ്രോതാക്കളുടെ തലത്തിൽ ഒതുങ്ങിക്കൂടാതെ വചനം ജീവിക്കുവാൻ എന്തുചെയ്യണമെന്ന അന്വേഷണത്തിലേക്ക് അവർ കടന്നു. തുടർന്നുലഭിച്ച നിർദ്ദേശമനുസരിച്ച് അവർ പ്രവർത്തിച്ചു. അവർ യേശുവിന്റെ നാമത്തിൽ ജ്ഞാനസ്നാനം സ്വീകരിച്ചു, പരിശുദ്ധാത്മാവിനാൽ നിറഞ്ഞു.

ക്രിസ്തീയ സമൂഹ നിർമ്മിതി സാധ്യമാകുവാൻ ഇതേ ഡയനാമിക്സ് തന്നെ നാമിന്ന് ഉപയോഗപ്പെടുത്തണം. അതായത്, പല ഇടങ്ങളിലായിരിക്കുന്നവർ ഒരിടത്ത് ഒരുമിച്ച് വന്നുകൂടണം, അവർ താല്പര്യപൂർവ്വം സുവിശേഷം ശ്രവിക്കണം. മാനസാന്തരത്തിലൂടെ കടന്നുപോകണം. സമൂഹമായും വ്യക്തിപരമായും ഇനി എന്താണ് നാം ചെയ്യേണ്ടതെന്ന് അന്വേഷിക്കണം. പരിശുദ്ധാരൂപിയും വചനവും വെളിപ്പെടുത്തുന്നവ പ്രാവർത്തികമാക്കണം. ഇവയൊക്കെയും അതാത് യൂണിറ്റിലെ ആളുകളുടെ ഇപ്പോഴത്തെ ജീവിതാനുഭവങ്ങളുടെയും സാഹചര്യങ്ങളുടെയും ആവശ്യങ്ങളുടെയും പശ്ചാത്തലത്തിൽ നടക്കണം. ഇതൊരു നിരന്തര പ്രക്രിയയാണെന്നുള്ള കാര്യവും വിസ്മരിക്കരുത്.

ഓരോ ബിസിസിയും സജീവമാകുന്നതും ശക്തിപ്രാപിക്കുന്നതും അതിൽ കൂട്ടായി നിർവഹിക്കുന്ന പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിലാണ്. സഭാജീവിതത്തിന്റെ വിവിധ മേഖലകളെ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങളാണ് ഓരോ ശുശ്രൂഷയുടെയും കീഴിൽ ഇടവക-ഫെറോനാ-അതിരൂപതാ തലങ്ങളിൽ ഇന്ന് നടന്നുവരുന്നത്. ഇത്തരം ശുശ്രൂഷാ



പ്രവർത്തനങ്ങൾ ഓരോ ബിസിസികളും കേന്ദ്രീകരിച്ച് നിർവഹിക്കണം.

മാസത്തിലൊരിക്കൽ കൂടുന്ന ബിസിസി യോഗം തന്നെ ഒരു സഭാ അനുഭവമായി മാറുന്നുണ്ടോ? അങ്ങനെയായി മാറാൻ സഹായകരമായ കാര്യങ്ങൾ എന്തൊക്കെ? ഓരോ യോഗത്തിനും ഒരു മുന്നൊരുക്കം ഉണ്ടാകണം. ഇന്നത്തെ യോഗക്രമം യാന്ത്രികമായി വായിച്ച് വിടുകയല്ല വേണ്ടത്. വചനകേന്ദ്രീകൃതമായ ചർച്ച ജീവിത സാഹചര്യങ്ങളുടെയും യൂണിറ്റിലെ ആളുകളുടെ ആവശ്യങ്ങളുടെയും പ്രത്യേകിച്ച് അവശത അനുഭവിക്കുന്നവരെ പരിഗണിക്കുന്ന തരത്തിലേക്ക് മാറണം. ഇടവകയിലെ പൊതുവായതും ആനുകാലികവുമായ പരിഗണനാ വിഷയങ്ങൾ ഓരോ ബിസിസി യൂണിറ്റ് യോഗത്തിലും ഉൾപ്പെടുത്താവുന്നതാണ്. ചിലപ്പോഴെല്ലാം ബിസിസി യോഗവേളയെ സുവിശേഷവൽക്കരണത്തിനും മതബോധനത്തിനുമുള്ള അവസരമാക്കി ഉപയോഗിക്കാവുന്നതാണ്. ഇതിനാവശ്യമായ പഠനസഹായികളും അത് അവതരിപ്പിക്കാനുള്ള വ്യക്തികളുടെ സാന്നിധ്യവും ഉറപ്പാക്കണം. ഒരു ബിസിസി യോഗത്തിന്റെ പൊതുവായ ലക്ഷ്യങ്ങൾ സാധിക്കുമാറ് യോഗങ്ങളിൽ വൈവിധ്യങ്ങളും ക്രിയാത്മകതയും കൊണ്ടുവരണം. യോഗത്തിൽ പങ്കെടുക്കുന്നവരെ ബാധിക്കുന്നതും അവർക്ക് താല്പര്യമുള്ളതും അവർക്ക് പങ്കാളികളാവാൻ സാധിക്കുന്നതുമായ രീതികളും വിഷയങ്ങളും അവലംബിക്കണം. എല്ലാവർക്കും സംസാരിക്കാനും പങ്കുവയ്ക്കാനും പ്രാർത്ഥിക്കാനും അവസരമുണ്ടാകണം. ഒന്നോ രണ്ടോ പേർ എല്ലാ കാര്യങ്ങളും ഹൈജാക്ക് ചെയ്യുന്ന സാഹചര്യം ഒഴിവാക്കണം. പങ്കെടുക്കാൻ സാധിക്കാത്തവരെ അന്വേഷിച്ച് പോകാനും അവരെ പങ്കെടുപ്പിക്കാനും ഭവനസന്ദർശനത്തിലൂടെ ശ്രദ്ധിക്കാവുന്നതാണ്. പ്രത്യേക സന്ദർഭങ്ങളിൽ ചെറിയ ആഘോഷങ്ങൾ യൂണിറ്റ് തലത്തിൽ സംഘടിപ്പിക്കാവുന്നതാണ്.

ബിസിസികളിൽ നേതൃത്വത്തിന്റെ പങ്ക് പ്രധാനമാണ്. ഒരു ബിസിസിയിലുള്ള മൂന്ന് ഭാരവാഹികളും ആറ് ശുശ്രൂഷാ പ്രതിനിധികളും ഒരു കോർഗ്രൂപ്പായി, ഒരു ടീമായി പ്രവർത്തനനിരതരായാൽ ആ ബിസിസി യൂണിറ്റ് സജീവമാകും. ശുശ്രൂഷിക്കുന്ന-സേവിക്കുന്ന ആധിപത്യേതര നേതൃത്വശൈലിയാണ് സ്വീകാര്യമായത്. നേതൃത്വത്തിലുള്ളവർ വ്യത്യസ്തതകളുള്ള ആളുകളെ ഒരുമിപ്പിക്കുന്ന വിധം പ്രവർത്തിക്കണം. കൂടെയുള്ളവരെ അംഗീകരിച്ചും പരിഗണിച്ചും പ്രോത്സാഹിപ്പിച്ചും അവസരങ്ങൾ നൽകിയും മുന്നോട്ടുനയിക്കണം. സുവിശേഷ ചൈതന്യത്തിനും യേശുവിന്റെ മനോഭാവങ്ങൾക്കും മൂല്യങ്ങൾക്കും ചേർന്ന രീതിയിലുള്ള പ്രവർത്തനശൈലികൾക്കേ ഇവിടെ പ്രസക്തിയുള്ളൂ.

ക്രിസ്തീയ സമൂഹനിർമ്മിതിയിൽ പരിശുദ്ധാത്മാവിന്റെ പങ്ക് നിർണ്ണായകമാണ്. പലരായിരിക്കുന്നവരെ ഒരുമിപ്പിക്കുന്ന സ്നേഹചൈതന്യം പരിശുദ്ധാരൂപിയാണ്. ദൈവാരൂപിയുടെ പ്രേരണകൾക്കും പ്രചോദനങ്ങൾക്കും തുറവിയുള്ളവരും ആത്മാവിനാൽ നയിക്കപ്പെടാൻ അനുവദിക്കുന്നവരുമാകണം അംഗങ്ങൾ.

കൂട്ടായ്മ ഒരു അനുഭവവും ജീവിതശൈലിയുമായി മാറുന്നത് നിരന്തരമായ ഒരു പ്രക്രിയയിലൂടെയാണ്. അതിൽ വളർച്ചയും തളർച്ചയും മാറ്റങ്ങളും സ്വാഭാവികമാണ്. മനുഷ്യപരിമിതികളെ യാഥാർത്ഥ്യബോധത്തോടെ അംഗീകരിച്ചും ദൈവത്തിന്റെ ശക്തിയിൽ വിശ്വസിച്ചും ശുഭാപ്തിവിശ്വാസത്തോടെ വേണം നാം നീങ്ങാൻ. ഇവിടെ എല്ലാം പരിപൂർണമാകണമെന്ന് വാശിപിടിക്കേണ്ടതില്ല.

ബിസിസികളിൽ പോയാൽ ഞങ്ങൾക്ക് എന്തുകിട്ടുമെന്ന മനോഭാവം പരിശോധിക്കപ്പെടണം. സ്വയം സഹായ സംഘങ്ങളിലെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ ഇവിടെ ലഭ്യമല്ല എന്നത് ശരിയാണ്. "വാങ്ങുന്നതിനേക്കാൾ ശ്രേഷ്ഠം നൽകുന്നതാണ്" എന്ന തത്വമാണ് ബിസിസികളിലുള്ളത്. വിശ്വാസിയെ സംബന്ധിച്ച് ദൈവരാജ്യാനുഭവവും ആത്മീയ കൂട്ടായ്മയും വിലപ്പെട്ടതാണ്. എന്റെ സാന്നിധ്യവും വിശ്വാസ അനുഭവങ്ങളും സമയവും മറ്റുള്ളവരോടുള്ള കരുതലും പങ്കുവയ്ക്കാനും നൽകാനുമുള്ള വേദികളാണ് ചെറുസമൂഹങ്ങൾ. അല്ലെങ്കിലും ''മനുഷ്യജീവിതം ധന്യമാകുന്നത് സമ്പത്തുകൊണ്ടല്ല'' എന്നല്ലേ യേശു പഠിപ്പിച്ച പ്രധാനപാഠം.



ലേഖനം



# ബി.സി.സികളിലൂടെ ശക്തിപ്പെടുന്ന സഭാശുശ്രൂഷകൾ


● ഫാ. തോമസ് തറയിൽ

അസോ. ജനറൽ സെക്രട്ടറി, കെആർഎൽസിസി


**കേരള ലത്തീൻ സഭ 2017 ഒക്ടോബർ മാസത്തിൽ ചരിത്രപ്രാധാന്യമുള്ള ഒരു മഹാസംഭവത്തിന് വേദിയാകുകയാണ്. ഇദംപ്രഥമായി ഒരു മിഷൻ കോൺഗ്രസും ബി.സി.സി. കൺവെൻഷനും സംഘടിപ്പിക്കുന്നു. മിഷൻ കോൺഗ്രസിലൂടെ ലക്ഷ്യം വയ്ക്കുന്ന കാര്യങ്ങൾ എപ്രകാരം ബി.സി.സി.കളുടെ ശക്തീകരണത്തിനു ഹേതുവാകും എന്ന് പരിചിന്തനം ചെയ്യുകയാണിവിടെ**

## ബി.സി.സി. സംവിധാനം

വിവിധതലങ്ങളിലുള്ള കൂട്ടായ്മകളുടെ കൂട്ടായ്മയാണ് സാർവ്വത്രികസഭ. വ്യക്തിസഭകളുടെ കൂട്ടായ്മ, വ്യക്തിസഭകൾ തന്നെ രൂപതകളുടെ കൂട്ടായ്മ, രൂപതകൾ ഇടവകകളുടെ കൂട്ടായ്മ, ഇടവകകൾ ബി.സി.സി.കളുടെ കൂട്ടായ്മ, ബി.സി.സി. കൾ കുടുംബങ്ങളുടെ കൂട്ടായ്മ.

സഭയുടെ മൂലരൂപമായ അപ്പസ്തോലിക സഭാകൂട്ടായ്മകളുടെ സ്വഭാവം (അപ്പ. പ്രവ. 2:41-47; 4:32-37) ആധുനിക കാലഘട്ടത്തിനനുസൃതമായി സഭാജീവിതത്തിൽ സാക്ഷാത്ക്കരിക്കുന്നതിനുള്ള ശ്രമവും സംവിധാനവുമാണ് ബി.സി.സി.കൾ. അപ്പസ്തോലിക സഭാകൂട്ടായ്മകൾ സഭാംഗങ്ങളുടെ ആത്മീയവും ഭൗതികവും (സമസ്തവു)മായ മാനങ്ങൾക്ക് തുല്യപ്രാധാന്യം നൽകി പ്രവർത്തിച്ചിരുന്നതായി തിരുവചനം വ്യക്തമാക്കുന്നു. എന്നാൽ ആധുനികജീവിതവ്യഗ്രതകളിലും കർമ്മബാഹുല്യത്തിലുംപെട്ട് സഭാജീവിതം യാന്ത്രികവും ശുഷ്കവുമായിപ്പോകാതിരിക്കുവാനുള്ള ഉപാധിയാണ് ബി.സി.സി.കൾ.

അതിൻപ്രകാരം കെ.ആർ.എൽ.സി.സി.യുടെ 20-ാം ജനറൽ അസംബ്ലി ബി.സി.സി.കളെ സഭാ സംവിധാനത്തിന്റെ യഥാർത്ഥ ചെറുപതിപ്പുകളായി ശക്തിപ്പെടുത്തുവാനും സഭയിലെ വിവിധ ശുശ്രൂഷകളെ ബി.സി.സി.തലത്തിൽ രൂപീകരിച്ച് ഇടവക, ഫെറോന, രൂപതാതലത്തിൽ ഏകോപിപ്പിച്ച് പ്രവർത്തനക്ഷമമാക്കുവാനും തീരുമാനിച്ചു. ബി.സി.സി.കൾ കേരള ലത്തീൻ സഭയിലെ വിവിധ രൂപതകളിൽ വിവിധ കാലഘട്ടങ്ങളിൽ രൂ

പീകരിച്ച് പ്രവർത്തിച്ചിരുന്നുവെങ്കിലും ഏകതാനമായ ഒരു പ്രവർത്തനശൈലിയല്ല അനുവർത്തിച്ചു പോന്നിരുന്നത്.

## മിഷൻ കോൺഗ്രസും ബി.സി.സി.കളും

മൂന്നു വർഷമായി മിഷൻ കോൺഗ്രസിനുവേണ്ടി നടക്കുന്ന മുന്നൊരുക്കപരിപാടികളുടെയെല്ലാം അടിസ്ഥാന പ്രവർത്തനതലം ബി.സി.സി.കളാണ്. ന്യായമായ വൈവിധ്യങ്ങളും പ്രാദേശികമായ പ്രത്യേകതകളുമൊക്കെ നിലനില്ക്കേതന്നെ കേരള ലത്തീൻ സഭയിൽ ഒരേ വീക്ഷണവും ഒരേ സംവിധാനവുമുള്ള പ്രവർത്തനശൈലി രൂപപ്പെടുത്തുകയാണ് മിഷൻ കോൺഗ്രസിന്റെ ലക്ഷ്യം. ഇത് സാധ്യമാകണമെങ്കിൽ കേരളത്തിലെ പതിമൂവായിരത്തിലധികം വരുന്ന ബി.സി.സി.കൾ അടിസ്ഥാനപരമായെങ്കിലും ഒരേ ദർശനവും, സംവിധാനവും, പ്രവർത്തനശൈലിയും ഉൾക്കൊള്ളണം.

## പങ്കാളിത്തസംവിധാനങ്ങൾ

ബി.സി.സി.കൾ കേവലം പ്രാർത്ഥനായോഗങ്ങൾ മാത്രമാകാതെ സഭാ - സമുദായ ജീവിതത്തിന്റെ സമഗ്രമേഖലകളെയും സ്പർശിക്കുന്ന അടിസ്ഥാന ഘടകമാകണമെന്നതാണ്. കെ.ആർ.എൽ.സി.സിയുടെ ദർശനം. ബി.സി.സി.കളെ ഈ വിധത്തിൽ ക്രമീകരിച്ച് ശക്തിപ്പെടുത്തുന്നതിനുള്ള സംവിധാനങ്ങളാണ് വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്.

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ദർശനമനുസരിച്ച് സഭയെന്നാൽ ദൈവജനമാണെന്നും, ദൈവജനത്തിനു മുഴുവൻ സഭയുടെ ദൗത്യപൂർത്തീകരണത്തിൽ പങ്കുണ്ടെന്നുമുള്ള വർദ്ധിച്ച അവബോധമാണ് നവീനരീതിയിൽ ബി.സി.സി.കളെ ചിട്ടപ്പെടുത്തുവാൻ കെ. ആർ. എൽ. സി. സി.യെ പ്രേരിപ്പിച്ചത്. അതിൻപ്രകാരം സഭയിലെ വിവിധ പ്രവർത്തനങ്ങളെ (22 കമ്മിഷനുകളെ) സ്വാഭാവികാടിസ്ഥാനത്തിൽ 6 ശുശ്രൂഷകളായി ക്രമപ്പെടുത്തിയിരിക്കുന്നു - അജപാലനം, കുടുംബം, സാമൂഹ്യശുശ്രൂഷ, വിദ്യാഭ്യാസം, യുവജനം, അല്മായർ.

## ഇടവക ശുശ്രൂഷാസമിതികൾ

ഓരോ ബി.സി.സി.യിൽ നിന്നും 6 ശുശ്രൂഷകൾക്കും ഓരോ പ്രതിനിധികളെ വീതം തിരഞ്ഞെടുക്കുന്നു. ഇടവകയിലെ എല്ലാ ബി.സി.സികളിൽ നിന്നും ഓരോ ശുശ്രൂഷയ്ക്കുമായി തിരഞ്ഞെടുക്കപ്പെട്ടവരെല്ലാവരും കൂടി ഇടവകതലത്തിൽ ഒരുമിച്ചു വരുന്നതാണ് ഒരു ശുശ്രൂഷാസമിതി. അപ്രകാരം ഓരോ ഇടവകയിലും 6 ശുശ്രൂഷാ സമിതികളുണ്ടാകുന്നു. വികാരിയുടെയോ അദ്ദേഹത്തിന്റെ പ്രതിനിധിയുടെയോ നേതൃത്വത്തിൽ ശുശ്രൂഷാ സമിതി ഒരുമിച്ചുകൂടി ഒരു കൺവീനർ (കോർഡിനേറ്ററെ) തിരഞ്ഞെടുക്കുന്നു. അദ്ദേഹം ഇടവക അജപാലന സമിതി (Parish Pastoral Council) യിലെ അംഗമാകുന്നു.

ഓരോ ശുശ്രൂഷാസമിതിയിലും ഉൾപ്പെടുന്ന വിവിധ കമ്മിഷനുകളുടെ ചുമതല സമിതിയിലെ വ്യത്യസ്ത അംഗങ്ങൾക്കു നൽകാവുന്നതാണ്. ആവശ്യമെങ്കിൽ അവരുടെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ രൂപീകരിച്ചു പ്രവർത്തിക്കാവുന്നതുമാണ്.

## ശുശ്രൂഷാ പ്രതിനിധികൾ ബി.സി.സികളിൽ

ബി.സി.സി. യോഗങ്ങൾ കൂടുമ്പോൾ പ്രാരംഭകർമ്മങ്ങൾക്കും, പ്രാർത്ഥനയ്ക്കും, വചനവിചിന്തനത്തിനും ശേഷം ബി.സി.സി. ലീഡർ ഓരോ ശുശ്രൂഷാ പ്രതിനിധിക്കും സമയം നൽകുക. ഓരോ ശുശ്രൂഷയെ സംബന്ധിച്ചും മുൻ ശുശ്രൂഷാ സമിതിയോഗത്തിലുണ്ടായ ചർച്ചകളും, അഭിപ്രായങ്ങളും, എടുത്ത തീരുമാനങ്ങളും മറ്റും ഓരോ ശുശ്രൂഷാ പ്രതിനിധിയും പങ്കുവയ്ക്കുന്നു. അവയുടെ വെളിച്ചത്തിലും, ബി.സി.സി.യുടെ പ്രത്യേക സാഹചര്യമനുസരിച്ചും ചർച്ചകൾ നടക്കുന്നു. ഓരോ പ്രതിനിധിക്കും ബി.സി.സി.യിൽ തന്റെ ശുശ്രൂഷയെ സംബന്ധിച്ചു നടന്ന ചർച്ചകളുടെ സംക്ഷിപ്തരൂപവും ഉയർന്നുവന്ന നിർദ്ദേശങ്ങളും അടുത്തുവരുന്ന ശുശ്രൂഷാസമിതി യോഗത്തിൽ അവതരിപ്പിക്കുന്നു.

ഇത്തരത്തിൽ അടിസ്ഥാനതലം മുതൽ കെ.ആർ.എൽ.സി.സി.തലം വരെയും തിരിച്ചും ആശയസംവേദനവും അഭിപ്രായ കൈമാറ്റവും നടത്തിക്കൊണ്ട് പങ്കാളിത്താധിഷ്ഠിത സഭാ - സമുദായ പ്രവർത്തനമാണ് വിവക്ഷിക്കപ്പെടുന്നത്.



ഇപ്രകാരം പ്രവർത്തനങ്ങൾ സജീവമാകണമെങ്കിൽ ഓരോ ശുശ്രൂഷാ പ്രതിനിധിയും തന്റെ ശുശ്രൂഷയെക്കുറിച്ചും, അതുൾക്കൊള്ളുന്ന വിവിധ കമ്മിഷനുകളെക്കുറിച്ചു വ്യക്തമായ അറിവുനേടണം. കൂടാതെ അതാതു മേഖലകളിൽ തന്റെ ബി.സി.സി.യിലെ അംഗങ്ങളുടെ അവസ്ഥ, പങ്കാളിത്തം, അഭിമുഖ്യങ്ങൾ, അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ തുടങ്ങിയവയുടെ വസ്തുനിഷ്ഠമായ വിവരങ്ങളും അയാൾ ശേഖരിച്ചു സൂക്ഷിക്കണം. അങ്ങനെ ഓരോ ബി.സി.സി.കളിലും നിന്നും ലഭിക്കുന്ന വിവരങ്ങൾ ഇടവകതല ശുശ്രൂഷാ സമിതിയിൽ പങ്കുവച്ച് ഒത്തുചേർക്കുമ്പോൾ ഓരോ ശുശ്രൂഷാ മേഖലയിലും ഇടവകയുടെ ആവശ്യങ്ങളും, പ്രശ്നങ്ങളും, വെല്ലുവിളികളും വ്യക്തമാകും. തദനുസാരം കർമ്മ പരിപാടികൾ രൂപപ്പെടുത്തി പാരിഷ് പാ



സ്റ്ററൽ കൗൺസിലിൽ അവതരിപ്പിക്കുകയും, സാമ്പത്തിക സമിതിയുടെ അംഗീകാരത്തോടെ നടപ്പാക്കുകയും, കൃത്യമായ മേൽനോട്ടവും, വിലയിരുത്തലും നടത്തുകയും ചെയ്യുക ശുശ്രൂഷാ പ്രതിനിധിയുടെ ഉത്തരവാദിത്വമാണ്.

## ശുശ്രൂഷാ പ്രതിനിധികളുടെ പരിശീലനം

ബി.സി.സി.കളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന ശുശ്രൂഷാ പ്രതിനിധികൾക്ക് കാലാകാലങ്ങളിൽ ആവശ്യമായ പരിശീലനങ്ങൾ നൽകേണ്ടതുണ്ട്. ഇടവകതലത്തിലോ ഫൊറോനാതലത്തിലോ ഈ പരിശീലനങ്ങൾ സംഘടിപ്പിക്കാവുന്നതാണ്. സാമൂഹ്യവിശകലനത്തിനും, വിവരശേഖരണത്തിനും, പദ്ധതി രൂപീകരണത്തിനും, വിലയിരുത്തലിനും ആവശ്യമായ ഉപാധികളും സങ്കേതങ്ങളും പരിചയപ്പെടുത്തുകയും ലഭ്യമാക്കുകയും ചെയ്യണം. ബി.സി.സി.യിലെ എല്ലാ അംഗങ്ങളുടെയും, മറ്റു ശുശ്രൂഷാ പ്രതിനിധികളുടെയും സഹകരണത്തോടെയും, പങ്കാളിത്തത്തോടെയും പ്രവർത്തനങ്ങൾ നടത്തുവാൻ പരിശീലിപ്പിക്കണം.

## മിഷൻ കോൺഗ്രസ് ബി.സി.സി.ശക്തീകരണത്തിന്

2017 ഒക്ടോബറിൽ എറണാകുളം വല്ലാർപ്പാടത്തു നടക്കുന്ന മിഷൻ കോൺഗ്രസും ബി.സി.സി. കൺവെൻഷനും രണ്ടുവിധത്തിൽ നമ്മുടെ ബി.സി.സി. കളെ ശക്തിപ്പെടുത്തണം. ഒന്ന് പങ്കാളിത്ത സഭാ സംവിധാനങ്ങളെല്ലാം വ്യക്തമായും കൃത്യമായും രൂപപ്പെടുത്തിയും, ശക്തിപ്പെടുത്തിയും 12 രൂപതകളിലും ഏകീകൃത സംവിധാനങ്ങൾ രൂപപ്പെടുക. രണ്ട്: ഓരോ ക്രൈസ്തവന്റെയും അടിസ്ഥാനധർമ്മമായ സുവിശേഷ പ്രഘോഷണ - പ്രേഷിത പ്രവർത്തന ഉത്തരവാദിത്വത്തിൽ ആഴപ്പെടുക.

ഉദാഹരണത്തിന് 2000 ബി.സി.സി..കളുള്ള ഒരു രൂപതയിൽ ശുശ്രൂഷാ പ്രതിനിധികളും ബി.സി.സി. ഭാരവാഹികളും കൂടി കുറഞ്ഞത് പതിനെണ്ണായിരം പേരും മറ്റ് വിവിധ ഉത്തരവാദിത്വങ്ങൾ വഹിക്കുന്ന രണ്ടായിരത്തോളം പേരും കൂടി ഇരുപതിനായിരം പേരുടെ നേതൃത്വവും പങ്കാളിത്തവും ഉറപ്പാകുകയാണ്. അജപാലകർ ബോധപൂർവ്വം ഈ സംവിധാനം ശക്തിപ്പെടുത്തിയാൽ അല്മായ ശക്തീകരണത്തിനുള്ള ഏറ്റം നല്ല വേദിയായി ബി.സി.സി.കൾ മാറും.

## ഉപസംഹാരം

മിഷൻ കോൺഗ്രസിന്റെ ഒരുക്ക പ്രക്രിയയ്ക്കായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന കർമ്മപരിപാടികൾ വിശ്വസ്തയോടും ഉത്സാഹത്തോടും കൂടി നിർവ്വഹിച്ചുകൊണ്ട് വരും വർഷങ്ങളിലേക്ക് ബി.സി.സി.കളെ ചലനാത്മകമാക്കാം. ഇന്നത്തെ കാലഘട്ടത്തിനനുസൃതമായ രീതിയിൽ അജപാലന പ്രക്രിയയിൽ പങ്കുചേർന്നു കൊണ്ടും, കുടുംബപ്രേഷിത ശുശ്രൂഷയിലൂടെ നമ്മുടെ കുടുംബങ്ങളെ സുവിശേഷ മൂല്യങ്ങളാൽ പൂരിതമാക്കിക്കൊണ്ടും, യുവജന ശുശ്രൂഷാ സമിതികളിലൂടെ നമ്മുടെ യുവതയെ കാലത്തിന്റെ വെല്ലുവിളികൾക്കുമപ്പുറം ക്രിസ്തുസാക്ഷികളാകാൻ പ്രാപ്തരാക്കിക്കൊണ്ടും, വിദ്യാഭ്യാസ ശുശ്രൂഷയിലൂടെ നമ്മുടെ തലമുറകളെ വിമോചനത്തിന്റെ വെളിച്ചത്തിലേക്കു നയിച്ചുകൊണ്ടും, സാമൂഹ്യശുശ്രൂഷാ സമിതികളിലൂടെ നമ്മുടെ സമുദായത്തെ സ്വയം പര്യാപ്തവും, ആത്മാഭിമാനപൂരിതവുമായ ഒരു ജനതയാക്കിയും, അല്മായ ശുശ്രൂഷയിലൂടെ നിയതമായി നമ്മുടെ സമുദായാംഗങ്ങളെല്ലാവരും പരസ്പര ബഹുമാനത്തിലും സ്നേഹസേവന മനോഭാവങ്ങളിലും വളർന്ന് യഥാർത്ഥ പ്രേഷിതരായിത്തീരാനും ഈ മിഷൻ കോൺഗ്രസും ബി.സി.സി. കൺവെൻഷനും കാരണമാകട്ടെയെന്ന് പ്രത്യാശിക്കാം.

വൈദിക - സന്യസ്ത - അല്മായ പങ്കാളിത്തത്തിലൂടെ സാർത്ഥകമാകേണ്ട സഭാ - സമുദായ മുന്നേറ്റ പ്രക്രിയയ്ക്ക് മിഷൻ കോൺഗ്രസ് - ബി.സി.സി. കൺവെൻഷൻ വലിയ പ്രചോദനമാകട്ടെ. നമ്മുടെ ബി.സി.സി.കൾ സഭയുടെയും സമുദായത്തിന്റെയും ജീവിക്കുന്ന ചെറുപ്പതിപ്പുകളായി രൂപാന്തരം പ്രാപിക്കട്ടെ, സജീവ ശിലകളായി സഭയെയും സമുദായത്തെയും സമസ്ത മേഖലകളിലും പടുത്തുയർത്താം.



# മിഴിയോരം

ഫാ. വിക്ടർ എവരിസ്റ്റസ്

കൺപീലികൾ ഈറനണിയുമീരാവിൽ....
കദനങ്ങൾ കാർമേഘമായ്
മനസ്സിൻ വിഹായുസ്സിൽ കൂടുകൂട്ടുന്നുവോ
ഏകനായ്, പഥികനായ്, ദാഹാർത്തനായ്
യേശുവേ... ഈ മരക്കുരിശിൽ കീഴിൽ
ചായുന്നു, എന്നെ പൂർണമായ് ഏകുന്നു.

എന്തേ... എൻ കാഴ്ചകൾക്ക് ഒരു മങ്ങൽ...
പിന്നെയും എന്റെ ഈ കൺപോളകൾക്ക്
താങ്ങുവാനാകാത്ത ഭാരം.
അറിയില്ല. നീ എനിക്ക് ഈ കൺകൾ തന്നത്
കരയുവാൻ വേണ്ടി മാത്രമോ
എന്ന് മിഴിയോരം എന്നോട് ചോദിപ്പൂ...

പൊഴിയുന്ന ഈ മിഴിനീർക്കണങ്ങളിൽ...
ഒഴുകുന്ന ഈ ജലധാരതന്നിൽ..
പറയാതെ, ഞാൻ ഹൃദയത്തിൽ സൂക്ഷിച്ച
പരിഭവങ്ങൾ തൻ നിലവറ കുടാരങ്ങളുണ്ട്.
ഈ മിഴിനാളം അടയാതിരിക്കുവാൻ
ഈ തിരുനാളം അണയാതിരിക്കുവാൻ
അരികിൽ, അലിവായ് നീ കുടെ
ഉണ്ടായിരുന്നെങ്കിലെന്ന് ഞാൻ കൊതിക്കുന്നു.

യേശുവേ നിൻതിരുപാദങ്ങൾ എൻ
നെഞ്ചോട് ചേർത്ത് കേഴുമ്പോൾ
പതിച്ചു!! എന്റെ മൂർദ്ധാവിൽ
ഒരു തുള്ളി ജലത്തിന്റെ അംശം.
എൻ നയനങ്ങൾ നിന്നിലേക്കുയർത്തവെ..
തകർന്നുപോയ് നാഥാ ഈ നെഞ്ചകം
പ്രാണൻ പകുത്തും
എൻ പ്രാണനായ് തീർന്നവൻ
എൻ മനോവ്യഥയോർത്ത് കരയുന്നുവോ,
നാഥാ കരയുന്നുവോ എൻ നാഥൻ
എന്നോടൊപ്പം ചുടുനിണത്താൽ കരയുന്നുവോ

ദൈവമേ... ഇത്രമേലെന്ന സ്നേഹിച്ചിടാൻ
സ്നേഹമേ... ഇത്രമേലെന്ന
വാരിപ്പുണരുമാറ് കരുതുവാൻ
ഞാൻ എന്തു നന്മ ചെയ്തു
ഞാൻ എന്ത് ഭാഗ്യം ചെയ്തു.

മാപ്പ് എനിക്ക് മാപ്പ്...
നാളിതുവരെയും നിന്നെ പഴിചാരിയതിനും...
എൻ ചെയ്തിയാൽ ചിന്തയാൽ
വന്ന അപരാധങ്ങൾക്കും.
മാപ്പ്....





# കുടുംബ കേന്ദ്രീകൃത അജ

● റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്. ആർ
തിരുവനന്തപുരം അതിരൂപതാ സഹായമെത്രാൻ

**1987** ൽ കോട്ടാറിൽ വച്ചുനടന്ന തിരുവനന്തപുരം രൂപത വൈദിക ഒത്തുവാസമാണ് സഭയിൽ പ്രത്യേകിച്ച് തിരുവനന്തപുരം രൂപതയിൽ മാതൃകാപരമായ ഒരു അല്മായ മുന്നേറ്റത്തിന് നിമിത്തമായത്. സഭയെന്നാൽ ദൈവജനമാണെന്ന രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ദർശനം ഉൾക്കൊണ്ട് രൂപതാംഗങ്ങളെ ആദിമ ക്രൈസ്തവ സഭാസമൂഹങ്ങളുടെ മാതൃകയിലേക്ക് കൈപിടിച്ച് നടത്താൻ 1990 ൽ തീരുമാനിക്കുകയായിരുന്നു. കൂട്ടായ്മയുടെയും പങ്കുവയ്ക്കലിന്റെയും സഹവർത്തിത്വത്തിന്റെയും അരൂപയിൽ സഭാമക്കൾ പരസ്പരം സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യപ്പെടുമെന്ന് ഉറപ്പുവരുത്തുകയായിരുന്നു ബിസിസികളുടെ രൂപീകരണ ലക്ഷ്യം. സഭയിൽ ഇതര രൂപതകൾക്കുമാത്രമല്ല, സിവിൽ മേഖലയ്ക്കുതന്നെ മാതൃകയായ അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളുടെ (ബിസിസി) കാൽനൂറ്റാണ്ടുകാലത്തെ പ്രവർത്തനത്തിലേക്ക് ഒരു തിരിഞ്ഞുനോട്ടം അനിവാര്യമായിരിക്കുന്നു. കേരള ലത്തീൻ സഭ 2017 ഒക്ടോബർ മാസത്തിൽ സംഘടിപ്പിക്കുന്ന മിഷൻ കോൺഗ്രസും ബിസിസി കൺവെൻഷനുമാണ് ഇത്തരം ഒരു തിരിഞ്ഞുനോട്ടത്തിന് പ്രേരകമായ ഘടകം. അതിരൂപതയിലെ ബിസിസി പ്രവർത്തനം സംബന്ധിച്ച വിലയിരുത്തലിൽ പങ്കെടുത്തപ്രമുഖർക്ക് വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളാണ് പറയാനുണ്ടായിരുന്നത്. അവരിൽ ചിലരുടെ അഭിപ്രായങ്ങളും കണ്ടെത്തലുകളും അവരുടെ തന്നെ വാക്കുകളിൽ വിശദീകരിക്കുകയാണിവിടെ.

യഥാർത്ഥത്തിൽ ബിസിസി അതിന്റെ ലക്ഷ്യത്തിലെത്തിയോ എന്ന് ചോദിച്ചാൽ അതിനുള്ള മറുപടിക്ക് ഏറെ പരിമിതികൾ ഉണ്ടാകും. കാരണം ബിസിസികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ അത്രയേറെ വലുതാണ്. അത് അപ്പാടെ നടപ്പിലായില്ലെങ്കിലും അതിലെ ആശയങ്ങൾ ഉൾക്കൊണ്ടുള്ള പ്രവർത്തനങ്ങൾ ചില ഇടവകകളിലും ബിസിസി യൂണിറ്റുകളിലും ഇന്ന് നടക്കുന്നുണ്ടെന്നുള്ളത് അതിരൂപതയെ സംബന്ധിച്ചിടത്തോളം അഭിമാനകരമാണ്.

പരസ്പരം അറിയുകയും അതുവഴി നല്ല ബന്ധവും പരസ്പര സ്നേഹവും തങ്ങൾക്കുള്ളത് മറ്റുള്ളവരുമായി പങ്കുവച്ച് ഇല്ലാത്തവരെ കൂടി തങ്ങൾക്കൊപ്പം ഉയർത്തിക്കൊണ്ടുവരികയും ചെയ്യുന്ന ആദിമ ക്രൈസ്തവ ചൈതന്യം ഉൾക്കൊള്ളാൻ പര്യാപ്തമായ ദർശനമാണ് ബിസിസി മുന്നോട്ടുവയ്ക്കുന്നത്. ആദിമ ക്രൈസ്തവ സമൂഹം എന്തായിരുന്നുവെന്ന് വിശുദ്ധ ഗ്രന്ഥത്തിൽ (അപ്പോ. 2:37-43, 4:32-35) വ്യക്തമാക്കുന്നുണ്ട്. പ്രധാനമായും നാലുകാര്യങ്ങൾക്കാണ് അതിൽ ഊന്നൽ കൊടുക്കുന്നത്. അവർ ഒരുമിച്ചുവന്നു. വചനം വായിച്ച് പങ്കുവച്ചു. ഒരുമിച്ച് അപ്പം മുറിച്ചു. ഒരുമിച്ചുപ്രാർത്ഥിച്ചു. എല്ലാവരും ഒരേ മനസ്സും ഹൃദയമുള്ളവരാവുകയും എല്ലാം പൊതുവായി കരുതുകയും ചെയ്തു. ഈ ദർശനം അന്തസത്തയിൽ ഒന്നായി കാണാൻ കഴിയാത്തതാണ് ചിലയിടങ്ങളിൽ ബിസിസി അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കാതെ പോയതിനുകാരണം. മാത്രവുമല്ല, ബിസിസിയുടെ ആരംഭകാലത്ത് നൽകിയിരുന്ന പരിശീലനം, ബോധവൽക്കരണം, പിന്തുണ എന്നിവ കാലാന്തരത്തിൽ മന്ദീഭവിച്ചുപോയി എന്നതും വിസ്മരിക്കാനാവുന്നതല്ല. അതേസമയം വളരെ വിപുലമായ ജന പങ്കാളിത്തം ഉറപ്പുവരുത്താൻ കഴിയുന്ന, സിവിൽ സൊസൈറ്റികൾ പോലും മാതൃകയാക്കുന്ന ഒരു സംവിധാനം അതിരൂപതയ്ക്ക് രൂപപ്പെടുത്തിയെടുക്കാൻ കഴിഞ്ഞുവെന്നത് അഭിമാനാർഹമായ കാര്യമാണ്. ഉദ്ദേശ്യലക്ഷ്യങ്ങൾ അതിന്റെ പൂർണ്ണതയിൽ എത്തിയില്ലെങ്കിലും ഇത്തരത്തിൽ ഒരുചട്ടക്കൂട് (സംവിധാനം) ഇതിന് പകരമായി മറ്റൊന്ന് നിർ



# പാലനമാണ് ബിസിസികളിലൂടെ നടക്കേണ്ടത്

ദ്ദേശിക്കാനാർക്ക് കഴിയും. ബിസിസികളുടെ ആശയവും ദർശനവും ഉൾക്കൊണ്ടു ജീവിക്കാനും പ്രവർത്തിക്കാനും സഭാംഗങ്ങളായ ഓരോരുത്തരം തയ്യാറായാൽ ലക്ഷ്യം സാക്ഷാത്ക്കരിക്കപ്പെടുവാൻ അധിക കാലതാമസം വേണ്ടിവരില്ല. ആരും ഒറ്റപ്പെടുന്നില്ലെന്നും ഒറ്റക്കല്ലെന്നുമുള്ള ബോധ്യത്തോടെ ക്രിസ്തീയ വിശ്വാസത്തിലധിഷ്ഠിതമായ സ്നേഹവും സൗഹൃദവും പങ്കുവയ്ക്കാൻ തയ്യാറായാൽ ബിസിസിയുടെ ഇന്നത്തെ നിർജ്ജീവാവസ്ഥമാറിക്കിട്ടും. ആയതിന് തക്കവിധം വിശ്വാസികളെ സജ്ജരാക്കാൻ ഇടവക, ഫൊറോന, രൂപതാ നേതൃത്വങ്ങളും ശുശ്രൂഷാ സമിതികളും പ്രതിജ്ഞാബദ്ധരായി പ്രവർത്തിക്കണം. തുടർ പരിശീലനങ്ങളും ബോധവൽക്കരണവും നൽകുകയും ചെയ്യേണ്ടതുണ്ട്. ചുരുക്കത്തിൽ കുടുംബ കേന്ദ്രീകൃത അജപാലനം സാധ്യമാകണമെന്നുസാരം. ആ ലക്ഷ്യത്തോടെ ബിസിസിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിലേക്കുള്ള ഒരു തിരിച്ചുപോക്കാണ് ഇപ്പോൾ അതിരൂപതയിൽ തുടക്കം കുറിച്ചിട്ടുള്ള 'ഹോം മിഷൻ' പ്രവർത്തനം. ഓരോ കുടുംബങ്ങളേയും അടുത്തറിഞ്ഞ് അവരുടെ ഉള്ളായ്മയും ഇല്ലായ്മയും തിരിച്ചറിഞ്ഞ് പരസരം സ്നേഹിച്ചും സഹായിച്ചും പങ്കുവച്ചും പ്രാർത്ഥിച്ചും വിശ്വാസാധിഷ്ഠിത ജീവിതത്തിന് സാധ്യമാക്കുന്ന ഹോമം മിഷൻ പ്രവർത്തനം ബിസിസിയുടെ ലക്ഷ്യപ്രാപ്തിക്ക് പ്രേരകമായിത്തീരട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. എല്ലാവരും ഒരുമിച്ച് കൈകോർത്തുകൊണ്ട് അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളുടെ ദർശനങ്ങൾ നമ്മുടെ ഓരോ ബിസിസി യൂണിറ്റുകളിലും സാധ്യമാക്കാൻ പരിശ്രമിക്കാം.

## ബിസിസിക്ക് ലക്ഷ്യം കൈവരിക്കാനായില്ല

● ഡോ. ലോറൻസ് കുലാസ്

അതിരൂപതാ അജപാലന ശുശ്രൂഷാ ഡയറക്ടർ

ബിസിസി തിരുവനന്തപുരം അതിരൂപതയിൽ പ്രവർത്തനമാരംഭിച്ചിട്ട് 25 വർഷം തികഞ്ഞെങ്കിലും ലക്ഷ്യം കൈവരിക്കാനായില്ല. അതിന് കാരണം, ബിസിസിയുടെ ലക്ഷ്യം എന്താണെന്ന് ശരിയായ രീതിയിൽ നിർവചിക്കപ്പെട്ടിട്ടില്ല എന്നതുതന്നെ. പങ്കാളിത്തം, വികേന്ദ്രീകരണം കീഴ്ക്കടക ശക്തീകരണം, മനുഷ്യവിഭവശേഷി വികസനം എന്നീ പൊതുലക്ഷ്യങ്ങൾ ഉൾക്കൊണ്ടാണ് അതിരൂപതയിൽ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. അല്മായ ശക്തീകരണം, നേതൃത്വം, പങ്കാളിത്തം ഇവയിൽ ഏത് ഘടകമാണ് ബിസിസിയിലൂടെ വളർന്നതെന്ന് ചോദിച്ചാൽ അല്മായ പങ്കാളിത്തം മാത്രമാണ് ഒരുപരിധിവരെയെങ്കിലും വളർന്നുവെന്ന് പറയാനാവൂ.

## പങ്കാളിത്തസഭ യാഥാർത്ഥ്യമാക്കാൻ ബിസിസികൾക്ക് കഴിഞ്ഞു

● ഫാ. എ. ആർ. ജോൺ

കുടുംബ പ്രേഷിത ശുശ്രൂഷാ ഡയറക്ടർ

സഭയോടൊത്ത് സഭയ്ക്കുവേണ്ടി അർപ്പണ ബോധത്തോടെ പ്രവർത്തിക്കാൻ സന്നദ്ധമായ ഒരു അല്മായ സമൂഹത്തെ വാർത്തെടുക്കാൻ ബിസിസികൾക്ക് കഴിഞ്ഞു. വചനം പഠിക്കുവാനും വ്യാഖ്യാനിക്കാനും പങ്കുവയ്ക്കുവാനും ദൈവജനം പ്രാപ്തരായി. അയൽ ബന്ധങ്ങൾ സാമൂഹ്യ-ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നിവ കൂടുതൽ സാധ്യമാക്കി. രൂപതയ്ക്ക് പുതിയ ഒരു സമീപനവും പുതിയൊരു മനോഭാവവും പ്രദാനം ചെയ്യാൻ ബിസിസികൾക്ക് കഴിഞ്ഞുവെങ്കിലും കാലോചിതമായ പരിഷ്കാരങ്ങൾ ബിസിസികളിൽ ആരംഭിക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ തുടക്കത്തിൽ കണ്ട ആവേശം കാലാന്തരത്തിൽ ആലസ്യത്തിലേക്ക് വഴുതിവീഴാൻ കാരണമാകും.



# ബിസിസി ആരംഭകാല ഉദ്ദേശലക്ഷ്യങ്ങളിലേക്ക് മടങ്ങിപ്പോകണം

കാൽ നൂറ്റാണ്ടുമുൻപ് തിരുവനന്തപുരം അതിരൂപതയിൽ പ്രവർത്തനമാരംഭിച്ച ബിസിസികൾ അതിന്റെ ലക്ഷ്യത്തോട് എത്രമാത്രം നീതിപുലർത്തിയെന്നൊരന്വേഷണത്തിൽ ഇനിയും ഒട്ടുവളരെപ്പേർ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. സഹകരിച്ചവരിൽ പലരും വ്യത്യസ്ത അഭിപ്രായങ്ങളാണ് രേഖപ്പെടുത്തിയെങ്കിലും ഒരുകാര്യത്തിൽ അവർ യോജിക്കുന്നുണ്ട്. ബിസിസിയുടെ ആരംഭകാലഘട്ടത്തിൽ ഉണ്ടായിരുന്ന തീക്ഷ്ണതയും സഹകരണവും ആത്മാർത്ഥതയും ഇന്നില്ലെന്ന വികാരമാണ് അവർ പങ്കുവച്ചത്. എങ്കിലും അതിരൂപതയിൽ അങ്ങിങ്ങ് ചില ഇടവകകളിലും ബിസിസി യൂണിറ്റുകളിലും ആശാവഹമായ പ്രവർത്തനങ്ങൾ നടക്കുന്നുവെന്നത് പ്രതീക്ഷയ്ക്കുവക നൽകുന്നുവെന്നും അവർ വിലയിരുത്തുന്നു.

എന്താണ് ഇത്തരത്തിൽ ഒരു വിലയിരുത്തലിന് കാരണമെന്നന്വേഷിക്കുമ്പോഴാണ് കാര്യങ്ങൾ കുറേക്കൂടി വ്യക്തമാകുന്നത്. ആയതിന് ബിസിസിയുടെ രൂപീകരണ ലക്ഷ്യം എന്തായിരുന്നുവെന്ന് ആദ്യം മനസ്സിലാക്കണം. വി. ഗ്രന്ഥത്തിൽ അപ്പസ്തോല പ്രവർത്തനം രണ്ടാം അധ്യായം 42 മുതൽ 47 വരെ വാക്യങ്ങളിൽ ബിസിസി രൂപീകരണ ലക്ഷ്യം അന്തർലീനമാണ്. പരസ്പരം അറിഞ്ഞും സ്നേഹിച്ചും പങ്കുവച്ചും പ്രാർത്ഥിച്ചും വചനങ്ങൾ വായിച്ചുപങ്കുവച്ചും കഴിഞ്ഞ ആദിമ ക്രൈസ്തവ സമൂഹങ്ങളുടെ ചെറുപതിപ്പുകളെ സൃഷ്ടിച്ചെടുക്കാനുള്ള ശ്രമമാണ് അതിരൂപതയിൽ ബിസിസി രൂപീകരണത്തിന് പ്രേരണയായത്. ആ ലക്ഷ്യസാക്ഷാൽക്കാരത്തിലേക്കുള്ള പ്രയാണത്തിൽ പ്രാരംഭഘട്ടത്തിൽ കണ്ട താല്പര്യം, സംഘടനാമികവ്, സഹവർത്തിത്വം, ആത്മീയ അഭിനിവേശം, തുടർ പരിശീലനം തുടങ്ങിയവ രണ്ടാംഘട്ടമായപ്പോൾ കൈമോശം വന്നുപോയതിനാൽ ബിസിസികൾക്ക് അതിന്റെ ലക്ഷ്യത്തിലേക്കുള്ള പ്രയാണം സാധ്യമായില്ല. അതിലുപരി ബിസിസിയുടെ ലക്ഷ്യം സംബന്ധിച്ച് പുതിയ തലമുറ ആർജ്ജിക്കാതെ പോയ അറിവും അതിവഴിയുണ്ടായ അജ്ഞതയും വിശ്വാസപരമായും ഭരണപരമായും തങ്ങൾ പൂർണ്ണരാ



ണെന്ന ധാർഷ്ട്യവും ബിസിസി കൂട്ടായ്മകൾ വെറും പ്രാർത്ഥനാ ഗ്രൂപ്പുകളാണെന്നുള്ള ധാരണയും ബിസിസി പ്രവർത്തനങ്ങളെ തളർത്തിക്കളഞ്ഞു. അതോടെ ബിസിസികൾ പലയിടങ്ങളിലും വെറും ചടങ്ങുകൾ മാത്രമായി ചുരുങ്ങി. ആദിമ ക്രൈസ്തവ സമൂഹചൈതന്യത്തോടെ ബിസിസികളെ വളർത്തിയെടുക്കേണ്ട ഇടവക നേതൃത്വങ്ങൾ ഇക്കാര്യത്തിൽ കാണിച്ച വൈമനസ്യവും താല്പര്യക്കുറവും മറ്റൊരുവശത്ത് ബിസിസികളെ തളർത്തി. അതേസമയം ബിസിസിയുടെ ഉദ്ദേശലക്ഷ്യങ്ങൾ മനസ്സിലാക്കി ചൈതന്യവത്തായി പ്രവർത്തിക്കുന്ന യൂണിറ്റുകൾ ഉണ്ടെന്ന കാര്യവും വ്യക്തമാക്കപ്പെടുന്നുണ്ട്. അതിനൊരു ഉദാഹരണമാണ് കഴക്കൂട്ടം ഇടവകയിലെ സെന്റ് ജോസഫ് കുടുംബകൂട്ടായ്മയെന്ന് ഈ വിലയിരുത്തൽ അഭിപ്രായം പങ്കുവച്ച ഫ്രഡറിക് റ്റി.പെരേര പറയുന്നു.

പുരുഷ പങ്കാളിത്തം, ചർച്ചയും പങ്കുവയ്ക്കലും കൂട്ടായ്മയെ സജീവവും ആസ്വാദ്യകരവും ക്രിയാത്മകവുമാക്കുന്നു. മറ്റുള്ളവരുടെ കുറവുകൾ കണ്ടെത്തി അവ പരിഹരിക്കാനും അവർക്ക് താങ്ങാകാനും ആരും ഒറ്റയ്ക്കല്ലെന്നും ഒറ്റപ്പെടുന്നില്ലെന്നും ബോധ്യമാക്കാനും ഈ കൂട്ടായ്മക്ക് കഴിയുന്നു. അതിനാൽ തന്നെ ഈ ഈകൂട്ടായ്മ ബിസിസിയുടെ ഉദ്ദേശലക്ഷ്യങ്ങളോട് അടുത്തുനിൽക്കുന്നുവെന്ന് വേണമെങ്കിൽ പറയാം. എന്തുകൊണ്ട് ഇത് മറ്റ് യൂണിറ്റുകൾക്കും ഇടവകകൾക്കും കഴിയുന്നില്ല. അതിനുള്ള മറുപടിയാണ് മേരി ഫ്രീഡയുടെ കണ്ടെത്തൽ.

പരിശീലനവും വിശ്വാസവുമില്ലാത്ത നേതൃത്വവും ബിസിസിയുടെ സ്ഥാപനലക്ഷ്യത്തെക്കുറിച്ചുള്ള അജ്ഞതയും തങ്ങളുടെ കടമകളെക്കുറിച്ചും ഉത്തരവാദിത്വങ്ങളെക്കുറിച്ചുമുള്ള ബോധ്യക്കുറവും ദൈവവിശ്വാസമില്ലായ്മയുമാണ് ഇന്ന് ഒട്ടുമിക്ക ബിസിസികളുടെയും പ്രവർത്തനത്തെ സാരമായി ബാധിച്ചിരിക്കുന്ന ഘടകം. ഇന്നത്തെ പല ബിസിസി നേതൃത്വങ്ങളും വചനവിചിന്തനത്തിനുപോലും പ്രാപ്തരല്ലെന്ന വിലയിരുത്തലാണുള്ളത്. ഇതിനുപുറമെ പുരുഷപങ്കാളിത്തത്തെക്കുറിച്ചും ഇടവക വികാരിമാരുടെ താല്പര്യമില്ലായ്മയും ബിസിസികളുടെ പ്രവർത്തനമാന്ദ്യത്തിനുള്ള മറ്റ് കാരണങ്ങളാണ്.

ഈ വിലയിരുത്തലുകൾക്കെല്ലാം ഉപരിയായി മറ്റൊരു ഘടകം ഇവിടെ പ്രത്യേകമായി പരാമർശിക്കേണ്ടതുണ്ട്. ഇന്ന് ബിസിസികളെക്കുറിച്ച് പലരും ആധികാരികമായി പറയുന്നുണ്ടെങ്കിലും ആർക്കും തന്നെ എന്താണ് ബിസിസി എന്നും അതിന്റെ ലക്ഷ്യമെന്താണെന്നുമുള്ള കാര്യത്തിൽ വ്യക്തമായ അറിവില്ലെന്നതാണ് യാഥാർത്ഥ്യം. ഇന്നുകാണുന്ന രീതിയിൽ ഒന്നിച്ചുകൂടി, പ്രാർത്ഥിച്ച് മുൻയോഗ റിപ്പോർട്ട് വായിച്ച് ചർച്ച ചെയ്ത് പിരിഞ്ഞുപോകുന്നതല്ല ബിസിസിയുടെ പ്രവർത്തനം. കീഴ്വഴക്കം പോലെ വന്നുഭവിച്ച ഈ കാര്യപരിപാടിയിൽ കൂടുതലായി എന്തെങ്കിലും മനസ്സിലാക്കാനോ പ്രവർത്തിക്കാനോ ഇന്നുള്ളവർ തയ്യാറല്ല. ഈ അല്പജ്ഞാനവും ബിസിസികളിൽ രാഷ്ട്രീയം കലർത്താനുള്ള ശ്രമവും ബിസിസികളുടെ പിന്നാക്കാവസ്ഥയ്ക്ക് ഒരു കാരണമാകുന്നുവെന്നതാണ് വിലയിരുത്തലിൽ അഭിപ്രായം പങ്കുവച്ച ഫാ. ആഷ്‌ലിൻ ജോസ്, സിസ്റ്റർ രഞ്ജു, ആന്റണി.എ തുടങ്ങിയവരുടെ കാഴ്ചപ്പാട്.

മേൽപ്പറഞ്ഞ വിലയിരുത്തലുകളുടെ പശ്ചാത്തലത്തിൽ ബിസിസികളുടെ പുനഃരുദ്ധാരണത്തിന് ഒട്ടേറെ നിർദ്ദേശങ്ങളും അവർ മുന്നോട്ടുവച്ചിട്ടുണ്ട്. ബിസിസിയുടെ ഉദ്ദേശലക്ഷ്യങ്ങളെക്കുറിച്ച് അതിരൂപതയിലെ മുഴുവൻ വിശ്വാസികൾക്കും അറിവും പരിശീലനവും നൽകുക. ഒപ്പം തുടർ പരിശീലനവും റിസോഴ്സും ലഭ്യമാക്കുക. ചില ഇടവക നേതൃത്വങ്ങൾ ബിസിസികളോട് കാണിക്കുന്ന അവഗണന അവസാനിപ്പിക്കുക, രൂപത ഫെറോന ഇടവകതല ശുശ്രൂഷാ പ്രവർത്തനങ്ങൾ ബിസിസി വഴി നടപ്പിലാക്കുക, ചുരുക്കിപ്പറഞ്ഞാൽ ലോകത്തിനാകമാനം പ്രത്യേകിച്ച് കത്തോലിക്കാ രൂപതകൾക്ക് മാതൃകയായ ഒരു പങ്കാളിത്തസംവിധാനം ബിസിസിയിലൂടെ സംഭാവന ചെയ്യാൻ തിരുവനന്തപുരം ലത്തീൻ രൂപതയ്ക്കും കഴിഞ്ഞിരിക്കുന്നു. ആ മഹത്തായ പ്രസ്ഥാനത്തിന്റെ ആർക്കും പകരം വയ്ക്കാനില്ലാത്ത ഒരു സംവിധാനത്തിന്റെ ചട്ടക്കൂട് നിർമിച്ചെടുക്കാൻ അതിരൂപതയ്ക്ക് കഴിഞ്ഞു. ഈ സംവിധാനത്തെ പ്രവർത്തനക്ഷമമാക്കണമെങ്കിൽ ബിസിസിയുടെ ആരംഭലക്ഷ്യത്തിലേക്ക് തിരിച്ചുപോകണം.

ഫാ. ജോസ് ജി.

# മാമ്മോദീസ സ്വീകരിച്ച കത്തോലിക്ക കുട്ടിക്ക് ആദ്യകുർബാന നിഷേധിക്കാമോ?

തിരുവനന്തപുരം അതിരൂപതയിലെ ഒരു ഇടവക വികാരിയാണ് ഞാൻ. കുറച്ചു ദിവസങ്ങൾക്കുമുൻപ് മറ്റൊരു ഇടവകയിലെ ഞാൻ അറിയുന്ന ഒരു കുടുംബം എന്നെ സമീപിച്ചിരുന്നു. സിവിൽപരമായി വേർപിരിഞ്ഞ് രജിസ്റ്റർ വിവാഹം ചെയ്ത ദമ്പതികളാണ് പ്രസ്തുത കുടുംബത്തിലെ മാതാപിതാക്കൾ. സഭാപരമായി അവരുടെ പൂർവ്വബന്ധങ്ങൾ അസാധുവാക്കാനുള്ള കേസ് നടന്നുവരുന്നു. അവരുടെ മ



കൻ കത്തോലിക്കാ ദൈവാലയത്തിൽവച്ച് മാമ്മോദീസ സ്വീകരിച്ചിട്ടുള്ളതാണ്. അവനിപ്പോൾ പതിന്നാല് വയസ് പ്രായമുണ്ട്. ആദ്യകുർബ്ബാന സ്വീകരിക്കാനുള്ള ആഗ്രഹം ഇടവക വികാരിയെ സമീപിച്ച് അറിയിച്ചപ്പോൾ മാതാപിതാക്കളുടെ വിവാഹം സഭാപരമായി നടന്നശേഷമേ അവന് ആദ്യകുർബ്ബാന നല്കാനാകൂ എന്ന് ഇടവക വികാരി അറിയിച്ചതായി അവർ പറയുന്നു. നിയമപരമായ തടസ്സം കാരണം മാതാപിതാക്കൾക്ക് സഭാപരമായി വിവാഹം കഴിക്കാനാകാത്തതിന്റെ പേരിൽ ആ കുട്ടിക്ക് ആദ്യകുർബ്ബാന നിഷേധിക്കാമോ?

ആദ്യകുർബ്ബാന ആവശ്യപ്പെടുന്ന പതിന്നാലു വയസ്സുള്ള കത്തോലിക്ക കുട്ടിയുടെ കാര്യവും സഭാപരമല്ലാത്ത വിവാഹജീവിതം നയിക്കുന്ന അവന്റെ മാതാപിതാക്കളുടെ ജീവിതാവസ്ഥയെ സംബന്ധിച്ച കാര്യവും ഒന്നായി കാണുകയും കൈകാര്യം ചെയ്യുകയും ചെയ്യേണ്ട വിഷയങ്ങളല്ല. അവ രണ്ടും വ്യത്യസ്ത വിഷയങ്ങളാണ്. അതുകൊണ്ടുതന്നെ അവ വ്യത്യസ്തമായിത്തന്നെ കാണേണ്ടതുമാണ്.

അറിഞ്ഞുകൊണ്ട് നിയമലംഘനം നടത്തുന്ന വ്യക്തികൾ നിയമത്തിൽ പറഞ്ഞിട്ടുള്ള ശിക്ഷകൾക്ക് വിധേയരാണെന്ന് കാനോൻ നിയമം 1321 സൂചിപ്പിക്കുന്നു. കാനോൻ നിയമം 1323-ൽ No.1 പറയുന്നത് 16 വയസ്സ് പൂർത്തിയാകാത്തവരെ ശിക്ഷിക്കാനേ പാടില്ല എന്നാണ്. കാനോൻ നിയമം 842§2 അനുസരിച്ച്, മാമ്മോദീസ, സ്ഥൈര്യലേപനം, വിശുദ്ധ കുർബ്ബാന എന്നീ കൂദാശകളിലൂടെയാണ് പൂർണ്ണതോതിലുള്ള ക്രിസ്തീയ ജീവിതം ആരംഭിക്കുന്നത്. കാനോൻ നിയമം 843§3 പ്രകാരം വേണ്ടത്ര ഒരുക്കമുള്ളവരും കൂദാശകൾ സ്വീകരിക്കുന്നതിൽ വിലക്കപ്പെടാത്തവരും ആവശ്യപ്പെട്ടാൽ അവർക്ക് കൂദാശകൾ നിഷേധിക്കാൻ പാടില്ലാത്തതാകുന്നു. കാനോൻ നിയമം 517 മുതലുള്ള ഭാഗം ഇടവക വികാരിമാരുടെ അജപാലന ചുമതല വ്യക്തമാക്കുന്നു, കൂദാശ സ്വീകരണവും വിലക്കും സംബന്ധിച്ച സഭാനിയമം, ഈ പശ്ചാത്തലത്തിൽ താഴെപ്പറയുന്ന രീതിയിൽ ചിട്ടപ്പെടുത്താം.

1. ശിക്ഷാർഹമായ സഭാനിയമ ലംഘനങ്ങൾക്കുള്ള ശിക്ഷകൾ നിയമലംഘനം നടത്തുന്നവരുടെമേൽ ചുമത്താവുന്നതാണ്. 2. 16 വയസ്സ് പൂർത്തിയാകാത്തവരെ ശിക്ഷിക്കാൻ പാടില്ലാത്തതാകുന്നു. 3. സഭയുടെ ശിക്ഷാവിധിയിൽപ്പെടാത്തവരും വിലക്കുകളില്ലാത്തവരും വേണ്ടത്ര ഒരുക്കവുമുള്ള ക്രൈസ്തവ കത്തോലിക്കർ കൂദാശകൾ ആവശ്യപ്പെട്ടാൽ ഇടവക വികാരിമാർ കൂദാശകൾ നിഷേധിക്കാൻ പാടില്ലാത്തതാകുന്നു.

ഇനി താങ്കളുടെ ചോദ്യത്തിലേക്ക് വരുന്നു: മാതാപിതാക്കൾ സഭാപരമായ വിവാഹജീവിതം നയിക്കാത്തതിന്റെ പേരിൽ 14 വയസ്സ് പ്രായമുള്ള മാമ്മോദീസ സ്വീകരിച്ച മകന് ആദ്യകുർബ്ബാന നിഷേധിക്കാമോ? എന്നതാണ് താങ്കളുടെ സംശയം. താങ്കളുടെ ചോദ്യത്തിലെ ആദ്യകുർബ്ബാന ആവശ്യപ്പെടുന്ന കുട്ടി മാമ്മോദീസ സ്വീകരിച്ചിട്ടുള്ളതും 14 വയസ്സുമാത്രം പ്രായമുള്ളതുമാണ്. ആദ്യകുർബ്ബാന സ്വീകരണത്തിന് തിരുവനന്തപുരം അതിരൂപത നിർദ്ദേശിക്കുന്ന മിനിമം പ്രായം 8 വയസ്സാണ്. പ്രസ്തുത കുട്ടി മാമ്മോദീസ സ്വീകരിച്ച കത്തോലിക്കനായതിനാലും സഭയുടെ ശിക്ഷാനടപടികൾക്ക് വിധേയനാകുന്ന പ്രായപൂർത്തി ആകാത്തതിനാലും വിലക്കുകളിൽപ്പെടാത്തതിനാലും തിരുവനന്തപുരം അതിരൂപത ആവശ്യപ്പെടുന്ന കുറഞ്ഞ പ്രായപരിധി കഴിഞ്ഞതിനാലും അത്യാവശ്യ ഒരുക്കം കൂടി നടത്തിയാൽ ആദ്യകുർബ്ബാന നിഷേധിക്കാനുള്ള കാരണങ്ങൾ ഇല്ലാതാകും. ആയതിനാൽ, പ്രസ്തുത കുട്ടി വേണ്ടത്ര ഒരുക്കത്തിന് വിധേയനാകുന്നു എന്ന് ഇടവക വികാരി ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ, പ്രാദേശികമായ എന്തെങ്കിലും നടപടിക്രമമുണ്ടെങ്കിൽ അതുകൂടി പാലിക്കാൻ ശ്രമിക്കുക. എന്നിട്ടും ആദ്യകുർബ്ബാന നിഷേധിച്ചാൽ രൂപതാമെത്രാനെയോ ഇക്കാര്യത്തിൽ രൂപതാമെത്രാന്റെ അധികാരമുള്ള വികാരി ജനറലിനെയോ സമീപിക്കുക. വേണ്ടത്ര ഒരുക്കത്തിന് കുട്ടിയെ വിധേയനാക്കാൻ ഇടവകവികാരി തടസ്സമായാലും രൂപതാമെത്രാനെയോ ഇക്കാര്യത്തിൽ രൂപതാമെത്രാന്റെ അധികാരമുള്ള വികാരി ജനറലിനെയോ സമീപിക്കാവുന്നതാണ്.

# മെയ്ദിന ചിന്തകൾ

എം. ആർക്കാഞ്ചലോ
അല്മായ ശുശ്രൂഷാ ഡയറക്ടർ

19–ാം നൂറ്റാണ്ടിൽ അമേരിക്കയിലെ തൊഴിലാളി സമൂഹത്തിന്റെ സ്ഥിതി വളരെ ശോചനീയമായിരുന്നു. പ്രഭാതം മുതൽ പ്രദോഷം വരെ പത്തും പതിനാറും മണിക്കൂർ ജോലി സർവ്വസാധാരണമായിരുന്നു. ആ പശ്ചാത്തലത്തിലാണ് ലേബർ യൂണിയനുകളുടെ ഫെഡറേഷന്റെ നാഷണൽ കൺവെൻഷൻ 1884 ൽ ചിക്കാഗോയിൽ നടന്നത്. തൊഴിലാളികളുടെ ജോലി സമയം എട്ടുമണിക്കൂറായി നിജപ്പെടുത്തണമെന്നുള്ള പ്രമേയം കൺവെൻഷൻ പാസാക്കി. 1886 മേയ് ഒന്നിന് ചിക്കാഗോയിലെ തെരുവീഥികളിൽ മുപ്പത്തയ്യായിരത്തിലധികം വരുന്ന തൊഴിലാളികൾ തൊഴിൽ ശാലകൾ ബഹിഷ്ക്കരിച്ച് സമരത്തിനിറങ്ങി. തൊഴിലാളികളിൽ ആവേശം വിതച്ച ഒരു മുന്നേറ്റമായിരുന്നു അത്. ലോകമെങ്ങുമുള്ള തൊഴിലാളി മുന്നേറ്റങ്ങളുടെ ഒരു പുതിയ അദ്ധ്യായം തുറന്ന ദിനമായിരുന്നു ആ മേയ് ഒന്ന്.

പക്ഷേ, ഏത് വിപ്ലവത്തിനും ഒരു പ്രതിവിപ്ലവമുണ്ടല്ലോ. മേയ് നാലിന് ചിക്കാഗോയിലെ ഹേമാർക്കറ്റിൽ നടന്ന തൊഴിലാളി മാർച്ചിലേക്ക് ആരോ വലിച്ചെറിഞ്ഞ ഒരു ബോംബു പൊട്ടി ഒരു സാർജന്റ് കൊല്ലപ്പെട്ടു. ഇതേത്തുടർന്ന് നടന്ന പോലീസ് നരനായാട്ടിലും സംഘട്ടനങ്ങളിലും നാല് തൊഴിലാളികളും ഏഴ് പോലീസുകാരും കൊല്ലപ്പെടുകയും ചെയ്തു. തൊഴിലാളികൾക്ക് ഉടനെയൊന്നും അവരുടെ ആവശ്യം നേടാനായില്ലെങ്കിലും ലോകമെങ്ങും നടന്ന നിരവധി പ്രക്ഷോഭങ്ങളുടെ ഫലമായി വർഷങ്ങൾക്കുശേഷം എട്ടുമണിക്കൂർ ജോലിയെന്ന ആവശ്യം നേടാൻ തൊഴിലാളികൾക്കായി. എട്ടുമണിക്കൂർ ജോലി, എട്ടുമണിക്കൂർ വിനോദം, എട്ടുമണിക്കൂർ വിശ്രമം എന്നതായിരുന്നു മുദ്രാവാക്യം. ചിക്കാഗോയിലെ പ്രക്ഷോഭത്തിന് മൂന്നു വർഷങ്ങൾക്കുശേഷം ഫ്രാൻസിലെ സോഷ്യലിസ്റ്റ് പാർട്ടി, തൊഴിലാളി പ്രസ്ഥാനത്തെ ബഹുമാനിക്കുന്നതിനായി അന്താരാഷ്ട്ര തൊഴിലാളി ദിനം ആചരിക്കാൻ തീരുമാനിച്ചു. ഹേമാർക്കറ്റ് കൂട്ടക്കൊലയുടെ ഓർമ്മയ്ക്കായി മേയ് ഒന്ന് തൊഴിലാളി ദിനമായി തിരഞ്ഞെടുക്കുകയും ചെയ്തു.

ലോകമെങ്ങും തൊഴിലാളികൾ ആവേശത്തോടെ സ്മരിക്കുന്ന മേയ് ദിനത്തെപ്പറ്റി അമേരിക്കയിലെ തൊഴിലാളികൾ ഇന്ന് എങ്ങനെ ചിന്തിക്കുന്നു എന്നത് പഠനാർഹമാണ്. അമേരിക്കൻ ജനതയ്ക്ക് ആ രാജ്യത്തിൽ നടന്ന ഈ വലിയ തൊഴിലാളി മുന്നേറ്റത്തെപ്പറ്റി പ്രാഥമിക അറിവ് പോലും ഇല്ലെന്നുള്ളത് നമ്മെ ഇരുത്തി ചിന്തിപ്പിക്കുന്നതാണ്. പക്ഷേ, ലോകമെമ്പാടുമുള്ള ഭൂരിഭാഗം രാജ്യങ്ങളും മേയ് ഒന്ന് തൊഴിലാളി ദിനമായി ആചരിക്കുന്നു. 1955 ൽ കത്തോലിക്കാ സഭ മേയ് ഒന്ന് തൊഴിലാളി മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിന്റെ തിരുനാളായി ആചരിക്കാൻ തീരുമാനിച്ചു.

തൊഴിലാളികൾ ഏറെ സംഘടിതരും അവരുടെ അവകാശങ്ങളെപ്പറ്റി കൂടുതൽ ബോധ്യമുള്ളവരുമായിരിക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ തൊഴിലാളി ദിനത്തിന്റെ പ്രസക്തി വളരെ വലുതാണ്. ആവേശോജ്ജ്വലങ്ങളായ പ്രകടനങ്ങളും മുദ്രാവാക്യങ്ങളും പ്രസംഗങ്ങളും ധാരാളമായി നാം കേട്ടുകൊണ്ടിരിക്കുന്നു. രാഷ്ട്രീയ പാർട്ടികളെല്ലാം സംഘടിത തൊഴിലാളിവർഗ്ഗത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കാൻ മത്സരിച്ചുകൊണ്ട് മുന്നിൽ നിൽക്കുന്നു. എന്നാൽ അസംഘടിതമേഖലയിലെ തൊഴിലാളികളുടെ അവസ്ഥ വളരെ ശോചനീയമാണ്. നമ്മുടെ കേരളത്തിൽ പണി ചെയ്യാനായി അന്യസംസ്ഥാന തൊഴിലാളികളുടെ സേവനം അവശ്യമായി തീർന്നിരിക്കുന്നു. മേലനങ്ങുന്ന പണിചെയ്യാൻ ആർക്കും താല്പര്യമില്ല. അസംഘടിതമേഖലയിലെ തൊഴിലാളി ചൂഷണം ഇന്ന് നമ്മുടെ രാജ്യത്ത് ഏറെ പ്രകടമാണ്. ഇതിനെതിരെ പടപൊരുതാൻ കേരളത്തിൽ കെ.സി.ബി.സി.യുടെ കീഴിൽ കേരള ലേബർ മൂവ്മെന്റ് (കെ.എൽ.എം.) മുന്നിട്ട് പ്രവർത്തിക്കുന്നു എന്നത് ശുഭോതർക്കമായ കാര്യമാണ്. 1972 ൽ രൂപം കൊണ്ട് കെ.എൽ.എം. വിവിധ തൊഴിലാളി ഫോറങ്ങളുടെ പ്രവർത്തനത്തിലൂടെ നിസ്വാർത്ഥ സേവനം നടത്തുന്നു. സ്വതന്ത്ര നിർമ്മാണ തൊഴിലാളി യൂണിയൻ, കേരള ടെയ്ലറിംഗ് വർക്കേഴ്സ് ഫോറം, ചെറുകിട തോട്ടം തൊഴിലാളി ഫോറം, ഗാർഹിക തൊഴിലാളി ഫോറം, കേരള മോട്ടോർ ട്രാൻസ്പോർട്ടേഴ്സ് വർക്കേഴ്സ് ഫോറം, കേരള മത്സ്യത്തൊഴിലാളി ഫോറം, കേരള ഷോപ്പ് എംപ്ലോയീസ് ഫോറം എന്നിവയിലൂടെ അസംഘടിത മേഖലകളിലെ തൊഴിലാളികളുടെ ആവശ്യങ്ങൾക്കായി പോരാടാൻ സഭയ്ക്ക് സാധിക്കുന്നു. ഇത്തരം പ്രവർത്തനങ്ങൾ വഴി അസംഘടിതരും പാർശ്വവത്ക്കരിക്കപ്പെട്ടവരുമായ തൊഴിലാളി സമൂഹത്തെ മുഖ്യധാരയിൽ എത്തിക്കാനുള്ള പ്രവർത്തനങ്ങൾക്ക് പ്രചോദനം പകരുന്നതായിരിക്കട്ടെ ഈ വർഷത്തെ മേയ് ദിനാഘോഷം.



വർത്തമാനം



# ഭൂമി കൈയേറ്റത്തിന് ദൈവത്തെ എന്തിന് കൂട്ടുപിടിക്കണം

● അഗസ്റ്റിൻ കണിപ്പിള്ളി

**ഓരോ വ്യക്തിത്വങ്ങളെയും അവരുടെ പ്രവൃത്തികളിൽ നിന്നും സംസാരത്തിൽ നിന്നും തിരിച്ചറിയാം. അവരിൽ നിന്നു പുറത്തുവരുന്ന വാക്കുകൾ അവരുടെ സംസ്കാരത്തെയാണ് പ്രതിഫലിപ്പിക്കുന്നത്. ഇപ്പോൾ മൂന്നാറിൽ പെൺപിള്ള ഒരുമൈ നടത്തുന്ന സമരത്തിന് കാരണക്കാരനായ മന്ത്രിയെക്കുറിച്ച് എന്തു പറയാൻ. ചുരുക്കത്തിൽ 'അട്ടയെ പിടിച്ച് മെത്തയിൽ കിടത്തിയാലു'ള്ള സ്ഥിതിയാണ്.**

മണ്ണിനോടുള്ള മനുഷ്യന്റെ ആർത്തി ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. അതിന് സൃഷ്ടിയോളം തന്നെ പഴക്കമുണ്ട്. അതിപ്പോൾ പരത്തിപ്പറയാൻ തുടങ്ങിയാൽ ഇവിടം കൊണ്ടൊന്നും അവസാനിക്കാൻ പോകുന്നില്ല. ഭൂമിയോടുള്ള അഭിനിവേശം വ്യക്തികളും ഗോത്രങ്ങളും നാട്ടുരാജ്യങ്ങളും വിട്ട് ലോകരാഷ്ട്രങ്ങൾ നടത്തുന്ന മഹായുദ്ധം വരെ ചെന്നെത്തിനിൽക്കുന്നു. ഭൂമി കയ്യേറ്റങ്ങൾക്കും കുടിയേറ്റങ്ങൾക്കും ജാതിയും മതവും രാഷ്ട്രീയവും മതചിഹ്നങ്ങളും പരിപ്രേഷിതങ്ങളും എക്കാലവും പ്രയോജനപ്പെടുത്തിയിട്ടുണ്ട്. അതൊന്നും വിസ്മരിച്ചുകൊണ്ടല്ല ഇന്ന് നടക്കുന്ന കയ്യേറ്റങ്ങളെക്കുറിച്ച് ഇവിടെ പ്രതിപാദിക്കുന്നത്. മൂന്നാർ കുടിയേറ്റം ഇന്ന് ഒരു രാഷ്ട്രീയവിഷയമാണ്. കുടിയേറ്റം ഒഴിപ്പിക്കൽ സംബന്ധിച്ച അഭിപ്രായവ്യത്യാസങ്ങൾ സിപിഐ-സിപിഎം ചേരിപ്പോരിലേക്ക് എത്തിയതാണ് ഇതൊരു രാഷ്ട്രീയ വിഷയം കൂടിയാകാൻ കാരണമായത്. റവന്യൂവകുപ്പ് കൈകാര്യം ചെയ്യുന്ന സിപിഐയും ഭരണത്തിന് നേതൃത്വം നൽകുന്ന സിപിഎമ്മും സംസ്ഥാന താല്പര്യങ്ങളെക്കാളുപരി കുടിയൊഴിപ്പിക്കൽ കാര്യത്തിൽ വ്യക്തി-രാഷ്ട്രീയ താല്പര്യങ്ങൾക്ക് മുൻതൂക്കം കൊടുത്തതാണ് ഇക്കാര്യങ്ങൾ ഇത്രയേറെ ഒച്ചപ്പാടിലേക്ക് വഴുതി വീഴാൻ കാരണം.

ജൈവ വൈവിധ്യ സമ്പന്നമായ മൂന്നാർ പ്രകൃതിയുടെ വരദാനമാണ്. ആ മൂന്നാറിനെ ഭൂമാഫിയാകൾ പീഡിപ്പിക്കാൻ തുടങ്ങിയിട്ട് പതിറ്റാണ്ടുകൾ പലത് പെയ്തൊഴിഞ്ഞുപോയി. ഭൂമി വീണ്ടെടുക്കൽ പ്രക്രിയ മുഖ്യമന്ത്രിയായിരുന്ന വി.എസ്. അച്യുതാനന്ദന്റെ പൂച്ചമുതൽ മുഖ്യമന്ത്രി പിണറായി വിജയന്റെ തന്നയും കടന്ന് മൂന്നാർ ഭൂമി ഏറ്റെടുക്കൽ നടപടിയിലിപ്പോൾ ചെകുത്താനും കടലിനും ഇടയിൽപ്പെട്ടതുപോലെ ത്രിശങ്കു സ്വർഗ്ഗത്തിൽ നിൽക്കുന്ന ദേവികുളം സബ് കളക്ടർ വി. ശ്രീരാം വരെ ചെന്നെത്തിനിൽക്കുന്നു.

മൂന്നാർ ഭൂമി കയ്യേറ്റക്കാരിൽ നിന്ന് വീണ്ടെടു

ക്കണമെന്നകാര്യത്തിൽ കയ്യേറ്റക്കാർ ഒഴികെ മറ്റാർക്കെങ്കിലും രണ്ടാമതൊരുപക്ഷമുണ്ടാകാൻ ഇടമില്ല. അതുകൊണ്ടാണ് കയ്യേറ്റം ഒഴിപ്പിക്കൽ കാര്യത്തിൽ ദേവികുളം സബ്കളക്ടർ ഒരു പുലിയായിരിക്കുമെന്ന് കരുതി സിപിഎം ഒഴികെയുള്ള രാഷ്ട്രീയ പാർട്ടികളും രാഷ്ട്രീയമില്ലാത്ത ജനങ്ങളും സബ്കളക്ടർക്കുപുറകെ കൂടിയത്. സിപിഎം എംഎൽഎ എസ്.രാജേന്ദ്രൻ അടക്കം ഒട്ടേറെ പാർട്ടി സഖാക്കൾക്കും കോൺഗ്രസ് നേതാക്കൾക്കും മൂന്നാർ കൈയറ്റത്തിൽ പങ്കുണ്ടെന്നതാണ് കൊടിയേറ്റമൊഴിപ്പിക്കുന്ന കാര്യത്തിൽ സിപിഎം പിന്നാക്കം നിൽക്കാൻ കാരണം. ഇക്കാര്യത്തിൽ വലിയ വീമ്പുപറയുമെങ്കിലും ആശയപരമായി കോൺഗ്രസ് നേതൃത്വവും കുടിയൊഴിപ്പിക്കലിന് എതിരാണ്. അതുകൊണ്ടാണ് കുടിയൊഴിപ്പിക്കലിനെതിരെ മൂന്നാറിലെ സിപിഎം കോൺഗ്രസ് നേതാക്കൾ ഒരേ വേദിയിൽ വന്നത്.

വനഭൂമിയെ സംബന്ധിച്ച് കുടിയേറ്റവും കയ്യേറ്റവും തമ്മിൽ ആശയപരമായി വലിയ വ്യത്യാസമില്ലെങ്കിലും പ്രയോഗത്തിൽ അതിന് തരം തിരിവുണ്ട്. തലചായ്ക്കാൻ വേണ്ടി ഒരു കൂര ഒടിച്ചുകുത്താൻ ഇത്തിരിമണ്ണ്, കൃഷിചെയ്യാൻ ഒരു തുണ്ടുഭൂമി ഇതിനായി സർക്കാർ ഭൂമിയിൽ അനുമതി ഇല്ലാതെ പ്രവേശിച്ച് കൈവശപ്പെടുത്തിയാൽ അതിനെ കുടിയേറ്റമെന്നും, എന്നാൽ ലാഭേച്ഛയോടെ വൻതോതിൽ സർക്കാർ ഭൂമി അനധികൃതമായി കൈവശപ്പെടുത്തുന്നതിനെ കയ്യേറ്റമെന്നും നിർവചിക്കുന്നതാണ് ഇപ്പോൾ കണ്ടുവരുന്ന രീതി. അതുകൊണ്ടാണ് കുടിയേറ്റക്കാർക്കുവേണ്ടി സിപിഎം കണ്ണീരൊഴുക്കുന്നത്. എംഎൽഎ ഉൾപ്പെടെയുള്ള പാവം പാർട്ടി പ്രവർത്തകർ കുടിയേറിയ ഭൂമി എങ്ങനെ കയ്യേറ്റമാകും. ഇനിയിപ്പോ കയ്യേറ്റക്കാരെ ഒഴിപ്പിക്കാമെന്നും കരുതിയാൽ കുടിയേറ്റക്കാരും അതിൽ പെട്ടുപോകില്ലേ. അതായത് വാഴക്ക് വെള്ളമൊഴിച്ചാൽ വാഴച്ചുവട്ടിൽ നിൽക്കുന്ന ചേമ്പുകൂടി നനയും എന്നുപറയുന്നതുപോലെ. ചുരുക്കത്തിൽ ചേമ്പിനെ സംരക്ഷിക്കാൻ വാഴയ്ക്കുവെള്ളം ഒഴിക്കുകതന്നെ. ഭരണപക്ഷത്തെ വല്ല്യേട്ടൻ തന്നെ ഇങ്ങനെ മറുന്യായം പറയുമ്പോൾ റവന്യൂ വകുപ്പ് കൈകാര്യം ചെയ്യുന്ന സിപിഐ എന്തുചെയ്യും. അല്ലെങ്കിൽ എന്തുചെയ്യണം. കാട്ടിലെ തടി തേവരുടെ ആന... എന്ന മട്ടിൽ നിസംഗത പാലിക്കണോ. മൂന്നാർ കയ്യേറ്റമൊഴിപ്പിക്കലിൽ ശത്രുപക്ഷത്തുള്ള കോൺഗ്രസ് പോലും നിരുപിക്കാത്ത കാര്യമെന്തിനാ സിപിഐ എടുത്തു പ്രയോഗിക്കുന്നതെന്നാണ് സിപിഎമ്മിന്റെ സംശയം. കഴിഞ്ഞ ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്തും ഈ കുടിയേറ്റവും കയ്യേറ്റവും ഒക്കെയുണ്ടായിരുന്നു. എംഎൽഎ എസ്.രാജേന്ദ്രൻ ഉൾപ്പെടെയുള്ളവർ മൂന്നാറിൽ ഭൂമി കയ്യേറി വീടുവച്ചകാര്യം അറിയാത്തതുകൊണ്ടല്ല അന്നത്തെ റവന്യുമന്ത്രി ഇക്കാര്യത്തിൽ ഇടപെടാതിരുന്നത്. ശത്രുപക്ഷത്തായാലും രാജേന്ദ്രനും ഒരു കൂടപ്പിറപ്പായിപ്പോയില്ലേ എന്ന പരിഗണനയിലാണ് കുടിയേറ്റമൊഴിപ്പിക്കാത്തതെന്ന് തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത് മറന്നുപോയോ.

സർക്കാർ ചെയ്തികളെ വിമർശിച്ച് സിപിഐ നേതാവ് കാനം രാജേന്ദ്രൻ കത്തിക്കയറുമ്പോൾ അദ്ദേഹത്തിന്റെ ചോദ്യങ്ങൾക്കും പരാമർശങ്ങൾക്കും നാടുനീളെ നടന്ന് മറുപടിയും വിശദീകരണവും നൽകേണ്ട ഗതികേടിലായിരുന്നു സിപിഎം സംസ്ഥാന സെക്രട്ടറിയും മുഖ്യമന്ത്രിയും. അതിനിടയിലാണ് സിപിഎം പ്രാദേശിക നേതൃത്വങ്ങളെ വെല്ലുവിളിച്ചുകൊണ്ട് റവന്യൂമന്ത്രി കുടിയൊഴിപ്പിക്കലിന് മൂർച്ചകൂട്ടിയത്. ഇതിനെതിരെ ഒരു മന്ത്രിയുടെ മാന്യത പോലും ബലികഴിച്ച് സിപിഐ നേതൃത്വത്തെ ചീത്തവിളിക്കേണ്ട ഗതികേടുപോലും മന്ത്രി എം.എം.മണിക്ക് ഉണ്ടായി. ഈശ്വരവിശ്വാസികളല്ലെങ്കിലും സിപിഎം നേതാക്കൾ തലയിൽ കൈവച്ച് സിപിഐയെ ശപിച്ചുപോയ ഒരു സമയമായിരുന്നു അത്. എന്തായാലും ഈശ്വരൻ അവരുടെ ശാപവാക്കുകൾ കേട്ടുവെന്നാണ് തോന്നുന്നത്. അതുകൊണ്ടാണല്ലോ മൂന്നാർ കുടിയൊഴിപ്പിക്കലിന് തീവ്രത കുറയ്ക്കാൻ കാരണമായ കുരിശുതകർക്കൽ പ്രശ്നം അരങ്ങേറിയത്.

ചിന്നക്കനാൽ വില്ലേജിൽ സൂര്യനെല്ലിക്ക് സമീപം പാപ്പാത്തിച്ചോലയിൽ സ്പിരിറ്റ് ഇൻ ജീസസ് എന്ന പ്രാർത്ഥനാഗ്രൂപ്പ് സ്ഥാപിച്ച ഒരു ടണ്ണിലേറെ ഭാരം വരുന്ന കുരിശാണ് കുടിയൊഴിപ്പിക്കലിന്റെ പേരിൽ തകർത്തെറിഞ്ഞത്. ഭൂമി കയ്യേറ്റത്തിന് കുരിശ് മറയാക്കുകയായിരുന്നു ഇവർ ചെയ്തത്. സഹനത്തിന്റെയും രക്ഷയുടെയും അടയാളമായി ലോകം മുഴുവൻ വണങ്ങുന്ന കുരിശിനെ ഭൂമികയ്യേറ്റത്തിന് മറയായി ഉപയോഗിച്ചതുതന്നെ കുരിശിനോടുള്ള അവഹേളനമാണ്. കുടിയേറ്റമേഖലയിൽ ദൈവസാന്നിധ്യമായിരുന്നു കുരിശു സ്ഥാപകരുടെ ലക്ഷ്യമായിരുന്നെങ്കിൽ അതിന് ചെറിയൊരു തറവിസ്തീർണ്ണത്തിൽ സ്ഥലം മതിയാകുമായിരുന്നു. ഇത്





അതല്ല, നൂറുകണക്കിന് ഏക്കർ വനഭൂമി കയ്യേറാനുള്ള ശ്രമത്തിന്റെ ഭാഗമായിരുന്നു ഈ കുരിശ് സ്ഥാപിക്കൽ. കത്തോലിക്കാ സഭയുടെ പഠനങ്ങൾക്കും വിശ്വാസങ്ങൾക്കും എതിരെ പ്രചരണം നടത്തുന്ന സ്പിരിറ്റ് ഇൻ ജീസസ് എന്ന പ്രസ്ഥാനത്തെ കത്തോലിക്കാ സഭ പണ്ടേ തള്ളിപ്പറഞ്ഞതാണ്. കുടിയേറ്റമായാലും കയ്യേറ്റമായാലും അത് ഒഴിപ്പിച്ച് ഭൂമി സർക്കാർ ഏറ്റെടുക്കണമെന്ന കാര്യത്തിൽ കത്തോലിക്കാ സഭയ്ക്ക് എതിർപ്പില്ല. പക്ഷേ ആരു സ്ഥാപിച്ചതായാലും ആ കുരിശ് നീക്കം ചെയ്തതിലെ മാന്യതക്കുറവാണ് ഈശ്വര വിശ്വാസികളെ വേദനിപ്പിച്ചത്. ഭൂമി കുടിയൊഴിപ്പിക്കലിന്റെ പേരിൽ കുരിശിനോടു കാണിച്ച അവഹേളനം അംഗീകരിക്കാനാവുന്നതല്ല. കുരിശുമാറ്റാൻ ഇന്ത്യ ഭരണഘടനയിൽ എത്രയോ മാർഗ്ഗങ്ങൾ ഉണ്ട്. മൂന്നാറിലെ കുരിശ് ഒഴിപ്പിക്കലിനെ ക്രൈസ്തവ മേലധ്യക്ഷന്മാർ അപലപിച്ചത് കുടിയേറ്റക്കാർക്കുള്ള പിന്തുണയായിട്ടല്ല, കുരിശിനോടുള്ള ബഹുമാനം കൊണ്ടാണെന്ന് കരുതിയാൽ മതി. കുരിശുമാറ്റത്തോടെ സംജാത രാഷ്ട്രീയ അന്തരീക്ഷം സിപിഎം തന്ത്രപൂർവ്വം കൈപ്പിടിയിലൊതുക്കി. അതിനുവേണ്ടിയാണ് നികൃഷ്ടജീവി പരാമർശം നടത്തിയ മുഖ്യമന്ത്രി പിണറായി വിജയൻ പൂജ്യവസ്തുവായ കുരിശ് തകർക്കപ്പെട്ടതിനെതിരെ രോഷംകൊണ്ടത്. ഈ രോഷത്തിന്റെ പിന്നിലെ ആത്മാർത്ഥത യാഥാർത്ഥ്യമാണോ എന്ന കാര്യത്തിൽ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയ്ക്കുള്ള സംശയം എല്ലാവർക്കുമുണ്ട്. മതചിഹ്നങ്ങളും വിഗ്രഹങ്ങളും വച്ചുള്ള ഭൂമി കയ്യേറ്റം ഇന്ന് വ്യാപകമാണ്. അനധികൃത കുടിയേറ്റങ്ങൾക്ക് ദൈവപിന്തുണയുണ്ടെന്ന തോന്നൽ അസ്ഥാനത്താണ്. അനീതിയെ ദൈവം അനുകൂലിക്കില്ലെന്ന് യഥാർത്ഥ വിശ്വാസികൾക്കറിയാം. മൂന്നാറിൽ മാത്രമല്ല നാടുനീളെ മതചിഹ്നങ്ങൾക്ക് മറവിൽ നടത്തിയിട്ടുള്ള മുഴുവൻ കയ്യേറ്റങ്ങളും കുടിയേറ്റങ്ങളും ഒഴിപ്പിക്കണം. അത് വനഭൂമിയിലായാലും പുറമ്പോക്കിലായാലും, റവന്യൂഭൂമിയിലായാലും. എന്തിനെറെ പെരിയാറ്റിലായാലും ഒഴിപ്പിക്കുക തന്നെ വേണം. മണ്ണ് സംരക്ഷിക്കപ്പെടുകയും കുരിശുകൾ മഹത്വവൽക്കരിക്കപ്പെടുകയും വേണം.

മാതൃകകൾ



*ഫ്രാൻസിസ് സേവ്യർ രാജ്*

# എന്റെ ജീവിതം കർത്താവിന്റെ കാരുണ്യം

**1936** നവംബർ 13 ന് അദ്ധ്യാപകരായ രത്നരാജ്, ആഗ്നസ് രാജ് ദമ്പതികളുടെ ആറാമത്തെ മകനായിട്ടാണ് ഞാൻ ജനിച്ചത്. അനുദിന ദിവ്യപൂജ, കൂദാശാജീവിതം, കുടുംബപ്രാർത്ഥന എന്നിവയിൽ നിഷ്ഠയുള്ള കുടുംബമായിരുന്നു എന്റേത്. മാതാപിതാക്കൾ കർമ്മലീത്ത മൂന്നാം സഭയിൽ പ്രവർത്തിച്ചുകൊണ്ട് അല്മായ പ്രേഷിതത്വ നിരയിൽ സേവനം ചെയ്യുന്നത് കണ്ടാണ് ഞാൻ വളർന്നത്.

1954 ൽ, കർമ്മലീത്ത ആശ്രമത്തിൽ സ്ഥാപിതമായിരുന്ന ലീജിയൻ ഓഫ് മേരി ഔർ ലേഡി ഓഫ് മൗണ്ട് കാർമ്മൽ പ്രസീദിയത്തിൽ അംഗമായി ചേർന്നു. ഇന്നും തീക്ഷ്ണമായി പ്രവർത്തിക്കാൻ പരിശുദ്ധ കന്യകാമറിയം സഹായിക്കുന്നു. 1955 ൽ വട്ടിയൂർക്കാവ് വെള്ളെക്കടവിൽ ഒരു മിഷൻ കേന്ദ്രം ആരംഭിക്കാനായി മോൺ. മാർക്ക് നെറ്റോയോടൊപ്പം പ്രവർത്തിച്ചു. ഇന്ന് അത് ക്രിസ്തുരാജപുരം ദൈവാലയമായിരിക്കുന്നു. അതുപോലെ തന്നെ പൂജപ്പുര മുടവൻമുഗൾ മിഷൻ കേന്ദ്രത്തിനുവേണ്ടിയും പ്രവർത്തിച്ചു. അത് ഇന്ന് മേരിറാണി ദൈവാലയമായിരിക്കുന്നു. അഞ്ചുതെങ്ങ് മുതൽ തൂത്തൂർ വരെ ലീജിയൻ ഓഫ് മേരി പ്രസീദിയങ്ങളും ഉപരിസമിതികളും സ്ഥാപിക്കുന്നതിനും പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനുമായി മറ്റ് ലീജിയൻ അംഗങ്ങളോടൊപ്പം പ്രവർത്തിച്ചു. ബംഗാൾ ഉൾക്കടലിലെ ആന്റമാൻ നിക്കോബാർ ദ്വീപുകളിൽ ലീജിയൻ സ്ഥാപിക്കുന്നതിനായി മൂന്നുപ്രാവശ്യം കപ്പൽ യാത്ര നടത്തി. അവിടെ താമസിച്ച് ഭവനങ്ങൾ തോറും സുവിശേഷ പ്രഘോഷണം നടത്തി. കൽക്കട്ടയിലെ ചേരിപ്രദേശങ്ങൾ സന്ദർശിച്ച് വീടുകൾതോറും സുവിശേഷ പ്രഘോഷണം നടത്തി.

കരിസ്മാറ്റിക് നവീകരണം കേരളത്തിൽ ആരംഭിച്ച കാലത്ത് തന്നെ പേട്ട സെന്റ് ആൻസ് ദൈവാലയത്തിൽ അഞ്ചുദിവസത്തെ ധ്യാനം സംഘടിപ്പിച്ചു.

തിരുവനന്തപുരത്ത് ആദ്യത്തെ കൺവെൻഷൻ സെന്റ് ജോസഫ്സ് ഹൈസ്ക്കൂൾ ഗ്രൗണ്ടിൽ സംഘടിപ്പിക്കാൻ നേതൃത്വം നൽകി. മൂന്ന് വർഷം കൂടുമ്പോഴുള്ള എല്ലാ ദേശീയ കരിസ്മാറ്റിക് കൺവെൻഷനുകളിലും പങ്കെടുക്കുന്നു. പോട്ടയിൽ എല്ലാ വർഷവും നടക്കുന്ന ബൈബിൾ കൺവെൻഷനുകളിൽ ഞാൻ പങ്കെടുക്കുന്നു. തിരുവനന്തപുരം രൂപതയിലുടനീളം (ഇന്നത്തെ നെയ്യാറ്റിൻകര രൂപത ഉൾപ്പെടെ) പത്തുവർഷക്കാലം ദൈവവചന പദയാത്ര സംഘടിപ്പിച്ചത് എന്റെ ജീവിതത്തിലെ മറക്കാനാവാത്ത സംഭവമാണ്. സൈക്കിളിൽ മൈക്ക് ഘടിപ്പിച്ച് സ്തുതിഗീതങ്ങളാലപിച്ച് ഓരോ കവലകളിലും എത്തി വചനപ്രഘോഷണം നടത്തിയ ഞങ്ങളെ കുരിശ് രൂപവും വചനമെഴുതിയ ബാനറുകളും പിടിച്ചുകൊണ്ട് അനേകം പേർ പദയാത്രയെ അനുഗമിച്ചു. എന്റെ ആത്മീയ ഉത്ക്കർഷത്തിന് വളരെ പ്രയോജനപ്പെട്ടു.

1959 ൽ സെന്റ് ജോസഫ്സ് ഹൈസ്ക്കൂളിൽ അദ്ധ്യാപകനായി സേവനം ആരംഭിച്ചു. ഗവ. ട്രെയിനിംഗ് കോളേജിൽ ബി.എഡിന് പഠിക്കുമ്പോൾ വിദ്യാർത്ഥികളുടെ ഒരു അവകാശ സമരത്തിന് നേതൃത്വം നൽകി. സെക്രട്ടേറിയേറ്റ് നടയിൽ എട്ട് ദിവസം നിരാഹാര സമരം നടത്തി. സമരം വിജയിച്ചു. സ്ക്കൂളിൽ വിദ്യാർത്ഥികൾക്ക് 'സ്നേഹസേന' മാസികയും ഇംഗ്ലീഷ് പ്രസിദ്ധീകരണമായ 'സോൾജിയർ ഓഫ് ഗോഡ്' എന്ന മാസികയും വിതരണം ചെയ്തു. പ്രതിമാസം ആയിരം വിദ്യാർത്ഥികൾക്കാണ് (അക്രൈസ്തവർ ഉൾപ്പെടെ) ഇവ വിതരണം ചെയ്തത്. ജീവിതപങ്കാളിയുടെ നിർലോഭമായ പിന്തുണയാണ് സജീവമായ പ്രേഷിത പ്രവർത്തനത്തിന് എന്നെ പ്രാപ്തനാക്കിയത്. 2015 ൽ 50-ാം വിവാഹവാർഷികം ആഘോഷിക്കാൻ കർത്താവ് കൃപ നൽകി. രണ്ടുപ്രാവശ്യം വിശുദ്ധനാട് സന്ദർശിച്ചു. 80 വയസ് കഴിഞ്ഞെങ്കിലും എല്ലാ ദിവസവും സൈക്കിൾ ചവിട്ടി അനുദിന ദിവ്യബലിയിൽ സംബന്ധിക്കാൻ കഴിയുന്ന എന്റെ ജീവിതം കർത്താവിന്റെ കാരുണ്യം മാത്രമാണെന്ന് ഞാൻ വിശ്വസിക്കുന്നു.



*പ്രഥമ വ്രതവാഗ്ദാനം നടത്തിയ സന്യാസാർത്ഥിനികൾ ആർച്ച്ബിഷപ്പ് ഡോ.സൂസപാക്യം, സഹായമെത്രാൻ ഡോ. ആർ.ക്രിസ്തുദാസ്, വികാരി ജനറൽ മോൺ. യൂജിൻ എച്ച്.പെരേര, മോൺ. ജെയിംസ് കുലാസ് എന്നിവരോടൊപ്പം*

## പ്രത്യാശയുടെ ദാസിമാർ പ്രഥമ വ്രതവാഗ്ദാനം നടത്തി

തിരവനന്തപുരം: അതിരൂപതാധ്യക്ഷൻ സ്ഥാപിച്ച 'പ്രത്യാശയുടെ ദാസിമാർ' സന്യാസമൂഹത്തിൽ നിന്ന് മൂന്ന് സന്യാസാർത്ഥിനികൾ പ്രഥമ വ്രതവാഗ്ദാനം നടത്തി സഭാവസ്ത്രം സ്വീകരിച്ചു. സിസ്റ്റർ ഉഷ മാർസലിൻ, സിസ്റ്റർ ജീവാമേരി ജോർജ്ജ്, സി.ഡയാന സൂസപാക്യം എന്നിവരാണ് മാർച്ച് 25 ന് മംഗളവാർത്ത തിരുനാൾ ദിനത്തിൽ പ്രഥമവ്രതവാഗ്ദാനം നടത്തിയത്. വെട്ടുതുറ സെന്റ് സെബാസ്റ്റ്യൻ ദേവാലയത്തിൽ അതിരൂപതാധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ.സൂസപാക്യത്തിന്റെ മുഖ്യ കാർമികത്വത്തിൽ നടന്ന ദിവ്യബലിയോടനുബന്ധിച്ചാണ് സന്യാസാർത്ഥിനികൾ പ്രഥമ വ്രതവാഗ്ദാനം നടത്തിയത്. ബിഷപ്പ് ഡോ. ക്രിസ്തുദാസ് ആർ, വികാരി ജനറൽ മോൺ യൂജിൻ എച്ച്.പെരേര, മോൺ തോമസ് നെറ്റോ, മോൺ ജെയിംസ് കുലാസ്, ഇടവക വികാരി ഫാ. റെക്സ് മൊറൈസ് തുടങ്ങിയവർ സഹകാർമ്മികരായിരുന്നു.

## ലൂർദ്ദ് മാതാവിന്റെ ഗ്രോട്ടോ

കഠിനംകുളം: സെന്റ് മൈക്കിൾസ് ഹയർ സെക്കണ്ടറി സ്കൂൾ അധ്യാപക-അനധ്യാപക ജീവനക്കാരുടെ ശ്രമഫലമായി നിർമ്മിച്ച ലൂർദ്ദ് മാതാവിന്റെ ഗ്രോട്ടോ പുതുക്കുറിച്ചി സെന്റ് മൈക്കിൾസ് പള്ളിവികാരി ഫാ. സജു റോൾഡൻ ആശീർവദിച്ചു. ഡീക്കൻ ഇമ്മാനുവൽ, പാരീഷ് കൗൺസിൽ അംഗങ്ങൾ, പിടിഎ എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു. ഗ്രോട്ടോയുടെ രൂപകല്പനയും നിർമാണ മേൽനോട്ടവും നിർവഹിച്ചത് ഈ വിദ്യാലയത്തിലെ അധ്യാപകനായ സജിത് റെമഡിയാണ്.

# വാർത്തകൾ



*ദുഃഖവെള്ളിയാഴ്ച ലത്തീൻ, സീറോ മലബാർ, സീറോ മലങ്കര റീത്തുകളുടെ ആഭിമുഖ്യത്തിൽ പാളയത്ത് നടത്തിയ സംയുക്ത കുരിശിന്റെ വഴി*

## ക്രൂശിതനോടൊപ്പം ചേർന്നു നടക്കുക

തിരുവനന്തപുരം: ക്രൂശിതനോടൊപ്പം ചേർന്നു നിൽക്കുമ്പോഴാണ് പാപമോചനവും മനുഷ്യരക്ഷയും സാധ്യമാകുന്നതെന്ന് കെസിബിസി പ്രസിഡന്റും തിരുവനന്തപുരം ലത്തീൻ അതിരൂപതാധ്യക്ഷനുമായ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം പറഞ്ഞു. പാപം ചെയ്യുമ്പോൾ മനുഷ്യർ നാണംകെട്ടവരായിത്തീരുന്നു. ഇത്തരത്തിൽ നാണംകെട്ട കുറെ മനുഷ്യർ നമ്മുടെ മദ്ധ്യേ ഈ ലോകത്തുണ്ട്. പാപം ചെയ്ത് നാണക്കേടിൽ ജീവിക്കുന്നവർക്കുള്ള മോചന മാർഗമാണ് ക്രിസ്തു. അതിനായി ക്രൂശിനോടൊപ്പം ചേർന്നുനിൽക്കാൻ നമുക്ക് കഴിയണം. - ആർച്ച്ബിഷപ്പ് പറഞ്ഞു.

ദുഃഖവെള്ളിയാഴ്ച ലത്തീൻ, സീറോ മലബാർ, സീറോ മലങ്കര റീത്തുകളുടെ ആഭിമുഖ്യത്തിൽ പാളയത്ത് നടത്തിയ സംയുക്ത കുരിശിന്റെ വഴിക്ക് നേതൃത്വം നല്കി സമാപന സന്ദേശം നല്കുകയായിരുന്നു ആർച്ച്ബിഷപ്പ്. കർദ്ദിനാൾ ബസേലിയോസ് മാർ ക്ലിമിസ്, ബിഷപ്പ് ഡോ. ക്രിസ്തുദാസ്, ബിഷപ്പ് സാമുവൽ മാർ ഐറേനിയോസ്, ഡോ. ജോർജ് ഗോമസ് തുടങ്ങിയവർ കുരിശിന്റെ വഴിക്ക് നേതൃത്വം നല്കി.

## ജോളി ജോൺസന് ഒന്നാം റാങ്ക്



തമിഴ്നാട്ടിലെ അണ്ണാ യൂണിവേഴ്സിറ്റിയിൽ നിന്ന് എം.ടെക് (സ്ട്രക്ചറൽ എഞ്ചിനീയറിംഗ്) ന് ഒന്നാം റാങ്ക് നേടിയ ജോളി ജോൺസൺ. നന്തൻകോട് ഇടവകാംഗങ്ങളായ ജോൺസന്റേയും മോളി ജോൺസന്റെയും ഏകമകളാണ്.

## പ്രസ്ബിറ്റേഴ്സ് കപ്പ് ഫാ. ഷാബിൻ, ഫാ. ഷൈനീഷ് കൂട്ടുകെട്ടിന്

**തിരുവനന്തപുരം:** തിരുവനന്തപുരം അതിരൂപതയിലെ വൈദികർക്കുവേണ്ടി നടത്തിയ പ്രസ്ബിറ്റേഴ്സ് കപ്പിനുവേണ്ടിയുള്ള ബാഡ്മിന്റൻ മത്സരത്തിൽ ഫാ. ഷാബിൻ - ചിന്നത്തുറ, ഇടവക വികാരി, ഫാ. ഷൈനിഷ് ബോസ് കോ- വള്ളവിള സഹവികാരി കൂട്ടുകെട്ട് ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഫാ. വിക്ടർ എവരിസ്റ്റസ് - നമ്പ്യാതി ഇടവകവികാരി, ഫാ. മുത്തപ്പൻ അപ്പോലി-കൊച്ചുതുറ ഇടവകവികാരി കൂട്ടുകെട്ടിനാണ് രണ്ടാം സമ്മാനം. പരേതരായ ഫാ. റെയ്മണ്ട് ജോയി, ഫാ.രാജൻ എന്നിവരുടെ സ്മരണാർത്ഥം വർഷം തോറും സംഘടിപ്പിക്കുന്ന പ്രസ്ബിറ്റേഴ്സ് കപ്പിനുവേണ്ടിയുള്ള ഈ വർഷത്തെ മത്സരത്തിനുവേദിയായത് തമിഴ്നാട്ടിലെ ഗ്രാത്തൂർ ജെഫോർ ഇൻഡോർ സ്റ്റേഡിയമാണ്. ഈ വർഷം 27 ടീമുകളിലായി 54 വൈദികർ മത്സരത്തിൽ പങ്കെടുത്തു.

# കൊങ്കിണി ബൈബിൾ വില്പന റിക്കാർഡിലേക്ക്




പനാജി: എക്കാലത്തും ഏറ്റവും കൂടുതൽ കോപ്പികൾ വിറ്റഴിക്കപ്പെടുന്ന കൃതി എന്ന് ഖ്യാതിയുള്ള വിശുദ്ധ ഗ്രന്ഥം കൊങ്കിണി ഭാഷയിലും ചരിത്രം തിരുത്തുന്നു. കൊങ്കിണി ഭാഷയിലുള്ള ലക്ഷക്കണക്കിന് ബൈബിൾ കോപ്പികളാണ് ഇക്കാലയളവിൽ വിറ്റഴിക്കപ്പെട്ടത്.

ഇംഗ്ലീഷിൽ നിന്ന് കൊങ്കിണിയിലേക്ക് ബൈബിൾ വിവർത്തനം ചെയ്യാൻ ആരംഭിച്ചത് 1974 ൽ ആണ് ആദ്യപതിപ്പായി ഇറങ്ങിയത് 25,000 കോപ്പികളായിരുന്നു. 1990 ൽ ആണ് സമ്പൂർണ്ണ ബൈബിൾ കൊങ്കിണി ഭാഷയിൽ ഇറങ്ങിയത്. നീണ്ട വർഷങ്ങളായി നിരവധി ബൈബിൾ പണ്ഡിതരുടെയും ഭാഷാശാസ്ത്രജ്ഞരുടെയും സഹായത്തോടെ സമ്പൂർണ്ണ ബൈബിൾ 2006 ൽ പുറത്തിറങ്ങി. അറുപതിനായിരം കോപ്പികളാണ് ആദ്യ പതിപ്പായി സമ്പൂർണ്ണ ബൈബിളിന്റേതായി ഇറങ്ങിയത്.

2010 ൽ നാലപതിനായിരം കോപ്പികൾ രണ്ടാം പതിപ്പായി പുറത്തിറങ്ങി. 1970 മുതൽ മൂന്നരലക്ഷത്തിലധികം കോപ്പികൾ വിറ്റഴിക്കപ്പെട്ടിട്ടുണ്ടെന്നാണ് ഏകദേശ കണക്ക്. വളരെ വലിയ വെല്ലുവിളിയായിരുന്നു ബൈബിൾ പരിഭാഷയെന്ന് ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നവർ പറയുന്നു.


ഗോവ, കർണ്ണാടക, കേരള, മഹാരാഷ്ട്ര എന്നിവിടങ്ങളിലായി 80 ലക്ഷം ആളുകളാണ് കൊങ്കിണിഭാഷ സംസാരിക്കുന്നവരായിട്ടുള്ളത്. അതിൽ 50 ലക്ഷം പേർ കർണ്ണാടകയിൽ മാത്രമുണ്ട്.



*അതിരൂപതാ അധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യത്തിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ച നവവൈദികർ വിഷാൽ - പുല്ലുവിള, ഇമ്മാനുവൽ - പുല്ലുവിള, ഡാനിയേൽ വിഴിഞ്ഞം, ഷിജിൻ - സൗത്ത് കൊല്ലംകോട് എന്നിവർ ആർച്ച്ബിഷപ്പിനോടും സഹായമെത്രാൻ ഡോ. ക്രിസ്തുദാസിനോടുമൊപ്പം*

# തിരുക്കർമ സംഗീതം ദിവ്യകാരുണ്യ അനുഭവത്തിലേക്ക് നയിക്കണം: ബിഷപ്പ് ക്രിസ്തുദാസ്.ആർ

തിരുവനന്തപുരം: തിരുക്കർമ്മ സംഗീതം ദിവ്യകാരുണ്യാനുഭവത്തിലേക്ക് വിശ്വാസികളെ നയിക്കുന്നതാകണമെന്നും, അത് ദിവ്യബലിയിലെ സജീവ പങ്കാളിത്തത്തിന് അവരെ പ്രേരിപ്പിക്കണമെന്നും തിരുവനന്തപുരം അതിരൂപതാ സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് പറഞ്ഞു. ദൈവാരാധനയിൽ സംഗീതത്തിനുള്ള സ്ഥാനം അവർണ്ണനീയവും നിസ്തുലവുമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പരിഷ്കരിച്ച റോമൻ മിസാളിന് കെആർഎൽസിസി ആരാധനക്രമ കമ്മിഷന്റെ നേതൃത്വത്തിൽ ചിട്ടപ്പെടുത്തിയ 'സംഗീത ദിവ്യ പൂജാക്രമം' തിരുവനന്തപുരം അതിരൂപതയിലെ ദൈവാലയ ഗായകർക്കും സംഗീതജ്ഞർക്കും പരിചയപ്പെടുത്തിയ ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ബിഷപ്പ്. തിരുകർമ സംഗീതത്തിന്റെ സവിശേഷതകളേയും അടിസ്ഥാന പ്രമാണങ്ങളേയും കുറച്ച് അതിരൂപത അജപാലന ഡയറക്ടർ ഡോ. ലോറൻസ് കുലാസ് ക്ലാസ് നയിച്ചു. ജോണി സി.ദിവ്യപൂജാക്രമ സംഗീതത്തിൽ ഗായകർക്ക് പരിശീലനം നൽകി.



*പരിഷ്കരിച്ച റോമൻ മിസാളിന് കെആർഎൽസിസി ആരാധനക്രമ കമ്മിഷൻ ചിട്ടപ്പെടുത്തിയ 'സംഗീത ദിവ്യ പൂജാക്രമം' ഗായകർക്ക് പരിചയപ്പെടുത്തുന്ന ചടങ്ങ്. സഹായമെത്രാൻ ഡോ. ആർ.ക്രിസ്തുദാസ് ഉദ്ഘാടനം ചെയ്യുന്നു*

# വാർത്തകൾ

## ഭവനരഹിതർക്ക് വത്തിക്കാനിൽ പുതിയ വീടുകളൊരുങ്ങുന്നു

പാർപ്പിടങ്ങളില്ലാതെ വിഷമിക്കുന്ന പാവപ്പെട്ടവർക്ക് വത്തിക്കാനിൽ പുതിയ വീടുകളൊരുങ്ങുന്നു. 30 ആളുകളെ വീതം ഉൾക്കൊള്ളുന്ന വീടുകളുടെ നിർമ്മാണപ്രവർത്തികൾ പുരോഗമിച്ചു വരികയാണ്. പ്രത്യേകം നിയോഗിക്കപ്പെട്ട വൊളണ്ടിയർമാർക്കായിരിക്കും ഈ വീടുകളുടെ സംരക്ഷണച്ചുമതല. പാവപ്പെട്ടവർക്കുമേൽ എപ്പോഴും കരുതൽ കാണിക്കുന്ന ഫ്രാൻസിസ് പാപ്പയുടെ ഇത്തരത്തിലുള്ള ആദ്യസംരംഭമല്ലിത്. ഈ മാസമാദ്യം റ്റൂറിനിൽ ക്രിസ്തുവിന്റെ തിരുക്കച്ച കാണാനെത്തിയ വിശ്വാസികളിൽ പാവപ്പെട്ടയാളുകൾക്ക് മാർപാപ്പ ധനസഹായം നൽകിയിരുന്നു. മാർച്ചിൽ ഭവനരഹിതരായ 150 ആളുകളുമായി വത്തിക്കാൻ മ്യൂസിയത്തിൽ വെച്ചും സിസ്റ്റൈൻ ചാപ്പലിൽ വെച്ചും മാർപാപ്പ കൂടിക്കാഴ്ച നടത്തുകയും അവരുടെ പ്രശ്നങ്ങൾ പഠിക്കുകയും ചെയ്തിരുന്നു. ഫ്രാൻസിസ് പാപ്പയുടെ മുൻഗാമികളായ മാർപാപ്പാമാരിൽ പലരും ഇത്തരത്തിൽ ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുത്തവരാണ്. അതിന്റെ കണ്ണിചേരലായി ഫ്രാൻസിസ് പാപ്പയുടെ ഈ ശ്രമങ്ങളെയും കാണാം.

## ഇറാക്കിൽ ഇനി ഏഴു ക്രൈസ്തവ കുടുംബങ്ങൾ മാത്രം

ഖാരഘോഷ്: ഇറാക്കിലെ ഏറ്റവും വലിയ ക്രൈസ്തവ നഗരങ്ങളിലൊന്നായ ഖാറഘോഷിൽ ഇപ്പോൾ അവശേഷിക്കുന്നത് വെറും ഏഴു കുടുംബങ്ങൾ മാത്രം. പ്രസിദ്ധ സുവിശേഷപ്രഘോഷകനായ ഫ്രാങ്കൽ ഗ്രഹാമാണ് ഇക്കാര്യം വെളിപെടുത്തിയത്. 2014 വരെ അമ്പതിനായിരം ക്രൈസ്തവകുടുംബങ്ങളാണ് ഇവിടെയുണ്ടായിരുന്നത്. എന്നാൽ ഐഎസ് അധിനിവേശത്തെ തുടർന്ന് നിർബന്ധിതമായി ഇവരെല്ലാം കുടിയൊഴിപ്പിക്കപ്പെടുകയായിരുന്നു.



*പള്ളം ഇടവക വികാരി റവ. ഫാ. ആൻഡ്രൂസ് നിർധന കുടുംബങ്ങൾക്കുള്ള ധനസഹായ വിതരണം ചെയ്യുന്നു. ഏരിയ കൗൺസിൽ പ്രസിഡന്റ് രത്തനം നെറ്റോ സമീപം.*

## ധനസഹായം വിതരണം ചെയ്തു

തിരുവനന്തപുരം: സെന്റ് വിൻസെന്റ് ഡി. പോൾ സൊസൈറ്റി നീരോടി കോൺഫറൻസ് മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് നൽകുന്ന ലോൺ വിതരണം സഹ വികാരി ഫാ. ബെല്ലാർമിൻ നിർവഹിച്ചു. സെൻട്രൽ കൗൺസിൽ പ്രസിഡന്റ് സഖറിയാസ് പ്രസംഗിച്ചു. വലിയവേളി സെന്റ് സേവ്യേഴ്സ് കോൺഫറൻസ് ഇടവകയിലെ നിർധനരായ രോഗികൾക്ക് നൽകുന്ന ധനസഹായം ഇടവക സഹവികാരി ഫാ. സുധീഷ് വിതരണം ചെയ്തു. കോൺഫറൻസ് പ്രസിഡന്റ് സി.സെലിൻ നെൽസൺ നേതൃത്വം നൽകി. പള്ളം ഇടവകയിലെ കോൺഫറൻസുകൾ സംയുക്തമായി നിർധന കുടുംബങ്ങൾക്ക് നൽകുന്ന ധനസഹായ വിതരണം ഇടവക വികാരി ഫാ. ആൻഡ്രൂസ് നിർവഹിച്ചു. ഏരിയ കൗൺസിൽ പ്രസിഡന്റ് രത്തിനം നെറ്റോ നേതൃത്വം നൽകി.



*കെസിവൈഎം പേട്ട ഫൊറോനാ സമിതിയുടെ ആഭിമുഖ്യത്തിൽ നോമ്പുകാലത്ത് യുവജനങ്ങൾക്കായി സംഘടിപ്പിച്ച ആത്മാഭിഷേക ഏകദിന യുവജന ധ്യാനം സഹായമെത്രാൻ ഡോ, ക്രിസ്തുദാസ് ആർ ഉദ്ഘാടനം ചെയ്ത് യുവശക്തി ത്രൈമാസികയുടെ കവർചിത്രം പ്രദർശിപ്പിക്കുന്നു, ഫാ. ഹെൻസിലിൻ ഒ.സി.ഡി, കെ.സി.എസ്.എൽ ഡയറക്ടർ ഫാ. രജീഷ് ബാബു എന്നിവർ സമീപം*

# ഫാത്തിമയിലെ 'കുഞ്ഞ് ഇടയ'രിൽ രണ്ടുപേരെ വിശുദ്ധരാക്കുന്നു

## പ്രഖ്യാപനം മേയ് 13 ന് മാർപാപ്പയുടെ പോർച്ചുഗൽ സന്ദർശനത്തിനിടെ



**വത്തിക്കാൻ സിറ്റി:** പോർച്ചുഗലിലെ ഫാത്തിമയിൽ കന്യാമറിയം ഒരു നൂറ്റാണ്ടു മുൻപ് പ്രത്യക്ഷപ്പെട്ട് ദർശനം നൽകിയവരെന്ന് വിശ്വസിക്കപ്പെടുന്ന 'കുഞ്ഞ് ഇടയ'രിൽ രണ്ടുപേരെ കത്തോലിക്കാ സഭ വിശുദ്ധരായി പ്രഖ്യാപിക്കും. മേയ് 13 ന് ഫ്രാൻസീസ് മാർപാപ്പയുടെ പോർച്ചുഗൽ സന്ദർശനത്തിന്റെ ഭാഗമായിട്ടായിരിക്കും പ്രഖ്യാപനം. ഫാത്തിമയിൽ മാതാവ് ആദ്യം ദർശനം നൽകിയെന്ന് കരുതിയ തീയതിയുടെ നൂറാം വാർഷികത്തിലാണ് മാർപ്പാപ്പയുടെ സന്ദർശനം.

ജസീന്ത, സഹോദരൻ ഫ്രാൻസിസ്കോ മർടോ എന്നിവരെയാണ് വിശുദ്ധരാക്കുക. കത്തോലിക്കസഭയുടെ ചരിത്രത്തിൽ രക്തസാക്ഷികളാത്ത വിശുദ്ധരിൽ ഏറ്റവും പ്രായം കുറഞ്ഞവരായിരിക്കും ഇവർ. ദർശനം ലഭിക്കുമ്പോൾ ജസീന്തയ്ക്ക് ഏഴും ഫ്രാൻസിസ്കോയ്ക്ക് ഒൻപതും വയസ്സായിരുന്നു. ഇവരോടൊപ്പമുണ്ടായിരുന്ന ലൂസിയയ്ക്ക് 10 വയസ്സും. ജസീന്തയും ഫ്രാൻസിസ്കോയും പ്രായമാകുന്നതിന് മുൻപ് മരിച്ചു. അവരുടെ കസിൻ സഹോദരി ലൂസിയ പിന്നീട് കന്യാസ്ത്രീ മഠത്തിൽ ചേർന്നു.

വിശുദ്ധമറിയം തങ്ങളോട് മൂന്നു രഹസ്യങ്ങൾ വെളിപ്പെടുത്തിയെന്ന് ലൂസിയ 1941 ൽ ലോകത്തെ



*ഫ്രാൻസിസ്കോ മാർടോയും ജസിന്തയും*

അറിയിച്ചു. ഇതിൽ രണ്ടു രഹസ്യങ്ങൾ നരകത്തിന്റെ ദർശനവും രണ്ടാം ലോകമഹായുദ്ധത്തെക്കുറിച്ചുള്ള മുന്നറിയിപ്പും ആയിരുന്നുവെന്ന് അവർ വെളിപ്പെടുത്തിയെങ്കിലും മൂന്നാമത്തേത് വർഷങ്ങളോളം രഹസ്യമായി തന്നെ അവശേഷിച്ചു. പിന്നീട് 1957 ൽ അത് വത്തിക്കാനെ എഴുതി അറിയിക്കുകയായിരുന്നു. ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ നേർക്ക് 1981 ൽ നടന്ന വധശ്രമത്തെക്കുറിച്ചുള്ള മുന്നറിയിപ്പായിരുന്നു ഈ രഹസ്യമെന്ന് വിശ്വസിക്കുന്നു.

# മതപീഡനത്തിനെതിരെ നിരാഹാരസമരം; രണ്ട് ക്രൈസ്തവ സ്ത്രീകൾ മരണമടഞ്ഞു

എരിത്രിയ: ആഫ്രിക്കൻ രാജ്യങ്ങളിൽ ക്രൈസ്തവർ അനുഭവിച്ചുകൊണ്ടിരിക്കുന്ന മതപീഡനങ്ങൾക്കും വിവേചനങ്ങൾക്കുമെതിരെ ബോധവൽക്കരണം എന്ന നിലയിൽ നിരാഹാരം അനുഷ്ഠിച്ച രണ്ട് ക്രൈസ്തവ യുവതികൾ മരണമടഞ്ഞതായി റിപ്പോർട്ട്. യുകെ കേന്ദ്രമായി പ്രവർത്തിക്കുന്ന ക്രിസ്ത്യൻ സോളിഡാരിറ്റി വേൾഡ് വൈഡാണ് വാർത്ത റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

ആഫ്രിക്കയിലെ ചെറിയൊരു രാജ്യമാണ് എരിത്രിയ. പ്രൊട്ടസ്റ്റന്റ് ക്രൈസ്തവർക്ക് നേരെ പീഡനം, ജയിൽ ശിക്ഷ, കൊലപാതകം എന്നിവ നിർബാധം നടന്നുകൊണ്ടിരിക്കുന്ന രാജ്യം കൂടിയാണ് ഇത്. എരിത്രിയൻ പ്രസിഡന്റ് എസയ്യാസ് അഫെവെർക്കി എരിത്രിയൻ ഓർത്തഡോക്സ് ടെവാഹെദേ ചർച്ച് അംഗമാണ്. രാജ്യത്ത് നിയമപ്രകാരം അനുവദനീയമായ മൂന്ന് ക്രൈസ്തവവിഭാഗങ്ങളിൽ ഒന്നാണിത്. മദ്യപാനിയും സേച്ഛാധിപതിയുമാണ് അഫെവെർക്കി.

എരിത്രിയായിലെ ക്രൈസ്തവരെ പാശ്ചാത്യഏജന്റുമാരായിട്ടാണ് വിലയിരുത്തുന്നത്.

# ഇന്ന് ലോകത്തിന് ആവശ്യം നന്മയുടെ ശുഭാപ്തി വിശ്വാസം: മാർപാപ്പ

വത്തിക്കാൻ: ഇന്ന് ലോകത്തിന് ആവശ്യം നന്മയുടെ ശുഭാപ്തി വിശ്വാസമാണെന്ന് ഫ്രാൻസിസ് മാർപാപ്പ. മേരിസ്റ്റ് സന്യാസസമൂഹത്തിന്റെ സ്ഥാപനത്തിന്റെ രണ്ടാം ശതാബ്ദിയോട് അനുബന്ധിച്ച് അവർക്കായി അയച്ച സന്ദേശത്തിലാണ് പാപ്പ ഇക്കാര്യം വ്യക്തമാക്കിയത്.

അനുദിന ജീവിതത്തിൽ നാം സഹോദരങ്ങൾക്ക് ചെയ്യുന്ന സൽപ്രവൃത്തികൾ ദൈവികകാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും പ്രതിഫലനങ്ങളാണ്. ബലഹീനതകളിലും കുറവുകളിലും ദൈവം നമ്മെ മറക്കുന്നില്ല. അപരൻ എനിക്ക് പ്രിയപ്പെട്ട സഹോദരനായി മാറട്ടെ എന്നും പാപ്പ പറഞ്ഞു.

വിശ്വസിക്കുന്ന കാര്യങ്ങൾക്ക് സാക്ഷ്യമേകാനും അങ്ങനെ നന്മയുടെ ലോകം ചുറ്റും വളർത്താനും കരുത്തുള്ളവരെയാണ് ഇന്നത്തെ ലോകത്തിന് ആവശ്യം. പാവങ്ങളെയും പാർശ്വവത്കരിക്കപ്പെട്ടവരെയും മുറിവേറ്റവരെയും പ്രത്യേകം തുണയ്ക്കുകയും കരുതുകയും ചെയ്യുന്ന ആർദ്രത ഇന്നിന്റെ ആവശ്യമാണ്. മനുഷ്യന്റെ പ്രത്യാശയെ തകർക്കാത്ത നല്ല പിതാവാണ് ദൈവം. പാപ്പ പറഞ്ഞു.



# കരുണ ക്രിസ്തീയ ജീവിതത്തിന് ഏറ്റവും അവശ്യഘടകം: മാർപാപ്പ

വത്തിക്കാൻ: കരുണയാണ് ക്രിസ്തീയ ജീവിതത്തിന് ഏറ്റവും അവശ്യഘടകമെന്ന് ഫ്രാൻസിസ് മാർപാപ്പ. കരുണയുടെ തിരുനാൾ ദിനത്തിൽ വചനസന്ദേശം നല്കുകയായിരുന്നു പാപ്പ. ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കണം എന്ന് തിരിച്ചറിയുന്നതാണ് കരുണയെന്നും പാപ്പ ഓർമ്മിപ്പിച്ചു.

വിശ്വാസജീവിതത്തിന്റെ മൂലക്കല്ലാണ് കരുണയെന്ന് നാം മറക്കരുത്. നമ്മുടെ ഹൃദയത്തിന്റെ വാതിലുകൾ അത് തുറക്കുന്നു. ഒറ്റപ്പെട്ടവരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായവരോട് ചേർന്നുനില്ക്കാൻ പ്രേരിപ്പിക്കുന്നു. റെജീന കോലിയിൽ വിശ്വാസികളോട് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ഈസ്റ്റർ കഴിഞ്ഞുവരുന്ന ഞായറാഴ്ച കരുണയുടെ തിരുനാളായി ആചരിക്കുന്ന പതിവിന് തുടക്കമിട്ട ജോൺപോൾ രണ്ടാമന്റെ തീരുമാനത്തെ പാപ്പ പ്രശംസിച്ചു. അത് വളരെ മനോഹരമായ സ്ഥാപനമായിരുന്നു. പാപ്പ പറഞ്ഞു.

# കൗൺസലിംഗ് സേവനങ്ങൾ

തിരുവനന്തപുരം അതിരൂപതാ കുടുംബ പ്രേഷിത ശുശ്രൂഷയുടെ ആഭിമുഖ്യത്തിൽ

Latin Archdiocese of Trivandrum - Samanwaya, Vellayambalam
Phone : +91471 2724001, +91 9397296213

| ക്രമ നം. | കൗൺസലിംഗ് സെന്ററുകൾ | ലഭ്യമാകുന്ന ദിവസങ്ങൾ | ബന്ധപ്പെടേണ്ട നമ്പർ |
|---|---|---|---|
| 1 | Samanwaya, Vellayambalam | All Days | 94001 01044 |
| 2 | Jubilee Hospital, Palayam | All Days | 0471 2334561 |
| 3 | Loyola Extension service, Sreekaryam | All Days | 0471 2595097 |
| 4 | Don Bosco Clinical Counselling & Psycho Therapy Centre, Monvila | All Days | 98475 44788<br>94959 13481 |
| 5 | Deva Matha Counselling Centre, Valiyathoppu | All Days | 85476 13879 |
| 6 | St. Jude's Church, Killipalam | Thursday | 0471 2343306 |
| 7 | Madre De Deus Church, Vettucaud (Christ the King Pilgrim Centre) | Friday | 0471 2503067 |
| 8 | St. Mary Magdalena Church, Pallithura | 2nd & 4th Saturday | 95269 76110 |
| 9 | Rosmini Convent, Cheriyathura | All Days | 94970 09857 |
| 10 | FMM Convent, Palayam | All Days | 94977 93344 |
| 11 | Kripalaya, Erayummanthurai | All Days | 94868 83423 |
| 12 | Nirmalalayam, Monvila - Kulathoor | All Days | 82811 23941 |
| 13 | Holy Spirit Convent, Poonkulam | All Days | 94951 24446<br>88480 75794 |
| 14 | Madona Bhavan, Kochupally | All Days | 96037 50520 |
| 15 | S.H Convent, Mongode | All Days | 96459 26459 |
| 16 | Pratheksha IRCA, Shangumugham (Alcohol - Drug related counselling) | All Days | 0471 2504266 |
| 17 | Sneha counselling and training centre Ursuline Convent, Vizhinjam | All Days | 97443 62665 |

കൗൺസലിംഗ് മുൻകൂട്ടി ബുക്കുചെയ്യുന്നവർക്കുമാത്രം

## FAMILY HELPLINE
## 94 00 10 10 44

*Fr. A R John*
*Director*
*Family Apostolate*



# നീർച്ചാലുകൾ

ഞായറാഴ്ച വിചിന്തനങ്ങൾ

നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ്

പെസഹാക്കാലം 4-ാം ഞായർ (മേയ് 7)

## ഞാനാണ് വാതിൽ

അപ്പോ. 2: 36-41 | 1. പത്രോ 2: 20b-25 | യോഹ. 10:1-10

"ഞാനാണ് ആടുകളുടെ വാതിൽ" (യോഹ. 10:9) ഈ ഭാഷാ പ്രയോഗത്തിന് വ്യാകരണ പിശകുള്ളതായി തോന്നാം. പക്ഷേ ഈ പ്രയോഗത്തിന്റെ പിന്നിലെ ചരിത്രമറിയുമ്പോൾ ഈ വാക്കിന്റെ വലിപ്പം നമ്മെ ചിന്തിപ്പിക്കും.

ജോൺ കെൽമേൻ തന്റെ 'ഹോളി ലാൻഡ്' എന്ന പുസ്തകത്തിൽ ക്രിസ്തുവിന്റെ നാട്ടിലെ ആടുകളെ വളർത്തുന്ന രീതിയെക്കുറിച്ച് വിവരിക്കുന്നുണ്ട്. പലസ്തീനായിൽ ആടുകൾക്ക് രാത്രി വിശ്രമിക്കുവാൻ കൂടുനിർമിച്ചിരിക്കുന്നത് ഒരു അരമതിലിന്റെ പൊക്കത്തിൽ കല്ലുകൾ അടുക്കി വച്ച് വൃത്താകൃതിയിലാണ്. അതിന് മേൽക്കൂരയുണ്ടാകില്ല. ആടുകൾക്ക് പ്രവേശിക്കാൻ, ഒരാടിന് കടന്നുപോകാൻ തരത്തിൽ ഒരു വിടവുണ്ടാകും. ഈ കൂടിന്റെ പ്രത്യേകത അതിന് വാതിലുണ്ടാകില്ല എന്നതാണ്. വൈകുന്നേരമാകുമ്പോൾ ഇടയൻ ആടുകളെ എണ്ണി തിട്ടപ്പെടുത്തി കൂട്ടിലേക്ക് കയറ്റും. എന്നിട്ട് വിടവിന്റെ കുറുകെ കിടക്കും. പിന്നീട് ഒരാടിനും പുറത്തേക്കോ, ആടിനെ ആക്രമിക്കാൻ ചെന്നായ്ക്കൾക്ക് അകത്തേക്കോ കയറാനാവില്ല. ചെന്നായ്ക്കൾക്ക് ആടിനെ ആക്രമിക്കണമെങ്കിൽ ആദ്യം ഇടയനെ ആക്രമിക്കണം. ഇവിടെ ഇടയൻ ആടുകളുടെ വാതിലാണ്.




ഞാനാണ് വാതിലെന്ന് ക്രിസ്തു. അവനല്ലാതെ മറ്റാരും അങ്ങനെ പറഞ്ഞിട്ടില്ല. അല്ലെങ്കിലും അവനല്ലാതെ മറ്റാർക്കാണ് അങ്ങനെ പറയാൻ കഴിയുക.

ഞാനാണ് വാതിലെന്ന് ക്രിസ്തു. അവനല്ലാതെ മറ്റാരും അങ്ങനെ പറഞ്ഞിട്ടില്ല. അല്ലെങ്കിലും അവനല്ലാതെ മറ്റാർക്കാണ് അങ്ങനെ പറയാൻ കഴിയുക.

വാതിൽ ഒരു പ്രവേശികയാണ്. അകത്തുനിന്നും പുറത്തേക്കും, പുറത്തുനിന്ന് അകത്തേക്കുള്ള പ്രവേശിക. വാതിലിനെ നാം താമസിക്കുന്ന വീടിനോട് മാത്രം ചേർത്തു വയ്ക്കരുത്. അത് വളരെ സങ്കുചിതമായി പോകും. വാതിലെന്നത് ഒരു വലിയ സങ്കല്പമാണ്. അതുകൊണ്ടാണ് ക്രിസ്തു അവനെ വാതിൽ എന്ന് വിശേഷിപ്പിച്ചത്. എത്രയെത്ര വാതിലുകളുടെ സമന്വയമാണ് ജീവിതം? താമസിക്കുന്ന വീട്, ജോലിചെയ്യുന്ന സ്ഥാപനം, സഞ്ചരിക്കുന്ന വാഹനം, പ്രാർത്ഥിക്കുന്ന ദൈവാലയം ഭക്ഷണം പാകം ചെയ്യുന്ന പാത്രങ്ങൾക്കുമുണ്ട് മൂടിക എന്ന വാതിൽ. പാകം ചെയ്തതിന് ശേഷം എടുത്തുവയ്ക്കുന്ന പാത്രങ്ങൾക്കുമുണ്ട് വാതിൽ. ഇങ്ങനെ ചിന്തിക്കുമ്പോൾ എന്തിനാണ് വാതിൽ ഇല്ലാത്തത്? വസ്ത്രങ്ങൾക്ക് ബട്ടൺസുകൾ, ടി.വിയ്ക്ക് റിമോർട്ട് കൺട്രോളർ, വാഹനത്തിന് താക്കോൽ, ഈ മെയിലിന് പാസ്‌വേർഡ്, എ.ടി.എം. കാർഡിന് പിൻ നമ്പർ എന്നിങ്ങനെ വാതിലുകളുടെ നിരനീളുന്നു.

ഈ ഒരു ധാരണയോടുകൂടി വേണം 'ഞാനാണ് വാതിൽ' എന്ന ക്രിസ്തുവിനെ മനസ്സിലാക്കാൻ.

ക്രിസ്തു വാതിൽ ആണെന്ന ചിന്ത ആദ്യം നൽകുന്നത് സുരക്ഷയുടേതാണ്. രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ വാതിലുകൾ അടച്ച് ഭദ്രമാക്കുന്നതുപോലെ ഒരു



വിന്റെ സുരക്ഷയുടെ വാതിലാണ് ക്രിസ്തു. ക്രിസ്തു നമ്മുടെ ജീവിത വാതിൽ ആകുമ്പോൾ അവനെ മറികടന്നുമാത്രമേ ശത്രുവിന് നമ്മെ സമീപിക്കാനാവൂ. അവനിൽ നാം സുരക്ഷിതരാണ്. അവനിൽ മാത്രം.

വാതിൽ തരുന്ന മറ്റൊരു ചിന്ത പ്രവേശനത്തിന്റേതാണ്. ക്രിസ്തുവെന്ന വാതിലിലൂടെയാകണം നമ്മുടെ പോക്കുവരവുകൾ. നേരത്തെ പറഞ്ഞ ഓരോ വാതിലുകളും തുറന്നടയ്ക്കുമ്പോൾ ഒരു മാത്രയെങ്കിലും ക്രിസ്തുവെന്ന വാതിലിനെ സ്മരിക്കാനായാൽ എത്ര സൗഭാഗ്യകരം. ദിനചര്യകൾ ചെയ്യുമ്പോൾ അവ ഓരോന്നിലും ക്രിസ്തുവിനെ കാണാൻ കഴിയും. പ്രഭാതത്തിൽ മിഴി വാതിലുകൾ തുറക്കുമ്പോൾ ഇന്നിന്റെ കാഴ്ചയിലൂടെ ക്രിസ്തുവിനെ കാണണം എന്ന് പ്രാർത്ഥിക്കുക. അടുക്കളയിൽ പണിചെയ്യുമ്പോൾ, പാത്രങ്ങളുടെ മൂടികൾ തുറക്കുമ്പോഴും അടയ്ക്കുമ്പോഴും, വെള്ളം വരുന്ന ടാപ്പുകൾ തുറന്നടയ്ക്കുമ്പോൾ, വാഹനത്തിൽ പ്രവേശിക്കുമ്പോഴും ഉറങ്ങുമ്പോഴും, ദൈവാലയ സക്രാരിയുടെ വാതിൽ തുറന്നടക്കുമ്പോൾ... അവനാകുന്ന വാതിലിനെ ധ്യാനിച്ചാൽ ജീവിതം തന്നെ ക്രിസ്തുമയമാകും.

എന്റെ ജീവിതത്തിൽ അവന് പ്രവേശനം വേണം. എന്നതാണ് വാതിൽ തരുന്ന അടുത്ത ചിന്ത. വെളിപ്പാടിന്റെ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതുപോലെ അവൻ വാതിലിൽ വന്നുമുട്ടുമ്പോൾ തുറന്നുകൊടുക്കുന്ന വ്യക്തിയാകാൻ കഴിഞ്ഞാൽ എത്രയോ നല്ലത്. അവന്റെ ജനനം മുതൽ മനുഷ്യ ജീവിതങ്ങളുടെ വാതായനങ്ങൾ മുട്ടിക്കൊണ്ടിരിക്കുവന്നവനാണ് ക്രിസ്തു. അവനുവേണ്ടി ഔസേപ്പിതാവും മാതാവും ഓടാമ്പലുകൾ മാറ്റി തുറക്കപ്പെടുന്ന വാതിലുകൾക്കായി മുട്ടിയെങ്കിൽ ഇന്ന് അവൻ തന്നെ നമ്മുടെ ഹൃദയവാതിലുകളിൽ തട്ടി വിളിക്കുന്നുണ്ട്. അവന്റെ വിളിക്ക് കാതോർക്കാനും അവന് പ്രവേശനം ഒരുക്കാനും കഴിഞ്ഞാൽ അതും ജീവിത സൗഭാഗ്യം തന്നെയാണ്. ഒന്നോർക്കുക: നാം തുറന്നിടാത്ത ജീവിത വാതിലുകൾ തള്ളിത്തുറന്ന് അകത്ത് പ്രവേശിക്കുന്നവനല്ല ക്രിസ്തു.

നാമും വാതിലുകളിൽ മുട്ടുന്നവരാകണം: എന്ന ചിന്തകൂടി വാതിൽ തരുന്നുണ്ട്. മുട്ടുവിൻ നിങ്ങൾക്കു തുറന്നു കിട്ടും എന്നുപറഞ്ഞ ക്രിസ്തുവിന് ഒരു വാതായനം തുറക്കപ്പെടാതിരിക്കുമ്പോൾ നാം നിരാശയിൽ കൂപ്പുകുത്തരുത്. അവനുവേണ്ടിയുള്ള തിരച്ചിലുകൾ തുടരുക തന്നെ വേണം. പ്രയത്നങ്ങളിൽ മടുക്കുന്നവർ ആരും ജീവിതത്തിൽ വിജയിക്കുന്നില്ലല്ലോ?

വാതിൽ തരുന്ന മറ്റൊരു ചിന്ത 'നാം സുരക്ഷയുടെ കവാടങ്ങളാകണം' എന്നാണ്. ക്രിസ്തു എങ്ങനെ ആടുകൾക്ക് ഇടയനും വാതിലും ആയിരുന്നുവോ, അതുപോലെ തന്നെ നമ്മെ ഭരമേൽപ്പിച്ചിട്ടുള്ളവരുടെ സുരക്ഷയുടെ വാതിലാകണം നാം. നിങ്ങൾ ഒരു കുടുംബനാഥനാണെങ്കിൽ നിങ്ങളാകണം ആ കുടുംബത്തിന്റെ വാതിൽ. ഓർമ്മയുണ്ടോ, ചുമരുകൾ ഇല്ലാത്ത പുൽക്കൂടിന്റെ നെടുംതൂണും കാവൽക്കാരനായും മാറിയ ഔസേപ്പിതാവിനെ. അവനെ മറികടന്നേ ഉണ്ണിയേയും മാതാവിനെയും എത് ശത്രുവിനും കാണാൻ കഴിയുമായിരുന്നുള്ളൂ. ഔസേപ്പിതാവിനെപ്പോലെ ഉത്തരവാദിത്വബോധമുള്ള, പ്രാർത്ഥിക്കുന്ന, സഹനങ്ങളേറ്റുവാങ്ങുന്ന രക്ഷാകർത്താക്കളും വ്യക്തികളും എന്നും അവരുടെ കുടുംബത്തിന്റെയും സമൂഹത്തിന്റെയും സുരക്ഷാ കവാടങ്ങൾ തന്നെയാണ്.

നാമും മറ്റുള്ളവർക്ക് വാതിലുകൾ ആകണം എന്നതാണ് വാതിൽ നൽകുന്ന അവസാന ചിന്ത. നന്മയിലേക്കും പ്രതീക്ഷയിലേക്കും ആനന്ദത്തിലേക്കുമുള്ള വാതിലുകൾ. എന്റെ ജീവിതത്തിന്റെ വാതിലുകൾ ഞാൻ അപരനുവേണ്ടി തുറന്നിടുമ്പോൾ പലരേയും പ്രത്യാശയിലേക്കും ജീവിത ലക്ഷ്യത്തിലേക്കും ആനയിക്കുവാൻ അപ്പോൾ നമുക്കാവും. ആർക്കും പ്രവേശനമില്ലാത്ത ആരെയും ഉൾക്കൊള്ളാത്ത അടഞ്ഞ വാതിലുകൾ ആകാതെ തുറവിയുടെ വാതായനങ്ങളാകാനായൽ എത്രയോ മഹത്കരം. മറ്റുള്ളവർ നമ്മുടെ ജീവിതത്തിൽ പ്രവേശിക്കട്ടെ. നമുക്ക് ക്രിസ്തുവിനെ അവർക്ക് പരിചയപ്പെടുത്താം. എന്നിലൂടെ ഒരാൾ ക്രിസ്തുവിനെ അറിയുന്നു എന്നതിനേക്കാൾ എന്തുമഹിമയാണ് ജീവിതത്തിൽ വന്നുചേരാനുള്ളത്?

## ഒരു കവിത

ജീവിതത്തെ കരുതോടെ നോക്കുന്ന മനുഷ്യൻ, അയാൾ ഒരിക്കലും ചിരിച്ചിട്ടില്ല, കളിച്ചിട്ടില്ല, റിസ്കെടുത്തിട്ടില്ല. ആരെയും പരിഗണിച്ചുമിരുന്നില്ല. പിന്നെ ഒരു ദിവസം അയാൾ മരിച്ചു. അധികൃതർ ഇൻഷുറൻസ് അയാൾക്ക് നിഷേധിച്ചു. കാരണം പറഞ്ഞത് ഇങ്ങനെ: അയാൽ ഇവിടെ ജീവിച്ചിട്ടേയില്ല പിന്നെ അയാൾ എങ്ങനെ മരിക്കും?

ജീവിതത്തിൽ ഒന്നും നഷ്ടപ്പെടുത്താതെ, ആരെയും പരിഗണിക്കാതെ, എല്ലാറ്റിനെയും നിസാരവൽക്കരിച്ച് ജീവിക്കുന്നവർക്ക് ദൈവത്തിന്റെ ഇൻഷ്വറൻസും നിഷേധിക്കപ്പെടും.

നീർച്ചാലുകൾ

ഫാ. ജൂഡിത് പയസ്

# വിശ്വസിക്കുക, നിനക്കെന്തും ലഭിക്കും

അഷേ. 6:1-7 | 1 പത്രോ 2: 4 -9 | യോഹ. 14 : 1-12

ഈ ലോകം അനേകം ഗുരുക്കളെ കണ്ടുവെങ്കിലും ഈ ഗുരുക്കന്മാർ വഴികാണിച്ചുകൊടുക്കാൻ ശ്രമിച്ചപ്പോൾ യേശു എന്ന യഥാർത്ഥ ഗുരു ഞാനാകുന്നു വഴി എന്ന് പ്രസ്താവിച്ചു. ഈ ലോകം അനേകം സത്യാന്വേഷണങ്ങൾക്ക് സാക്ഷ്യംവഹിച്ചപ്പോൾ ഞാനാകുന്നു സത്യം എന്ന് യേശു സ്ഥാപിച്ചു. ഈ ലോകം അനേകം ജീവിതരീതികളെ അവലംബിച്ചപ്പോൾ ഞാനാകുന്നു ജീവൻ എന്ന് യേശു തെളിയിച്ചു. വഴിയും സത്യവും ജീവനും ഞാനാകുന്നു എന്ന് നമ്മെ പഠിപ്പിച്ച യേശുനാഥൻ ഇന്നത്തെ സുവിശേഷത്തിന്റെ അവസാനഭാഗത്ത് അരുൾ ചെയ്യും എന്നിൽ വിശ്വസിക്കുന്നവൻ ഞാൻ ചെയ്യുന്ന പ്രവർത്തികൾ ചെയ്യും.



യേശുവെന്ന വ്യക്തിയിലുള്ള വിശ്വാസത്തിൽ ആഴപ്പെടുന്നവർക്ക് യേശു നൽകുന്ന രണ്ട് സമ്മാനങ്ങളാണ് യേശുവിനോടൊപ്പം ആയിരിക്കുവാനുള്ള അവസരവും യേശു ചെയ്യുന്ന പ്രവർത്തികൾ ചെയ്യുവാനുള്ള കഴിവും.

യേശുവിന്റെ പീഡാസഹനവും മരണവും ശിഷ്യന്മാരുടെ വിശ്വാസത്തെ ഉലച്ചുവെങ്കിൽ ഇനി എന്ത്? എന്ന ചോദ്യം അവരിൽ ജനിപ്പിച്ചുവെങ്കിൽ യേശുവിന്റെ പുനരുത്ഥാനം സംശയങ്ങളുടെ കാർമേഘങ്ങളെ നീക്കം ചെയ്ത് അവരുടെ വിശ്വാസം വർധിപ്പിക്കുകയും യേശുവിന്റെ പ്രവർത്തികൾ ചെയ്യുവാൻ അവരെ പ്രാപ്തരാക്കുകയും ചെയ്തു. ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനം യേശുവിന്റെ ഉത്ഥാനമാണ്.

ഉത്ഥാനത്തിന് മുന്നോടിയായി യേശു തന്റെ മഹിമ വെളിപ്പെടുത്തിയ ഈ മഹത്തായ സംഭവത്തിന് ശേഷം മലയിറങ്ങിയ യേശുവിന് ശിഷ്യന്മാർ സമ്മാനിച്ചത് നിരാശയാണ്. അശുദ്ധാത്മാക്കളെ ബഹിഷ്കരിക്കുവാനും ശിഷ്യരെ തിരഞ്ഞെടുത്തപ്പോൾ തന്നെ യേശു അവർക്ക് അധികാരം നൽകിയെങ്കിലും പിശാചിനെ ബഹിഷ്ക്കരിക്കുവാൻ അവർക്ക് സാധിക്കുന്നില്ല. ഈയൊരു സാഹചര്യത്തിൽ യേശു തന്റെ നിരാശ മറച്ചുവയ്ക്കാതെ അവരോട് ചോദിക്കുകയാണ് "വിശ്വാസമില്ലാത്ത വഴിപിഴച്ച തലമുറയേ എത്രനാൾ ഞാൻ നിങ്ങളുടെ കൂടെ ഉണ്ടായിരിക്കും (മത്താ - 17:17) എന്തുകൊണ്ടാണ് ഞങ്ങൾക്ക് ഇത് ചെയ്യുവാൻ സാധിക്കാത്തത് എന്ന ചോദ്യത്തിന് യേശു ചൂണ്ടിക്കാണിക്കുക അവരുടെ അല്പവിശ്വാസമാണ്. യേശുവിന്റെ ഉത്ഥാനം അല്പവിശ്വാസികളായ ശിഷ്യരുടെ വിശ്വാസത്തെ എപ്രകാരം ശക്തിപ്പെടുത്തിയെന്ന് ഉത്ഥാനാനന്തര സംഭവങ്ങൾ വെളിപ്പെടുത്തുന്നുണ്ട്. ഉദാഹരണമായി അപ്പ-പ്രവ 3-ാം അധ്യായത്തിൽ പത്രോസ് ഒരു മുടന്തനെ സുഖപ്പെടുത്തിയിരുന്നു. യേശുവിന്റെ അസാന്നിധ്യത്തിൽ പത്രോസ് മുടന്തനോട് ഇപ്രകാരം അരുൾ ചെയ്യുന്നു. "വെള്ളിയോ, സ്വർണമോ എന്റെ കയ്യിലില്ല എനിക്കുള്ളത് ഞാൻ നിനക്ക് തരുന്നു. നസ്രായനായ യേശുവിന്റെ നാമത്തിൽ എഴുന്നേറ്റ് നടക്കുക." ആയതിനാൽ യേശു എന്ന വ്യക്തിയിലുള്ള വിശ്വാസമാണ് ഒരുവനെ യേശുവിന്റെ പ്രവർത്തികൾ ചെയ്യുവാൻ പ്രാപ്തനാക്കുന്നത്.

ക്രൈസ്തവ വിശ്വാസം വ്യക്തിയിലധിഷ്ഠത വിശ്വാസമാണ്. ക്രൈസ്തവ വിശ്വാസത്തിന്റെ കേന്ദ്രബിന്ദു ഞാനാകുന്നു വഴിയും സത്യവും ജീവനും എന്നരുൾചെയ്ത യേശു ക്രിസ്തു ആണ്. തത്വങ്ങളെയും സംഹിതകളെയും കാൾ കൂടുതൽ അനായാസം ഒരുവന് സ്നേഹിക്കുവാനും പിൻതുടരുവാനും സാധിക്കുന്നത് വ്യക്തിയെയാണ്. ആയതിനാൽ ഒരുവൻ യേശുവിലുള്ള വിശ്വാസത്തിൽ ആഴപ്പെടുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ 'വിശ്വാസത്തിന്റെ നാഥനും അതിനെ പൂർണതയിൽ എത്തിക്കുന്നവനുമായ യേശുവിനെ മുന്നിൽ കണ്ടുകൊണ്ടുവേണം" വിശ്വാസയാത്ര ആരംഭിക്കുവാൻ.

യേശുവെന്ന വ്യക്തിയിലുള്ള വിശ്വാസത്തിൽ ആഴപ്പെടുന്നവർക്ക് യേശു നൽകുന്ന രണ്ട് സമ്മാനങ്ങളാണ് യേശുവിനോടൊപ്പം ആയിരിക്കുവാനുള്ള അവസരവും യേശു ചെയ്യുന്ന പ്രവർത്തികൾ ചെയ്യുവാനുള്ള കഴിവും. ഇപ്രകാരം യേശുവിനെ സ്നേഹിക്കുന്നവർക്ക് മാത്രമേ കർത്താവേ അങ്ങിൽ വിലയം പ്രാപിക്കുവോളം എന്റെ ആത്മാവ് അസ്വസ്ഥമാകുന്നു എന്ന് വി. അഗസ്റ്റിനെപ്പോലെ പറയുവാൻ സാധിക്കുകയുള്ളൂ. ഉത്ഥിതനായ യേശുവിനെ സ്നേഹിക്കുവാനും വിശ്വസിക്കുവാനും ഉള്ള കൃപയ്ക്കായ് ദൈവത്തോട് പ്രാർത്ഥിക്കാം.

നീർച്ചാലുകൾ

ഫാ. പോൾ സണ്ണി

# ക്രിസ്തുവിലെത്തിച്ചേരുക പിതാവിനെ കാണാം

അപ്പോ. 8:5-8 | 1 പത്രോ 3: 15 -18 | യോഹ. 14 : 15-21



യേശുവിന്റെ കുരിശു ചുമന്ന ശിമയോൻ ഒരു സഹായകനാണ്. സഹനസഭയിൽ സഹനങ്ങൾ സ്വീകരിച്ചുകൊണ്ട് ക്രിസ്തുവിന്റെ കൂടെചേരുന്നവർക്ക് പ്രത്യാശയുണ്ട്. 'പ്രത്യാശ സൂര്യനെപ്പോലെയാണ്.

ഏറെ വൈകാരികമായാണ് യേശു അപ്പസ്തോലന്മാരോട് സ്നേഹത്തെക്കുറിച്ച് സംസാരിക്കുന്നത്. പത്തുകല്പനകളിലെപ്പോലെ 'ആജ്ഞാവചസ്സുകൾ' അല്ലിത്. മറിച്ച് സ്നേഹം പൊതിഞ്ഞ കല്പനകളെപ്പറ്റിയാണ് അവിടന്ന് പ്രതിപാദിക്കുന്നത്. ഈ സുവിശേഷഭാഗത്തിൽ പ്രാർത്ഥിക്കുന്ന യേശുവും നല്കുന്ന പിതാവിനെയും കാണാം. മാംസത്തിൽ വെളിപ്പെട്ട ദൈവമാണ് യേശു. മഹാപുരോഹിതനായ ക്രിസ്തു പിതാവിന്റെ കരങ്ങളിൽ നല്കുന്ന കാഴ്ചയാണ് അവിടത്തെബലി. അതിലൂടെ സകലമനുഷ്യരും നവീകരിക്കപ്പെടുന്നു. ബലിയാകുന്ന പ്രാർത്ഥന കേട്ട പിതാവ് നല്കുന്ന സഹായകനാണ് (paraclete) പരിശുദ്ധാത്മാവ്. 'പരാക്ലിറ്റേ' പൊതു അർത്ഥത്തിൽ കോടതിയിൽ ഒരുവനെ സഹായിക്കുന്ന അഭിഭാഷകനാണ്. ആ അർത്ഥത്തിലല്ല ആത്മാവിനെ ഇവിടെ വിവക്ഷിക്കുന്നത്. യേശുതന്നെ ഒരു സഹായകനാണ്. ദൈവത്തിന്റെ ആത്മാവിനെയാണ് നമുക്കുലഭിക്കുന്നത്. 1 യോഹ 2: 16 ആരെങ്കിലും പാപം ചെയ്യാനിടയായാൽത്തന്നെ പിതാവിന്റെ സന്നിധിയിൽ നമുക്ക് ഒരു മധ്യസ്ഥനുണ്ട് - നീതിമാനായ ക്രിസ്തു. സ്വർഗാരോഹണം ചെയ്ത യേശു സ്വർഗത്തിലെ കോടതിയിലെ സഹായകനാണ്. ദൈവത്തിന്റെ കാരുണ്യത്തിന്റെ ഇരിപ്പിടത്തിനരികിൽ അവൻ ഉണ്ടാകും. അപ്പോൾ ലോകത്തിലേക്കയച്ചിരിക്കുന്നവരെ സഹായിക്കാൻ പരിശുദ്ധാത്മാവിനെ ലോകത്തിലയച്ചിരിക്കുന്നു. ക്രിസ്തുതന്റെ വിടവാങ്ങലിനുശേഷം സഭയിൽനിന്ന് നിഷ്ക്രമിച്ചിട്ടില്ല. പരിശുദ്ധാത്മാവിലൂടെ അവിടന്ന് സദാ സന്നിഹിതനാണ്. പരിശുദ്ധാത്മാവ് യേശുവിന്റെ സഹായകനാണ്.

'സത്യാത്മാവ്' എന്നാണ് യോഹന്നാൻ വിശേഷിപ്പിക്കുന്നത്. തിന്മയുടെ ശക്തിവാഴുന്ന ലോകത്തിൽ അത് നീക്കംചെയ്ത് മനുഷ്യനെ നവീകരിക്കാൻ സത്യാത്മാവ് പ്രവർത്തിക്കുന്നു. യേശുവാകുന്ന സത്യത്തിന് സാക്ഷ്യം നല്കുക എന്ന അർത്ഥത്തിലും ആത്മാവ് സത്യാത്മാവാണ്. ജഡികതയിൽ പൂണ്ടുകിടക്കുന്ന മനുഷ്യർക്ക് ഈ ആത്മാവിനെ സ്വീകരിക്കാൻ കഴിയുകയില്ല.

ഒരു കുറ്റിക്കാട്ടിലൂടെ നടന്ന മനുഷ്യനെ മുന്നിൽ വന്ന ആന ഓടിച്ചു. അയാൾ വന്നുപെട്ടത് ഒരു കിണറ്റിന്റെ മുന്നിൽ . പ്രാണഭയത്താൽ അയാൾ കിണറ്റിലേക്ക് ചാടി. കിണറ്റിലാകട്ടെ ഒരു മൂർഖനും! എന്നാൽ അയാൾ വള്ളികളിൽ പിടികിട്ടി അതിൽ തൂങ്ങിക്കിടന്നു. പൊത്തിൽ ഒരു തേനീച്ചക്കൂട്. അതിൽനിന്നും തേൻതുള്ളികൾ അയാളുടെ മുഖത്ത് ഇറ്റുവീണു. അത് അയാൾ നുണയാൻ തുടങ്ങി. ഒരു മനുഷ്യൻ വന്ന് അയാൾക്ക് രക്ഷപ്പെടാൻ ഒരു കയർ ഇട്ടുകൊടുത്തു.

"ഞാനീ തേൻ കുടിച്ചു തീർക്കട്ടെ" എന്നു പറഞ്ഞ് അയാൾ കൊതിയോടെ തേൻ കുടിച്ചുകൊണ്ടിരുന്നു. ലോകത്തിന്റെ പ്രലോഭനം മനുഷ്യനെ ഇപ്രകാരം പൊതിയുന്നതാണ്. ബുൾട്ട്മാന്റെ അഭിപ്രായത്തിൽ ലോകത്തിന് ആത്മാവിനെ സ്വീകരിക്കുക എളുപ്പമല്ല. അതിന് ലോകമായി ഗണിക്കുന്ന ഓരോ സത്തകളെയും ഉപേക്ഷിക്കണം. എന്നാൽ ശിഷ്യന്മാർ യേശുവിന്റെ കൂടെ ആയിരുന്നതിനാൽ അവർക്ക് ആത്മാവിനെ അറിയാൻ കഴിഞ്ഞു. മറ്റുള്ളവർക്ക് അത് നല്കപ്പെട്ടിട്ടില്ല. യേശുവിന്റെ കൂടെയായിരുന്നപ്പോഴുള്ള സുരക്ഷിതത്വം യേശു വിടവാങ്ങുമ്പോൾ ശിഷ്യന്മാർക്ക് നഷ്ടപ്പെടും. എന്നാൽ അവർ അനാഥരാകില്ല. 'അല്പസമയംകൂടി കഴിയുമ്പോൾ ...' എന്ന വാക്യം യേശുവിന്റെ ഈസ്റ്ററിനെക്കുറിച്ചുള്ള വെളിപ്പെടുത്തലാണ്.

യേശുവിന്റെ മരണോത്ഥാന ശേഷം ശിഷ്യന്മാർക്ക് പുതിയ ജീവിതമാണ് ലഭിക്കുക. അത് പുതിയ യുഗമാണ്, ദൈവരാജ്യമാണ്. അതിലൂടെ ക്രിസ്തു മറഞ്ഞിരിക്കുന്ന പിതാവിനെയും വെളിപ്പെടുത്തുന്നു. മോശ ദൈവത്തോട് തന്നെ വെളിപ്പെടുത്താൻ ആവശ്യപ്പെടുമ്പോൾ 'ഞാൻ ഞാൻ തന്നെ' എന്നാണ് അവിടത്തെ മറുപടി (പുറ 3: 13). ക്രിസ്തുവിൽ എത്തിച്ചേരുന്നവർക്ക് പിതാവിനെയും കാണാം, ക്രിസ്തുവാകുന്ന കണ്ണാടിയിലൂടെ. പീലിപ്പോസ് അപ്പോസ്തലനായിരുന്നില്ല. എന്നിട്ടും അവൻ പ്രഘോഷിച്ചപ്പോൾ അശുദ്ധാത്മാക്കൾ പുറത്തുപോയി(അപ്പ. 8: 7). ഇത് യേശു നല്കിയ സഹായകന്റെ പ്രവർത്തനമാണ്. ഈ വാർത്ത എല്ലായിടത്തും പരന്നു. കൂടുതൽ പ്രഘോഷണത്തിനായി യോഹന്നാനും പത്രോസും അവിടെ എത്തിച്ചേർന്നു.

പത്രോസിന്റെ ലേഖനത്തിലെ വായനയിലും അപ്പസ്തോലൻ പ്രഖ്യാപിക്കുന്നത് ഈ ആത്മാവിനെക്കുറിച്ചാണ്. ജഡത്തിൽ മരിച്ച് ആത്മാവിൽ ജീവൻ പ്രാപിച്ചവനാണ് ക്രിസ്തു. യേശുവിന്റെ കുരിശു ചുമന്ന ശിമയോൻ ഒരു സഹായകനാണ്. സഹനസഭയിൽ സഹനങ്ങൾ സ്വീകരിച്ചുകൊണ്ട് ക്രിസ്തുവിന്റെ കൂടെചേരുന്നവർക്ക് പ്രത്യാശയുണ്ട്. 'പ്രത്യാശ സൂര്യനെപ്പോലെയാണ്. നാം സൂര്യന്റെ ദിശയിലേക്ക് യാത്ര ചെയ്യുമ്പോൾ നമ്മുടെ ശരീരത്തിന്റെ നിഴലിനെ പിറകിലാക്കുന്നു' എന്ന് അഭിപ്രായപ്പെട്ടത് സാമുവൽ സ്മൈൽസാണ്. വിശ്വസിക്കുന്നവരുടെ ഹൃദയങ്ങളിൽ ദൈവത്തിന്റെ ആത്മാവ് അഭിഷേകം വർഷിക്കും.

## നീർച്ചാലുകൾ

ഫാ. ഷാജിൻ ജോസ്

പെസഹാക്കാലം 7-ാം ഞായർ (മേയ് 28, സ്വർഗാരോഹണം)

# എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ

അപ്പോ. 1:1-11 | എഫേ 1: 17-23 | മത്താ. 28 : 16-20



അയയ്ക്കപ്പെടുന്നവന്റെ ദൗത്യം ഏറ്റെടുക്കേണ്ടവനാണ് ഓരോ പ്രേഷിതനും. ക്രിസ്തുവിനോടൊപ്പം ആയിരിക്കുന്നത് മാത്രമല്ല മറിച്ച് ആയിരുന്ന അനുഭവം പകർന്നു കൊടുക്കുവാൻ കഴിയണം.

" Is it not our mission to give God to the poor in the slums? Not a dead God, but a Living, Loving God.'' - Mother Teresa.

സഭ അതിന്റെ സ്വഭാവത്താൽ മിഷനറിയാണ്. ഓരോ ക്രിസ്ത്യാനിയും താൻ അനുഭവിച്ചറിഞ്ഞ ക്രിസ്തുവിനെ പകർന്നു കൊടുക്കുവാൻ വിളിക്കപ്പെട്ടവൻ. അപ്രകാരം ക്രിസ്തു ചൈതന്യം പകർന്നു കൊടുക്കേണ്ടവന്റെ പ്രത്യേകത എന്തായിരിക്കും എന്ന് നമുക്ക് ചിന്തിക്കാം. തെരഞ്ഞെടുക്കപ്പെട്ടവനാകണം ഒരു പ്രേഷിതൻ. ഇപ്രകാരം തിരഞ്ഞെടുക്കപ്പെടുന്നവൻ ഒരു ദൗത്യം ഏല്പിക്കപ്പെടുകയും പിന്നെ അയയ്ക്കപ്പെടുകയും ചെയ്യേണ്ടവനാണ്. ആയതിനാൽ പ്രേഷിതന്റെ പ്രധാന പ്രത്യേകത തെരഞ്ഞെടുക്കപ്പെടുക, അയയ്ക്കപ്പെടുക, ദൗത്യം നിർവ്വഹിക്കുക എന്നതാണ്.

തിരഞ്ഞെടുക്കപ്പെട്ടവന്റെ പ്രധാന ഗുണങ്ങൾ എന്തൊക്കെയായിരിക്കും. കൂടെയിരിക്കാൻ വിളിക്കപ്പെട്ടവനാണ് പ്രേഷിതൻ അഥവാ ക്രിസ്ത്യാനി. "അവൾ കർത്താവിന്റെ വചനങ്ങൾ കേട്ടുകൊണ്ട് അവന്റെ പാദത്തിങ്കൽ ഇരുന്നു." (ലൂക്ക. 10:39). ഒപ്പമിരുന്നു വചനം കേൾക്കുന്നവനാണ് യഥാർത്ഥപ്രേഷിതൻ. ഇപ്രകാരം ചെന്ന് കേൾക്കുന്നവന് മാത്രമേ സ്വന്തമാക്കലിന്റെ അനുഭവം പറയാൻ സാധിക്കൂ. ലോകമോഹങ്ങൾ വെടിയുന്നവനുമാത്രമേ ക്രിസ്തു ശിഷ്യനാകാൻ കഴിയൂ. "നിനക്ക് ഒരു കുറവുണ്ട്. പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുക. അപ്പോൾ സ്വർഗത്തിൽ നിനക്ക് നിക്ഷേപമുണ്ടാകും. പിന്നെ വന്ന് എന്നെ അനുഗമിക്കുക (മാർക്കോ. 10:21). ലൗകിക മോഹങ്ങൾ വെടിഞ്ഞ് ക്രിസ്തുവിന്റെ കൂടെയായിരിക്കുന്നവനേ ഒരു പ്രേഷിതനാകാൻ കഴിയൂ. ഉത്തരവാദിത്വം നിറവേറ്റുന്നവനാകണം തെരഞ്ഞെടുക്കപ്പെട്ടവൻ. "ഭയപ്പെടേണ്ട, നീ ഇപ്പോൾ മുതൽ മനുഷ്യരെ പിടിക്കുന്നവനാകും (ലൂക്ക. 5:10). വലിയ ഉത്തരവാദിത്വം ക്രിസ്തു ആ പ്രേഷിതനെ ഭരമേല്പിക്കുന്നുണ്ട്. ഈ ഭാരിച്ച ഉത്തരവാദിത്തം തിരിച്ചറിഞ്ഞ് ക്രിസ്തുവിനോടൊപ്പം അതുപോലെ ചെയ്യാൻ ഒരു തെരഞ്ഞെടുക്കപ്പെട്ടവന് കഴിയേണ്ടിയിരിക്കുന്നു.

അയയ്ക്കപ്പെടുന്നവന്റെ ദൗത്യം ഏറ്റെടുക്കേണ്ടവനാണ് ഓരോ പ്രേഷിതനും. ക്രിസ്തുവിനോടൊപ്പം ആയിരിക്കുന്നത് മാത്രമല്ല മറിച്ച് ആയിരുന്ന അനുഭവം പകർന്നു കൊടുക്കുവാൻ കഴിയണം. നിങ്ങൾ കേൾക്കുന്നതും കാണുന്നതും പോയി യോ

ഹന്നാനെ അറിയിക്കുക" (മത്തായി 11:4). ഒപ്പമായിരുന്ന അനുഭവം പങ്കുവയ്ക്കുവാനാണ് ഓരോ പ്രേഷിതനും വിളിക്കപ്പെട്ടിരിക്കുന്നത്. അതിനായി പത്രോസിനെപോലെ ഒപ്പമായിരുന്ന അനുഭവം പറയാൻ കഴിയണം. "അവർ ചെന്ന് അവൻ വസിക്കുന്നിടം കാണുകയും അന്ന് അവനോടു കൂടെ താമസിക്കുകയും ചെയ്തു" (യോഹ. 1:31). ഇപ്രകാരം അയയ്ക്കപ്പെടണമെന്ന ബോധ്യമുണ്ടാകണമെങ്കിൽ ഓരോരുത്തരുടെയും പ്രധാന ഉത്തരവാദിത്വം അയയ്ക്കപ്പെടലാണെന്ന് തിരിച്ചറിയാൻ സാധിക്കണം. "മരിച്ചവർ തങ്ങളുടെ മരിച്ചവരെ സംസ്കരിക്കട്ടെ: നീ പോയി ദൈവരാജ്യം പ്രസംഗിക്കുക." ഈശോയെ യഥാർത്ഥത്തിൽ അനുഭവിച്ചറിയാൻ തന്റെ ഉത്തരവാദിത്വം മനസ്സിലാക്കുകയും യേശുവിനായി സമർപ്പിക്കപ്പെടുകയും ചെയ്യേണ്ടിയിരിക്കുന്നു.

ദൗത്യം നിർവഹിക്കേണ്ടത് ഓരോ പ്രേഷിതന്റെയും കടമയും കർത്തവ്യവുമായി തിരിച്ചറിയണം. അയയ്ക്കപ്പെടാൻ വിളിക്കപ്പെട്ടവൻ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമം പേറുന്നവനും അത് പകർന്നു കൊടുക്കുന്നവനുമാകണം. പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലും നിറയുന്നവന് മാത്രമേ ക്രിസ്തു ഏല്പിച്ച ദൗത്യം പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ.

ആരൊക്കെയാണോ ക്രിസ്തു ഏല്പിച്ച ദൗത്യം പൂർത്തീകരിച്ചത്, അവരൊക്കെ വിജയകരമായി ജീവിതത്തിൽ മുന്നോട്ടുപോയതായി വചനം സാക്ഷ്യപ്പെടുത്തുന്നു. "കർത്താവേ, നിന്റെ നാമത്തിൽ പിശാചുകൾ പോലും ഞങ്ങൾക്ക് കീഴ്പ്പെടുന്നു." യേശുപറഞ്ഞു: "സാത്താൻ സ്വർഗത്തിൽ നിന്ന് ഇടിമിന്നൽ പോലെ നിപതിക്കുന്നത് ഞാൻ കണ്ടു." ക്രിസ്തു കൂടെയുള്ളവന്റെ പ്രത്യേകത ഇതുതന്നെയാണ്. സ്വർണ്ണമോ വെള്ളിയോ തരാൻ എനിക്കില്ല, നസ്രായനായ ക്രിസ്തുവിന്റെ നാമത്തിൽ എഴുന്നേറ്റ് നടക്കുക (അപ്പോ. 3:6). അതേ ഉത്ഥിതനായ, ജീവനുള്ള സ്നേഹിതനായ ഈശോയെ പകർന്നു നൽകുന്നവനാണ് ഒരു യഥാർത്ഥ മിഷണറി. യുഗാന്തം വരെ കൂടെയുണ്ടാകും എന്ന് പറഞ്ഞവന്റെ വിശ്വാസത്തിൽ അടിയുറച്ച് ദൗത്യം നിർവ്വഹിക്കാൻ നമുക്ക് കഴിയട്ടെ.






# വചനജ്വാല



**2017 ജൂൺ മാസം ബി.സി.സികളിൽ ഉപയോഗിക്കാൻ വിദ്യാഭ്യാസ ശുശ്രൂഷാ സമിതി തയ്യാറാക്കിയത്**



## പാഠം ഒന്ന്; അക്ഷരത്താക്കോൽ

1. പരിശുദ്ധാത്മാവിന്റെ ഗാനം
   ബൈബിൾ വന്ദനം
2. സ്വാഗതം: കുടുംബനാഥൻ/നാഥ
3. ആമുഖം

വെളിപാടിന്റെ പുസ്തകത്തിലേതെന്നപോലെ ഈ പ്രപഞ്ചത്തിന് മീതെയുള്ള എല്ലാം മുദ്രചെയ്യപ്പെട്ടിരിക്കുന്നു. ഏതാനും ചില താക്കോലുകളെ മനുഷ്യകുലത്തിന് ലഭിച്ചുള്ളൂ. അതിലൊന്നാണ് അക്ഷരത്താക്കോൽ.

അക്ഷരം എന്നാൽ നശിക്കാത്തത് എന്നർത്ഥം. അക്ഷരം പഠിപ്പിക്കുന്നതിനെ കണ്ണുതെളിക്കുക എന്ന് ഗ്രാമീണ മനസ്സുകൾ പണ്ടുപറഞ്ഞിരുന്നു.

പുഴ മുറിച്ചുകടക്കുമ്പോൾ അപ്രതീക്ഷിതമായി ചുഴിയിൽപ്പെട്ടു ബുദ്ധസന്യാസിയും കടത്തുകാരനും. വഞ്ചി നിറയെ ഗ്രന്ഥചുരുളുകളാണ്. അവ പുഴയിലേക്ക് എറിഞ്ഞ് അപകടം കുറയ്ക്കാമെന്ന് കടത്തുകാരൻ. "വേണ്ട ഈ പുസ്തകങ്ങൾ വരും തലമുറകൾക്കുവേണ്ടിയാണ്. നാം കടന്നുപോകും." എന്നിട്ട് അയാൾ കരംകുപ്പി പുഴയിലേക്ക് ചാടി.

പ്രിയപ്പെട്ടവരെ, പുസ്തകങ്ങളിലേക്കുമാത്രം തലതാഴ്ത്തുകയും പരീക്ഷകളെഴുതുവാൻ വേണ്ടി മാത്രം കൈകൾ അനക്കുകയും ചെയ്യുന്ന സമ്പ്രദായങ്ങളുടെ അമിക്കയറുകൾ തുടർന്നും നമ്മുടെ കുഞ്ഞുങ്ങളെ വരിഞ്ഞുമുറുക്കാനുള്ള ഒരുക്കത്തിലാണോ നിങ്ങൾ? പരസ്പരം മുഖത്തുനോക്കി പുഞ്ചിരിക്കാനും ക്ഷേമമന്വേഷിക്കുവാനും പഠിപ്പിക്കൽ ഒരു പാഠ്യവിഷയമാക്കി പ്രത്യേകം ചേർക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നുവെന്ന് ഞാൻ പലപ്പോഴും ചിന്തിക്കാറുണ്ട്. മുന്നിൽ വരുന്നവരുടെ അനുഭവങ്ങളും ആകുലതകളും കേൾക്കാനും കാണാനും ഇടയായാൽ പോലും അടുത്ത പ്രോജക്ട്‌വർക്കിൽ അതെങ്ങനെ നിറംപിടിപ്പിച്ച് ഉയർന്ന ഗ്രേഡ് വാങ്ങാം എന്ന് ചുരുങ്ങുന്നു ഇന്നത്തെ വിദ്യാഭ്യാസം.

ഇന്നത്തെ വീടുകളിൽ മക്കളില്ല; വിദ്യാർത്ഥികളാണുള്ളത്. പണ്ടത്തെ കുടുംബങ്ങളിലെ മക്കൾ ആഴ്ചയിൽ അഞ്ചുദിവസം പത്തുമുതൽ നാലുവരെ പള്ളിക്കൂടത്തിലായിരിക്കും. എങ്കിലും അവർ മക്കളായി തുടർന്നിരുന്നു. എന്നാലിന്ന് മക്കളെ കാണാനില്ല. എല്ലാം വിദ്യാർത്ഥികളായി മാറിയിരിക്കുന്നു. പണ്ട് വിദ്യാഭ്യാസം ജീവിതത്തോട് നല്ലവണ്ണം ചേർന്നുപോയിരുന്നു; ഇന്ന് ജീവിതത്തെ വിദ്യാഭ്യാസ വ്യവസ്ഥയോടു ചേർക്കേണ്ടതായിവരുന്നു.

മുമ്പ് നാം ഉപയോഗിച്ചിരുന്ന 'കേരള പാഠാവലി' കളിൽ ഒന്നാമത്തെ പാഠം ഈശ്വരപ്രാർത്ഥനയായിരുന്നു. ഏതുവിശ്വാസിക്കും ഉപയോഗിക്കാനാവു

ന്ന പ്രാർത്ഥന. ഇന്ന് 'ഈശ്വര നാമത്തിൽ' സത്യപ്രതിജ്ഞ ചെയ്യാൻ മടിക്കുന്ന രാഷ്ട്രീയ നേതാക്കളിൽ വരെ വന്നുനിൽക്കുന്നു. നാളെ ഇതൊക്കെ ഇനി എന്താകുമെന്ന് ആർക്കറിയാം.

ഈശ്വരനില്ലാത്ത വിദ്യാഭ്യാസം മക്കളിൽ നിറയ്ക്കാൻ നാം മത്സരിക്കുമ്പോൾ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്ന യേശുവിനെ മനസ്സിൽ ധ്യാനിച്ച് ഈ മാസത്തെ നമ്മുടെ ഈ കൂട്ടായ്മയിൽ ഇന്നത്തെ വിദ്യാഭ്യാസത്തെ എങ്ങനെ ക്രിസ്തു കേന്ദ്രീകൃതമാക്കാം എന്നതിനെക്കുറിച്ച് ധ്യാനിക്കാം.

### 4. യേശുവിനെ ക്ഷണിക്കൽ

ദൈവഭക്തിയാണ് അറിവിന്റെ ഉറവിടം എന്നരുൾചെയ്ത ദൈവത്തെ മനസ്സിൽ ധ്യാനിച്ച് അവിടുത്തെ ചിന്തകൾ കൊണ്ട് നമ്മുടെ ഹൃദയത്തെ നിറയ്ക്കാം. ആ ദൈവത്തെ ഈ കൂട്ടായ്മയിലേക്ക് നമ്മുടേതായ വാക്കുകളിൽ നമുക്ക് സ്വാഗതം ചെയ്യാം.

### 5. വചനഗീതി

### 6. ദൈവവചന പാരായണം

**(പ്രഭാ. 6:32-37)**

### 7. വചനവിചിന്തനം

കൈകൾ പിന്നിൽ കെട്ടാൻ മാത്രമുള്ളതല്ലെന്നും അരികെയിരിക്കുന്നയാളുടെ കണ്ണീരൊപ്പാൻ കൂടിയുള്ളതാണെന്നുമുള്ള ദർശനം നൽകുന്നതാണ് വിദ്യാഭ്യാസം. ഈ പുത്തനറിവ് ഇനി എന്നാണ് നാം നമ്മുടെ കുഞ്ഞുങ്ങളുടെ മനസ്സിൽ മുളപ്പിക്കുക?

മർമ്മമറിയുന്നവന് അടിക്കാനാവില്ല എന്ന പഴമൊഴി പോലെയാണ് കാര്യങ്ങൾ. കൂടുതൽ കൂടുതൽ ആലോചിക്കുന്നതുകൊണ്ട് ഒന്നും പ്രവർത്തിക്കാനാവാതെ പോകുന്നു.

ഇന്നത്തെ വിദ്യാഭ്യാസത്തിൽ പുല്ലും പൂവും അരുവിയും കുരുവിയും മണ്ണും തൊട്ടനുഭവിച്ചറിയാൻ കുഞ്ഞുങ്ങൾക്ക് സമയവും അവസരവും ഇല്ലാതെ പോകുന്നു.

ജ്ഞാനം ദൈവഭക്തിയിൽ പൂർണമാകുമെന്ന് വചനം. ദൈവഭക്തി പോയിട്ട് ദൈവത്തെപ്പോലും നിഷേധിക്കാൻ മത്സരിക്കുന്നു ഇന്നത്തെ ലോകം (എല്ലാവരും അല്ല). 'ചോറിനൊപ്പം ചൊല്ലുകൂടി കൊടുത്തുവളർത്തണം.' 'കുട്ടികളെ കൊട്ടിവളർത്തണം' എന്നതൊക്കെ പഴഞ്ചൊല്ല് സമാഹാരങ്ങൾ പുസ്തകത്തിലെ അക്ഷരമാലകളായി ഒതുങ്ങി.

വടിവൊത്ത യൂണിഫോമിട്ട്, ബ്ലാക്ക് ബോർഡിൽ നോക്കി, മാർജിനിട്ട പുസ്തകത്തിൽ ചതുരക്കൂടിനുള്ളിൽ എഴുതിക്കൂട്ടിയിരിക്കുന്ന അക്ഷരമാലകൾ കൂട്ടിവായിക്കുമ്പോൾ കിട്ടുന്ന ലോകവിജ്ഞാനത്തിനു മുമ്പേ മനസ്സിൽ കൊത്തിവയ്ക്കേണ്ട ചില അറിവുകളുണ്ട്. മുതിർന്നവരെ കണ്ടാൽ ഇരുന്നിടത്തുനിന്ന് എഴുന്നേൽക്കണം, മുതിർന്നവർക്ക് മുന്നിൽ കാലിന്മേൽ കാലുകയറ്റിവച്ച് ഇരിക്കരുത്, ഭക്ഷണത്തിന് മുൻപും പിൻപും പ്രാർത്ഥിക്കണം, മറ്റുള്ളവരോട് തറുതല പറയരുത്. തീർന്നില്ല, അൽപ്പനേരം കൂടി ആലോചിച്ചാൽ ഈ പട്ടിക ഇങ്ങനെ നീണ്ടുപോകും. പണ്ട് കഥകൾകൊണ്ട് മധുരം പുരട്ടി അപ്പൂപ്പന്മാരും അമ്മൂമ്മമാരും കൊച്ചുമക്കളെ ചേർത്തിരുത്തി ഊട്ടുകയും ഉറക്കുകയും ചെയ്തിരുന്ന നല്ല ശീലമുണ്ടായിരുന്നു, ഇന്നോ?

ഇന്നത്തെ മക്കൾക്ക് ബിരുദങ്ങൾക്കും വിരുദുകൾക്കും കുറവൊന്നുമില്ല. എന്നാൽ, ചോദിച്ചറിഞ്ഞ്, പരിചയം കുറഞ്ഞൊരു സ്ഥലത്തേക്ക് ബസിൽ കയറി പോയിവരാൻ പറഞ്ഞാൽ അവൻ പരുങ്ങും. സ്വന്തം വീട്ടിലെ അടുക്കളയിൽ പോയി ഒരു ഗ്ലാസ് വെള്ളമെടുത്തുകൊണ്ടുവരാൻ പറഞ്ഞാൽ അവൻ വലയും.

ഇത്തരം കുഞ്ഞുങ്ങളുടെ ചിന്ത, ഒരുപക്ഷേ, ദാ! ഇങ്ങനെ: അടുത്ത ജന്മം ബാലരമ ചിത്രകഥയിലെ രാജുവും രാധയുമായി ജനിക്കണം എന്നതാണ്. ഒരിക്കലും വളരാതെ എല്ലായ്പ്പോഴും മായാവിയാൽ സംരക്ഷിക്കപ്പെട്ട്, അല്ലലറിയാതെ, ഉത്തരവാദിത്വങ്ങൾ ഇല്ലാതെ അങ്ങനെ ജീവിക്കണം. ഇവിടങ്ങളിലാണ് യഥാർത്ഥ വിദ്യാഭ്യാസത്തിന്റെ ധർമ്മം ഉണരേണ്ടത്.

ദൈവവിശ്വാസം, ചുറ്റുപാടുകളോട് പ്രതികരിക്കൽ, മനസാന്നിധ്യം, പതറാത്ത തീരുമാനം, നല്ല ബോധ്യങ്ങൾ, മൂല്യങ്ങളെ മുറുകെ പിടിക്കൽ.... ഇതൊക്കെ പരിശീലിപ്പിക്കാൻ അധ്യാപകരും മാതാപിതാക്കളും മത്സരിക്കണം.

വാഹനമോടിക്കുന്നവർക്ക് ഡ്രൈവിംഗ് ലൈസൻസ് വേണം. നേരെ, ആരുമില്ലാത്ത റോഡിൽ വാഹനമോടിച്ച് കാണിച്ചാൽ ലൈസൻസ് കിട്ടില്ല. അതിന് 'H' എടുക്കണം. നേരെയും വളച്ചും പിന്നിലേക്കും വാഹനം ഓടിച്ചു കാണിക്കണം. ക്ലാസ് മുറിയിലെ വിദ്യാർത്ഥികളെ ജീവിതയാത്രയ്ക്ക് വിടും മുമ്പ്, 'H' എടുക്കാൻ അധ്യാപകർ പരിശീലിപ്പിക്കണം. ജീവിത്തിൽ ചിലപ്പോഴൊക്കെ റിവേഴ്സ് ഗിയർ ഉപയോഗിക്കേണ്ടിവരുമെന്നും, അത് ഉപകാരമേ ചെയ്യുവെന്നും പരിശീലിപ്പിക്കണം. ഒപ്പം, എതിരേ വാഹനങ്ങൾ വരാമെന്നും, വഴിയിൽ ഗട്ടറുകൾക്ക് സാധ്യതയുണ്ടെന്നും പഠിപ്പിക്കണം. ചില നേരങ്ങളിൽ ടയർ പഞ്ചറായേക്കാമെന്നും സ്റ്റെപ്പിനി കരുതണമെന്നും ഓർമ്മിപ്പിക്കണം.

ക്ലാസ് മുറികളിലെ വിദ്യാഭ്യാസത്തിലൂടെ കൃത്യമായി പരിശീലിപ്പിക്കാതെ ഡ്രൈവിംഗ് ലൈസൻസ് നൽകി വിദ്യാർത്ഥികളെ പൊതുനിരത്തിലേക്ക് ഇറക്കേണ്ടി വന്നാൽ... ഒരു നാൾ ആ വാഹനങ്ങൾ നിന്നെയും തട്ടിത്തെറിപ്പിക്കും. ആകയാൽ, മകനേ, മനസ്സുവച്ചാൽ നിനക്ക് ജ്ഞാനിയാകാം.

### 8. ചർച്ച

നാം ശ്രവിച്ച ദൈവവചനത്തിന്റെയും വചന വിചിന്തനത്തിന്റേയും പശ്ചാത്തലത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ ചർച്ച ചെയ്യാം.

1. ഇന്നത്തെ ഒട്ടുമിക്ക കുടുംബങ്ങളിലും മക്കളില്ല, വിദ്യാർത്ഥികളാണുള്ളത്. അത് എത്രത്തോളം വാസ്തവമാണ്. നമുക്കെന്തൊക്കെ ചെയ്യാനാകും?

2. ലഹരി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികളെ കണ്ടെത്തി അവരെ മോചിപ്പിക്കാനാവശ്യമായ നടപടികൾ എന്തൊക്കെയാണെന്ന് ചർച്ച ചെയ്യാം.

3. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ആവശ്യമായ ദിശാബോധം നൽകാൻ നമുക്കാകുന്നുണ്ടോ?

4. ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തെക്കുറിച്ചുള്ള ഒരു സെമിനാർ സംഘടിപ്പിക്കുക.

### 9. റിപ്പോർട്ട്. 10. ഹാജർ

### 11. ചർച്ച

### 12. വിശ്വാസികളുടെ പ്രാർത്ഥന

### 13. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ

### 14. സമാപനഗാനം

### 15. സ്നേഹവിരുന്ന്. 16. നന്ദി

*തയ്യാറാക്കിയത് :*

**ഫാ. വിക്ടർ എവരിസ്റ്റസ്**

# ഇളംതൂവൽ





## കൊച്ചുകൂട്ടുകാരേ,

ഒരിക്കൽ മതബോധന ക്ലാസിലെ കുട്ടികളോട് അവർക്ക് ഇഷ്ടപ്പെടാത്ത അവരുടെ ഒരു സ്വഭാവം രേഖപ്പെടുത്താൻ ആവശ്യപ്പെട്ടു. പലകുട്ടികൾ പല ഉത്തരങ്ങൾ എഴുതി എങ്കിലും ഒരു കുട്ടി എഴുതിയത് ഇപ്രകാരമായിരുന്നു. "എനിക്ക് പെട്ടെന്ന് ദേഷ്യം വരും. ദേഷ്യം വന്നാൽ പൊട്ടിത്തെറിക്കുകയും സാധനങ്ങൾ വലിച്ചെറിഞ്ഞ് നശിപ്പിക്കുകയും ചെയ്യും."

പല കൂട്ടുകാരിലും കണ്ടുവരുന്ന ഒരു ദുഃശീലമാണ് പെട്ടെന്ന് കോപിക്കുക എന്നത്. അല്പം ആലോചനയ്ക്കോ, കോപമടക്കാനുള്ള ദൈവകൃപയ്ക്കായി പ്രാർത്ഥിക്കാനോ അവർ മെനക്കെടാറില്ല. ഒരാൾ മറ്റൊരാൾക്ക് ഇഷ്ടമില്ലാത്ത എന്തെങ്കിലും പറയുകയോ പ്രവർത്തിക്കുകയോ ചെയ്യുമ്പോഴാണ് കോപത്തിന്റെ സാഹചര്യം ഉടലെടുക്കുന്നത്. പെട്ടെന്ന് വികാരഭരിതരാവുകയും, ക്ഷമ നഷ്ടപ്പെടുകയും ചെയ്യുമ്പോൾ അവൻ കോപത്തിന് അടിമപ്പെടും. അതുകൊണ്ട് തന്നെ കോപത്താൽ അരോചകമായി പെരുമാറുന്ന വ്യക്തിയുമായി പൊരുത്തപ്പെട്ടുപോകാനും ബുദ്ധിമുട്ടായിരിക്കും. നിങ്ങളുടെ ആശയത്തിലേക്ക് ഒരാളെ കൂട്ടിക്കൊണ്ടുവരണമെങ്കിൽ അയാൾ നിങ്ങളുടെ സുഹൃത്താണ് എന്ന് ബോധ്യപ്പെടുത്തേണ്ടിവരും. നിങ്ങളുടെ വികാരങ്ങൾ മറ്റുള്ളവർക്ക് അരോചകമാകുന്നത് തടയാൻ പല വഴികളുണ്ട്. നിങ്ങളുടെ ദിവസങ്ങൾ പ്രാർത്ഥനയിലൂടെ ആരംഭിക്കുക, അത് നിങ്ങളെ കൂടുതൽ ക്ഷമാശീലനാക്കും. ജീവിതസമ്മർദ്ദം എങ്ങനെ കുറയ്ക്കാൻ കഴിയും എന്ന് ചിന്തിക്കുക. നിങ്ങൾക്ക് ഉണ്ടാകുന്ന കോപം ആരോഗ്യകരമായ രീതിയിൽ പ്രകടിപ്പിക്കാൻ ക്രിയാത്മകമായ ആശയവിനിമയത്തിലൂടെ സാധിക്കും. ഏറ്റവും പ്രധാനം മറക്കാനും പൊറുക്കാനും പഠിക്കുക എന്നതാണ്.

മറ്റുള്ളവർ നിങ്ങൾ ഉദ്ദേശിക്കുന്നതുപോലെ പെരുമാറുന്നില്ലെങ്കിൽ പെട്ടെന്ന് തലപുകയ്ക്കരുത്. കടുത്ത ഭാഷകൾ പ്രയോഗിക്കുന്നതും ദോഷമാണ്. എന്തുകൊണ്ടാണ് അയാൾ ഇങ്ങനെയൊക്കെ പെരുമാറുന്നതെന്ന് മനസ്സിലാക്കാൻ ശ്രമിക്കുക. അയാളുടെ ഭാഗത്തുനിന്ന് ചിന്തിക്കുക. അപ്പോൾ മനസ്സിലാകും എന്തുകൊണ്ടാണ് അയാൾ അങ്ങനെ പെരുമാറിയതെന്ന്. നേതൃത്വഗുണമുള്ള ഒരു വ്യക്തിയായി നിങ്ങൾക്ക് മാറണമെങ്കിൽ കോപത്തിന്റെ പിടിയിൽ നിന്ന് വിട്ടുനിൽക്കാൻ ശ്രമിക്കുക. കോപത്തെ നിയന്ത്രിക്കുക, നാവിനെ സൂക്ഷിക്കുക. "എറിഞ്ഞ കല്ലും പറഞ്ഞ വാക്കും തിരിച്ചെടുക്കാനാകില്ല എന്ന് ഓർമ്മയായിരിക്കട്ടെ." നിങ്ങളുടെ നെറ്റിയിൽ ചുളിവുകൾ വീഴാതെ പുഞ്ചിരിക്കാനുള്ള കഴിവും, സൗഹൃദപരമായ മനോഭാവവും രൂപപ്പെടുത്താൻ ശ്രമിക്കുക. ക്ഷമിക്കുന്ന സ്നേഹമാണ് ദൈവത്തിന്റെ ദാനം എന്ന് മനസ്സിലാക്കി പ്രാർത്ഥനാ ചൈതന്യത്തിൽ ജീവിക്കൂ... നിങ്ങളുടെ ജീവിതം കൂടുതൽ ശോഭനമാകും.

- സിസ്റ്റർ മിനി ജോസഫ് എഫ്.എം.എം.

# കണ്ണാടി അച്ചൻ

അനിഷ്മ തോമസ്




"വിശ്വാസത്തോടെ പ്രാർത്ഥിക്കുന്നതെല്ലാം നിങ്ങൾക്ക് ലഭിക്കും." (മത്താ. 21-22)



**ദിവ്യബലിയോടെ തുടക്കം....** *തിരുവനന്തപുരം അതിരൂപത കെസിഎസ്എൽ ന്റെ ഈ വർഷത്തെ സമ്മർ ക്യാമ്പ് നവ വൈദികരായ വിഷാൽ, ഇമ്മാനുവൽ, ഡാനിയേൽ, ഷിജിൻ എന്നിവർ ദിവ്യബലി അർപ്പിച്ച് ഉദ്ഘാടനം ചെയ്യുന്നു. കെസിഎസ്എൽ ഡയറക്ടർ ഫാ. രജീഷ് ബാവും ദിവ്യബലിയിൽ സഹകാർമികനായിരുന്നു.*

ജെ.സി



# ഹർമൻ സിംഗിന്റെ പോരാട്ടകഥ

**സംസ്ഥാന, ദേശീയ പാതകളുടെ 500 മീറ്റർ പരിധിയിൽ മദ്യവിൽപ്പനശാലപാടില്ലെന്ന് സുപ്രീംകോടതി ഉത്തരവിടുന്നതുവരെ പോരാടിയ ഒരു മനുഷ്യന്റെ കഥ**

മദ്യത്തിനെതിരെ പ്രചാരണം നടത്തുന്നവർക്ക് ആവേശമാണ് ചണ്ഡിഗഡ് സ്വദേശി ഹർമൻ സിംഗ് സിദ്ധുവിന്റെ പോരാട്ടകഥ. അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള അറൈവ്സേഫ് എന്ന സന്നദ്ധസംഘടനയാണ് ദേശീയപാതയോരത്തെ മദ്യശാലകൾ മാറ്റണമെന്ന് ആവശ്യപ്പെട്ട് ആദ്യമായി കോടതിയെ സമീപിച്ചത്. കഴുത്തിന് താഴെ ശരീരം തളർന്ന് പതിറ്റാണ്ടുകളായി വീൽചെയറിൽ കഴിയുകയാണ് ഹർമൻസിംഗ്. അദ്ദേഹത്തിന്റെ വർഷങ്ങൾ നീണ്ട നിയമപോരാട്ടം ഒടുവിൽ സുപ്രീം കോടതിയിലൂടെ സാക്ഷാൽക്കരിക്കപ്പെട്ടു.

1996 ഒക്ടോബറിലാണ് ഹർമൻസിംഗ് സിദ്ധുവിന്റെ ജീവിതം മാറ്റിമറിച്ച കാറപകടം നടന്നത്. മൂന്നുസുഹൃത്തുക്കളോടൊപ്പം ഹിമാചൽപ്രദേശത്തിലേക്ക് വിനോദയാത്ര പോവുകയായിരുന്നു. വാഹനമോടിച്ചുകൊണ്ടിരുന്ന സുഹൃത്തിന് വണ്ടിയുടെ നിയന്ത്രണം നഷ്ടമായി ഒരു മലയിൽവച്ച് വാഹനം കൊക്കയിലേക്ക് മറിഞ്ഞു. കൂട്ടുകാരൊക്കെ രക്ഷപ്പെട്ടു. ഹർമൻസിംഗ്സിദ്ധുവിന് നട്ടെല്ലിനേറ്റ ഗുരുതരപരുക്കിനെ തുടർന്ന് കഴുത്തിന് താഴെയുള്ള ഭാഗം തളർന്നുപോയി. രണ്ടുവർഷം നീണ്ടുനിന്ന ചികിത്സയ്ക്കിടയിൽ റോഡപകടങ്ങളുടെ രീതിയെക്കുറിച്ച് പഠിക്കാൻ തുടങ്ങി. ആശുപത്രിയിൽ ഗുരുതരപരിക്കേറ്റ് എത്തുന്ന രോഗികളുടെയും അതിനിടയാക്കുന്ന അപകടങ്ങളുടെയും വിവരങ്ങൾ ആശുപത്രി ജീവനക്കാർ ശേഖരിച്ചുനൽകി. ഓരോ നാല് മിനിട്ടിലും ഓരോ ഇന്ത്യക്കാരൻവീതം കൊല്ലപ്പെടുന്നു. ലോകത്തിലെ ഏറ്റവും ഉയർന്ന അപകടനിരക്കാണിത്. ഇതിൽ നല്ലൊരുശതമാനം പേരും മദ്യപിച്ച് വാഹനം ഓടിക്കുന്നതാണെന്നും വ്യക്തമാക്കപ്പെട്ടു.

അന്നുമുതൽ ഹർമൻ റോഡപകടങ്ങൾക്കെതിരെയും മദ്യപിച്ച് വാഹനം ഓടിക്കുന്നതിനെതിരെയും ശക്തമായ മുന്നേറ്റം ആരംഭിച്ചു. പോലീസ് ഉദ്യോഗസ്ഥരും രാഷ്ട്രീയരംഗത്തെ പ്രമുഖരും വിവിധ സന്നദ്ധസംഘടനകളും സഹായത്തിന് ഒപ്പം വന്നു. ഒരു പ്രമുഖ പോലീസ് ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഒരു വെബ്സൈറ്റ് തുടങ്ങി. ചുരുങ്ങിയ നാളുകൾക്കുള്ളിൽ അത് ജനങ്ങൾ ഏറ്റെടുത്തു. റോഡ് സുരക്ഷയ്ക്കായി ലോകരോഗ്യസംഘടനയും ഐക്യരാഷ്ട്രസഭയുമായി ചേർന്ന് പ്രവർത്തിക്കാൻ സാധിച്ചു. മദ്യവില്പനശാലകൾക്കെതിരെ പ്രചാരണത്തിന് വേണ്ടി ചെറുപ്പക്കാരെ സംഘടിപ്പിച്ച് ശക്തമായ ബോധവൽക്കരണം പ്രവർത്തനം തുടങ്ങി. അധികം വൈകാതെ 'അറൈവ് സേഫ്' എന്ന പേരിൽ റോഡ് സുരക്ഷയ്ക്കായി ഒരു സന്നദ്ധസംഘടനയ്ക്കും രൂപം നൽകി. പഞ്ചാബ്, ഹരിയാന സംസ്ഥാനങ്ങളിലെ ദേശീയ സംസ്ഥാന പാതകളിലെ മദ്യശാലകൾ നിരോധിക്കണമെന്ന് ആവശ്യപ്പെട്ട് 2012 ൽ പൊതുതാല്പര്യഹർജി സമർപ്പിച്ചു. ദേശീയസംസ്ഥാനപാതകളിൽ മദ്യശാലകൾ അടച്ചുപൂട്ടണമെന്ന് 2014 ൽ ചണ്ഡിഗഡ് ഹൈക്കോടി ഉത്തരവിട്ടു. ഒരാഴ്ച കഴിയുംമുൻപേ സംസ്ഥാനപാതകളിൽ മദ്യവിൽപ്പനശാലകൾ തുറന്നുപ്രവർത്തിക്കണമെന്ന ഹർജിയുമായി സർക്കാരുകൾ സുപ്രീംകോടതിയെ സമീപിച്ചു. അവരുടെ നിയമപോരാട്ടത്തിനിടയിൽ സംസ്ഥാന പാതകളെ ഈ ഉത്തരവിൽ നിന്ന് ഒഴിവാക്കിയെടുക്കാനായി. എന്നാൽ ഹർമ്മൻ അടങ്ങിയിരുന്നില്ല. സുപ്രീംകോടതിയിൽ നിന്ന് സംസ്ഥാന ദേശീയ പാതകളുടെ 500 മീറ്റർ പരിധിയിൽ മദ്യവിൽപ്പനശാല പാടില്ലെന്ന് സുപ്രീം കോടതി ഉത്തരവിടുന്നതുവരെ പോരാട്ടം തുടർന്നു. നിശ്ചയദാർഢ്യത്തോടെയുള്ള പോരാട്ടങ്ങൾ വിജയം കൈവരിക്കുമെന്ന് ഈ സംഭവം വ്യക്തമാക്കുന്നു.

# Jubilee Memorial Hospital

**Latin Archdiocese of Trivandrum**

*Little Flower College of Nursing*




**College Code - JBN.**

CARDIAC CATHLAB



ANGIOGRAM, ANGIOPLASTY




- Departments : General Medicine, General Surgery, Gynec, Pediatric, Eye, Ent, Dental, Skin, Ortho, Plastic & Cosmetic Surgery, Neurology, Neuro Surgery, Cardiology, Urology, Gastroenterology, Oncology, Psychiatry, Psychotherapy, Dialysis, Physiotherapy, Orthopaedic, Obstetric & Gynacology, Ophthalmology, Dermatology, Chest Medicine, Dentistry, Anaesthesiology, Minimally Invasive Surgery, Bariatric Surgery
- Supportive Services : 24 Hours Casuality, Pharmacy, Lab, CT Scan, ICU, Well Equipped OT, ECG & X-Ray, Mortuary, Ambulance(Mobile ICU), Echo, TMT, Ultra Sound Scan, Clinical Laboratory, Operation Theatre Complex, Cathlab, ESWL, Holter Facility
- Jubilee's Pride: Arthoscopy & Joint Replacement, Radio Frequency Ablation for Varicose Vein, Reconstructive Cancer Surgery and World Class ENT Facility

Mead's Lane, Palayam, Thiruvananthapuram - 695 034, Tel: 0471 - 3080300, 2334561, 6452020, Fax: 0471- 2330925
E-mail: jubileehospital@hotmail.com, www.jubileehospital.org

Pub. Date : 01.05.2017
RNI Registered NO. 36056/81 REG NO. KL/TV(S)266/2015-2017. WPP NO. KL/TV(S)WPP/171/2015-17 JEEVANUM VELICHAVUM Rs. 25.00




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Sterling Print House 9847900555, for Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor: Fr. Melkon.